വില ₹ 30/-

# ജീവനും വെളിച്ചവും

നവംബർ 2023




CELEBRATING 25th ANNIVERSARY OF PRIESTHOOD

## പ്രസാദാത്മക അജപാലനശൈലിയുടെ കാൽ നൂറ്റാണ്ട്


വിശുദ്ധ ഫ്രാൻസിസ്
സേവ്യർ ദൈവാലയം
പള്ളം
തിരുവനന്തപുരം
ലത്തീൻ അതിരൂപത
പൗരോഹിത്യ ജൂബിലി
ആഘോഷിക്കുന്ന
ക്രിസ്തുദാസ്
പിതാവിന്
ആശംസകൾ
ST.FRANCIS XAVIER CHURCH
PALLOM
തിരുന്നാൾ
മഹോത്സവം
2023 നവംബർ 24 മുതൽ
ഡിസംബർ 3 വരെ
- ഏവർക്കും സ്വാഗതം -



LITTLE FLOWER ENTERPRISES
LiFE
The Complete Sports Solutions...
Manufacturer &
Suppliers of all Sports needs
Since 2018
ANSALAM BENEDICT MA, NIS Dip.
Senior Coach, Sports Authority of India (Rtd.)
KEDARAM NAGAR, PATTOM PALACE P.O.
THIRUVANANTHAPURAM - 695 004
Ph. 93882 92900, 90379 90737
Email: lifesports2018@yahoo.com
Reg. No. 4666/2018


OUR LADY OF FATHIMA CHURCH
ADIMALATHURA
പൗരോഹിത്യ രജത ജൂബിലി
നിറവിലായിരിക്കുന്ന അഭിവന്ദ്യ
ക്രിസ്തുദാസ് പിതാവിന്
അടിമലത്തുറ ഇടവകയുടെ
പ്രാർത്ഥന
ആശംസകൾ

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2023 നവംബർ
പുസ്തകം - 47 ലക്കം - 11
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുമേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
ഫാ. വിജിൽ ജോർജ്ജ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്‌മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ–ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.

*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം

# പ്രസാദാത്മകമായ കാൽനൂറ്റാണ്ട്

നവംബർ 25ന് പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയും ജന്മദിനവും ആഘോഷിക്കുന്ന അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന് സമർപ്പിക്കുകയാണ് ഈ പ്രത്യേക ലക്കം. മനസ്സ് തകർന്ന് എത്തുന്ന മനുഷ്യരുടെ പ്രശ്നങ്ങളെ അനുകമ്പയോടെ ശ്രവിക്കുകയും ആർദ്രതയോടെ മറുപടി നൽകുകയും മനസ്സുനിറക്കുന്ന പുഞ്ചിരിയോടെ മടക്കി അയക്കുകയും ചെയ്യുന്ന അജപാലിനശൈലി ക്രിസ്തുദാസ് പിതാവിന്റെ വലിയ കരുത്താണ്. ജീവിതത്തിലും വാക്കിലും ഉള്ള ലാളിത്യവും പ്രസാദാത്മകതയും പാവപ്പെട്ടവരോടും ദുർബലരോടുമുള്ള പിതാവിന്റെ പ്രത്യേക പരിഗണനയ്ക്ക് തടസ്സമാകാറില്ല. യുവജനങ്ങളോടും പ്രവാസികളോടുമുള്ള പിതാവിന്റെ പ്രത്യേക കരുതൽ അജപാലന ദൗത്യത്തിന് പുതിയ ദിശാബോധം പകരുന്നു. നീരോടി സെന്റ് നിക്കോളാസ് പള്ളിയിൽ നിന്ന് ആരംഭിച്ച പിതാവിന്റെ അജപാലന ദൗത്യം കാൽനൂറ്റാണ്ടിന്റെ കരുത്തുമായി മുന്നോട്ട്.

# വിശുദ്ധ നാടുകൾ അശാന്തമാകുമ്പോൾ



അതോടൊപ്പം അബ്രഹാമിക പിന്തുടർച്ചയുള്ള മൂന്ന് മതവിഭാഗങ്ങൾ പവിത്രമായി കരുതുന്ന വിശുദ്ധ നാടുകളിലെ ചോരക്കറകളും വെടിയൊച്ചകളും ഇനിയും അവസാനിക്കുന്നില്ല. സഹസ്രാബ്ദങ്ങൾ നീളുന്ന ചരിത്രത്തിന്റെ മുറിപ്പാടുകൾ ഈ നൂറ്റാണ്ടിലും കുഞ്ഞുങ്ങളും സ്ത്രീകളും ഉൾപ്പെടെയുള്ള അനേകരെ ഇല്ലായ്മ ചെയ്യുന്നുവെന്നത് നടുക്കുന്നു. രാഷ്ട്രീയവും മതപരവും വംശീയവുമായ ഘടകങ്ങളും മധ്യപൂർവദേശത്തെ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

ഒരു ജനതയെ ഞെരുക്കിയും ഇല്ലായ്മ ചെയ്തും അടിസ്ഥാന അവകാശങ്ങൾ പോലും ഹനിച്ചും ഇങ്ങനെ ഇഞ്ചിഞ്ചായി നശിപ്പിച്ച് ആർക്കും നിലനിൽക്കാൻ ആകില്ല എന്ന് ഓർമിപ്പിച്ചുകൊണ്ട് കണ്ണുനീർ കടലിൽ ആയിരിക്കുന്ന ജനതയോടൊപ്പം ചേർന്നുനിൽക്കുന്നു.

**- പത്രാധിപർ**

*ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്.*
1 കോറിന്തോസ് 14 : 33


INSTITUTE OF CHARITY
ROSMINIANS
LEGIS PLENITUDO CARITAS
പൗരോഹിത്യത്തിന്റെ രജത ജൂബിലി
ആഘോഷിക്കുന്ന അഭിവന്ദ്യ
ക്രിസ്തുദാസ് പിതാവിന്
ഒരായിരം മംഗളാശംസകൾ
In this special occasion, we Rosminians are glad to have your spiritual accompaniment in our province, as well as in our family of Institute of Charity.
To Know more about us:
The Vocation Director
Ph. +91 90749 52089, vocationdirectorrosminians@gmail.com
Visit us:
www.rosminipublications.com, www.instituteofcharity.com


ST. ANTONY'S VISITATION PUBLIC SCHOOL
Kochuthope, Trivandrum
പൗരോഹിത്യത്തിന്റെ
രജതജൂബിലി ആഘോഷിക്കുന്ന
തിരുവനന്തപുരം ലത്തീൻ അതിരൂപത
സഹായ മെത്രാൻ അഭിവന്ദ്യ
ക്രിസ്തുദാസ് പിതാവിന്
ആശംസകൾ
25th

# താളുകളിൽ

**അജപാലനവഴിയിലെ വലിയ പിന്തുണ** 9
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ

**സമർപ്പിതജീവിതം: ആഴമേറിയ വിശ്വാസവും പക്വമായ സഭാത്മകതയും** 10
മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.

**പുഞ്ചിരിയുടെ നൈർമല്യവുമായി ഒരു ഇടയൻ** 14
ഫാ. ലെനിൻ ഫെർണാണ്ടസ്/ ഡോ. സീന ഫെലിക്സ്

**ക്രിസ്തുദാസ് പിതാവിനെ അടയാളപ്പെടുത്തുമ്പോൾ** 20
ആന്റണി പുത്തൂർ

**ഒരു നാട്ടുകാരന്റെ മധുരസ്മരണകൾ** 28
ഫാ. എ.ആർ.ജോൺ

**പുണ്യങ്ങളെ പ്രണയിക്കുന്ന പിതാവ്** 34
ഫാ. ഡൈസൻ

**ക്രിസ്തുവാകുന്ന മഴയിൽ നനഞ്ഞവൻ** 38
ഫാ. ഇമ്മാനുവേൽ

**രജതജൂബിലി മംഗളങ്ങൾ** 43
ജോസ് കെ. മാണി

**ഇത്ര ചെറുതാകാനെത്ര വളരേണം !** 44
ഡോ. ഐറിസ്

**അനന്തപുരിയുടെ ക്രിസ്തുരാജൻ** 49
രതീഷ് ഭജനമഠം

**സിനഡാത്മകതയെ സംബന്ധിക്കുന്ന സിനഡ്: പൊതുവായ പ്രതീക്ഷ** 52
ഫാ. ലോറൻസ് കുലാസ്

**വാർത്തകൾ** 56

**നീർച്ചാൽ** 60

**വചനജ്വാല** 66

**നേർക്കാഴ്ച** 68
ജെ.സി.





# JUBILEE MEMORIAL HOSPITAL

(ISO – 2008 NABH Entry Level Accredited Hospital)
(A Health Ministry of Latin Archdiocese of Trivandrum)
Mead's Lane, Palayam, Thiruvananthapuram 695034
Phone: 0471- 4005300, 2334561, 2334562, 2334563, 2334564, 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org






Prayerful Wishes to

**Rt. Rev. Dr. Christudas R.**

on his Silver Jubilee

of Priesthood.

Management & Staff
JUBILEE MEMORIAL HOSPITAL

# അജപാലനവഴിയിലെ വലിയ പിന്തുണ



അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ശുശ്രൂഷാപട്ടം, നവംബർ 25-ാം തീയതി, സ്വീകരിച്ചിട്ട് കാൽ നൂറ്റാണ്ടു പൂർത്തിയാകുന്നു  എന്നത് അതിരൂപതയ്ക്കാകമാനം സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും മുഹൂർത്തമാണല്ലോ. അതിരൂപതയുടെ നേതൃരംഗത്ത് ഒരുമിച്ചു പ്രവർത്തിച്ചപ്പോഴെല്ലാം പിതാവ്  നൽകിയ വലിയ പിന്തുണയും സഹായവും അഭിപ്രായങ്ങളും എന്റെ അജപാലന ദൗത്യ നിർവഹണത്തിന് നൽകിയ ഊർജ്ജം ചെറുതല്ല. അജപാലന വഴിയിലെ ആ വലിയ പിന്തുണയെ ഇത്തരുണത്തിൽ ഞാൻ സ്നേഹപൂർവ്വം ഓർക്കുകയാണ്.

കഴിഞ്ഞ 25 വർഷമായി മാറ്റമില്ലാതെ തുടരുന്ന അഭിവന്ദ്യ പിതാവിന്റെ അജപാലന ശൈലി തന്നെയാണ് ഈ ജൂബിലി ആഘോഷത്തിലെ പ്രതത്യേകം പരാമർശിക്കേണ്ട കാര്യം എന്ന് വിശ്വസിക്കുന്നു. എല്ലാവരെയും ശ്രവിക്കുവാനും പരസ്പരകൂടിയാലോചനകളിലൂടെ മാത്രം തീരുമാനങ്ങൾ എടുക്കുവാനും ലളിതമായി ജീവിക്കുവാനും അതിലേറെ സന്തുഷ്ടിയോടെ വിശ്വാസികളുടെ കൂടെ ആയിരിക്കുവാനും പിതാവ് കാണിക്കുന്ന ആർജ്ജവം തന്റെ ആദ്യ ഇടവകയായ നീരോടി സെന്റ് നിക്കോളാസ് ദൈവാലയം മുതൽ സഹായ മെത്രാനായി ദൗത്യം നിർവഹിക്കുന്ന ഇന്നുവരെ തുടരുന്നു എന്നത് സമർപ്പിതർക്കും വിശ്വാസികൾക്കും എനിക്ക് തന്നെയും മാതൃകയാണ്. പിതാവിൻറെ വ്യക്തിത്വത്തിന്റെ തന്നെ ഭാഗമായ ഈ അജപാലന ശൈലി അതിരൂപതയിൽ ആകമാനം പുതിയ ചൈതന്യമായി നിറയട്ടെ എന്നാണ് പ്രാർത്ഥിക്കുന്നത്.

പിതാവിൻറെ ജൂബിലിയോട് അനുബന്ധിച്ച് അതിരൂപതയുടെ ശബ്ദമായ ജീവനും വെളിച്ചവും മാസിക പുറത്തിറക്കുന്ന പ്രത്യേക പതിപ്പിന് എല്ലാവിധ അനുഗ്രഹങ്ങളും ആശംസകളും.

**മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ**
തിരുവനന്തപുരം ആർച്ച് ബിഷപ്പ്



# സമർപ്പിത ജീവിതം: ആഴമേറിയ വിശ്വാസവും പക്വമായ സഭാത്മകതയും

**റൈറ്റ് റവ. ഡോ. സൂസപാക്യം എം.**
ബിഷപ്പ് എമരിസ്റ്റസ്, ലത്തീൻ അതിരൂപത

**അ**ഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് പുരോഹിതനായി അഭിഷിക്തനായിട്ട് 25 കൊല്ലം തികയുന്നു. പിതാവിനെ സ്നേഹിക്കുന്ന നാമെല്ലാവരും അദ്ദേഹത്തിനു രജത ജൂബിലിയുടെ മംഗളങ്ങൾ ആശംസിക്കുന്ന അവസരമാണിത്. മംഗളങ്ങൾ നേരുകയെന്നു പറയുമ്പോൾ പിതാവിന്റെ സവിശേഷതകളെയും സംഭാവനകളെയും നന്ദിപൂർവ്വം അനുസ്മരിക്കുകയും തുടർന്നും പിതാവിനു നല്ലതു വരട്ടെ എന്നു പ്രാർഥിക്കുകയും ആശംസിക്കുകയും ചെയ്യുകയാണല്ലോ. കഴിഞ്ഞ 25 കൊല്ലങ്ങളിലായി ദൈവാനുഗ്രഹങ്ങൾ നിറഞ്ഞു കവിഞ്ഞൊഴുകുന്ന ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. നിത്യപുരോഹിതനായ ക്രിസ്തുവിനെ അടുത്തറിയുവാനും ക്രിസ്തുവിന്റെ മാതൃക തന്നിൽ പ്രതിഫലിപ്പിച്ച് എല്ലാവർക്കും കാണിച്ചു കൊടുക്കുവാനും എല്ലാവരേയും ക്രിസ്തുവിലേയ്ക്കു ആനയിക്കുവാനുമുള്ള സംരംഭങ്ങളായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെയെല്ലാം ലക്ഷ്യം. തുടർന്നും അഭിവന്ദ്യ പിതാവിന്റെ ജീവിതം ദൈവാനുഗ്രഹങ്ങളാൽ സമ്പന്നമായിരിക്കട്ടെയെന്നു പ്രാർഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

മനുഷ്യരായ നാമെല്ലാം നിരവധി നിറവുകളും കുറവുകളും ഉള്ളവരാണ്. ജൂബിലി ആഘോഷംപോലുള്ള ഇത്തരം അവസരങ്ങളിൽ അർപിതരുടെ നിറവുകൾ എടുത്തു കാണിക്കുന്നത് പലവട്ടം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. കുറേ നാളുകൾക്കു മുൻപ് അർപിതർക്കുണ്ടായിരിക്കേണ്ട സവിശേഷതകളെക്കുറിച്ചു ഞാൻ ഒരു ലേഖനം വായിക്കുകയായിരുന്നു. അതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ചില സവിശേഷതകൾ ഇവയാണ്

സർവ്വോപരി വൈദീകനു ആഴമായ വിശ്വാസവും പക്വമായ സഭാത്മകതയും ഉണ്ടാകണം.

തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുവാനും എപ്പോഴും എവിടെയും സത്യം തുറന്നു പറയുവാനും വേണ്ട ധൈര്യം ഉണ്ടാകണം.:" അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിനു അവർക്കു വേണ്ടി ഞാൻ എന്നെ തന്നെ വിശുദ്ധീകരിക്കുന്നു"(യോ 14:19) എന്നാണല്ലോ അന്ത്യത്താഴ സമയത്ത് യേശു സഭയ്ക്കു വേണ്ടിയും ലോകം മുഴുവനുവേണ്ടിയും പ്രാർഥിച്ചത്.

ഹൃദയത്തിൽ സ്നേഹവും സംസാരത്തിൽ ഹൃദ്യതയും പെരുമാറ്റത്തിൽ ലാളിത്യവും സുതാര്യതയും ഉള്ളവനായിരിക്കണം ഒരു വൈദീകൻ.

അദ്ദേഹത്തിന്റെ വ്യക്തിബന്ധങ്ങളിൽ ആത്മാർഥതയും തുറവിയും നിറഞ്ഞു നിൽക്കണം.

ഉത്തരവാദിത്വങ്ങൾ അവ അർഹിക്കുന്ന ഗൗരവത്തോടെ ഏറ്റെടുക്കുന്നവനും കാര്യക്ഷമതയോടെ നിർവഹിക്കുന്നവനുമയിരിക്കണം ഒരു വൈദീകൻ.

ജന്മനാ ഉള്ളതും ആർജ്ജിച്ചെടുത്തതുമായ കഴിവുകളെക്കുറിച്ച് തികഞ്ഞ അവബോധം അദ്ദേഹത്തിനുണ്ടായിരിക്കണം.

തന്റെ പരിമിതികളിൽ അദ്ദേഹം വിനയാന്വിതനും മറ്റുള്ളവരിൽ നിന്നും നല്ല പാഠങ്ങൾ പഠിക്കാൻ സന്നദ്ധതയുള്ളവനുമായിരിക്കണം.

ഇങ്ങനെ പോകുന്നു ഒരു പുരോഹിതനുണ്ടായിരിക്കേണ്ട സവിശേഷതകളെക്കുറിച്ചുള്ള ആലേഖനം . ഇപ്രകാരം എല്ലാം തികഞ്ഞ ഒരു പുരോഹിതനെ എവിടെയെങ്കിലും കണ്ടെത്താനാകുമോ ? അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിനെ അടുത്തറിയുന്ന അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരുമാണ് നാം. നല്ലയിടയനായ യേശുവിന്റെ ഈ സവിശേഷതകളെല്ലാം ഒരു പരിധിവരെ ക്രിസ്തുദാസ് പിതാവിലും പ്രതിഫലിക്കുന്നതായി നാം കാണുന്നു.

എന്നാൽ ക്രിസ്തുദാസ് പിതാവിനോടു ചോദിച്ചാൽ അദ്ദേഹം നൽകുന്ന ഉത്തരം ഇതായിരിക്കും. അപ്പസ്തോലന്മാർ പോലും മേൽപ്പറഞ്ഞ സവിശേഷതകളെല്ലാം തങ്ങൾക്കുള്ളതായി അവകാശപ്പെട്ടിരുന്നില്ല. തന്നെ കുറിച്ചും ദൈവം തിരഞ്ഞെടുത്തവരെക്കുറിച്ചും വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നത് ഇതാണ്: 'ലൗകീക മാനദണ്ഡങ്ങൾ അനുസരിച്ചു ഞങ്ങളിൽ ബുദ്ധിമാന്മാർ അധികമില്ല. ശക്തരും കുലീനരും അധികമില്ല എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തിരഞ്ഞെടുത്തു. ശക്തന്മാരെ ലജ്ജിപ്പിക്കുവാൻ ലോകദൃഷ്ടിയിൽ അശക്തന്മാരായവരേയും .... ദൈവസന്നിധിയിൽ ആരും അഹങ്കരിക്കാതിരിക്കുന്നതിനാണ് അവിടുന്ന് ഇങ്ങനെ ചെയ്തത്' (1 കൊറി 1:26 29). കാരണം സ്വയം ശൂന്യനാക്കിക്കൊണ്ട് നിത്യപുരോഹിതനായ യേശുവുമായി ഒന്നു ചേരാതെ പൗരോഹിത്യ ശുശ്രൂഷ ഫലപ്രദമായ രീതിയിൽ നിർവഹിക്കുവാൻ ആർക്കും സാധ്യമല്ല.

ഇപ്പോൾ രജത ജൂബിലി ആഘോഷിക്കുന്ന ക്രിസ്തുദാസ് പിതാവും ഇതിനു ഒരു അപവാദമല്ല. എല്ലാ സഭാശുശ്രൂഷകരേയും പോലെ നിറവുകളും കുറവുകളുമുള്ള ഒരു മനുഷ്യനാണ് അദ്ദേഹം. കുറുകളെല്ലാം മനുഷ്യ സഹജമാണെങ്കിൽ നിറവുകളെല്ലാം ദൈവദാനങ്ങളാണ്. അഹങ്കാരവും സ്വാർഥതയും ആകുന്ന കുറവുകളെ നികത്താൻ പരിശ്രമിക്കുമ്പോൾ ഉണ്ടാകുന്ന സഹനത്തിലൂടെ കടന്നു പോകുവാൻ സന്നദ്ധതയുള്ളവർക്കു മാത്രമേ ദൈവീകദാനങ്ങളാകുന്ന നിറവുകളെ ഉൾക്കൊള്ളുവാനും പരിപോഷിപ്പിക്കുവാനും സാധിക്കുകയുള്ളൂ. എത്ര തന്നെ കുറവുകളുണ്ടായിരുന്നാലും ഒരു വൈദീകനെ ദൈവം ഏൽപ്പിക്കുന്ന ദൗത്യനിർവഹണത്തിനു ആവശ്യമായ നിറവുകൾ ദൈവം നല്കുക തന്നെ ചെയ്യും.പുരോഹിതൻ എത്രയേറെ ബലഹീനനും നിസാരനുമായാലും ഓരോ സാഹചര്യങ്ങൾക്കും അനുസൃതമായ ദൈവദാനങ്ങൾ അദ്ദേഹത്തിനു സംലബ്ധമാകുമെന്ന ഉറപ്പും ദൈവം തന്നെ അദ്ദേഹത്തെ എപ്പോഴും താങ്ങി നിർത്തി സംരക്ഷിക്കുമെന്ന വാഗ്ദാനവും പുരോഹിതനോടു എപ്പോഴും ഉണ്ട്. 'നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവൻ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും' (സങ്കീർ 91:12) അർപിതരുടെ മാത്രമല്ല ദൈവത്തിൽ ആശ്രയിക്കുന്ന എല്ലാവരുടേയും അനുഭവവും ഇത് തന്നെയാണ്.

ഈ അനുഭവത്തിന്റെ വസ്തുനിഷ്ഠവും ഹൃദയസ്പർശിയായ പ്രതിഫലനങ്ങളാണ് കഴിഞ്ഞ 25 കൊല്ലങ്ങളിലായി അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ വാക്കിലും പ്രവൃത്തിയിലും മാതൃകയിലുമൊക്കെ നാം കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. പുരോഹിതൻ എല്ലാവർക്കും എല്ലാം ആകേണ്ടവനാണല്ലോ. തിരുവനന്തപുരം അതിരൂപതയുടെ എല്ലാ രംഗങ്ങളിലും നിറഞ്ഞു നിൽക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. ശ്രുതിമധുരമായ ഗാനാലാപനത്തോടുകൂടെയുള്ള അദ്ദേഹത്തിന്റെ ബലിയർപ്പണവും ഹൃദയസ്പർശിയായ അദ്ദേഹത്തിന്റെ വചനപ്രഘോഷണവും ധാരാളം പേരെ ആകർഷിക്കുന്നുണ്ട്. അതിരൂപതയിലെ കായിക താരങ്ങളുടെ മുൻപന്തിയിലും അഭിവന്ദ്യ ക്രിസ്തുദാസ് പിതാവുണ്ട്. ആദ്ധ്യാത്മിക സാമൂഹിക വിദ്യാഭ്യാസ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ വിലയേറിയ സംഭാവനകളാണ് ഇതിനകം തന്നെ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് അതിരൂപതയ്ക്കു നൽകിയിട്ടുള്ളത്.

കഴിഞ്ഞ 25 കൊല്ലങ്ങളിലെ അഭിവന്ദ്യ പിതാവിന്റെ പ്രവർത്തനങ്ങളിലേയ്ക്കു തിരിഞ്ഞു നോക്കുമ്പോൾ വളരെയേറെ സന്തോഷത്തിന്റെയും ചാരിതാർഥ്യത്തിന്റെയും നന്ദിയുടേയും വികാരങ്ങളാണ് നമ്മുടെയെല്ലാം ഹൃദയങ്ങളിൽ വന്നുനിറയുന്നത്. ഏതെങ്കിലും വൻ കാര്യങ്ങൾ ചെയ്തതായി പിതാവ് ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. എന്നാൽ പലപ്പോഴും അദ്ദേഹം സൂചിപ്പിക്കുന്നതുപോലെ പിതാവിനോടൊപ്പം നാം എല്ലാവരും ഒന്നുചേർന്നപ്പോൾ ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു എന്നതാണ് ഈ രജത ജൂബിലിയുടെ ആനന്ദം.

ഇനിയും ചെയ്തുതീർക്കുവാനുള്ള ഒരുപിടി പദ്ധതികളുമായിട്ടാണ് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇവയെല്ലാം എപ്രകാരം എവിടെ പര്യവസാനിക്കും എന്നതിനെക്കുറിച്ചു പിതാവനു യാതൊരുവിധ ആകുലതയോ ഉത്കണ്ഠയോ ഇല്ല. കാരണം എപ്പോഴും നിത്യ പുരോഹിതനായ യേശുവിനോടൊപ്പമാണ് താൻ ചരിക്കുന്നത് എന്ന അവബോധവും അനുഭവവും അദ്ദേഹത്തിനു എപ്പോഴുമുണ്ട്.. ഗീതാഞ്ജലിയിൽ ടാഗോറിന്റെ ഈ പ്രാർഥനയാണ് പിതാവിന്റെ ഹൃദയത്തിലും സദാ നിറഞ്ഞു നിൽക്കുന്നത്:' ഒരു നിമിഷം അങ്ങയുടെ സന്നിധിയിൽ ആയിരിക്കുവാനുള്ള ആനുകൂല്യം എനിക്കു നല്കിയാലും. എന്നെ ഏൽപ്പിച്ചിരിക്കുന്ന കാര്യങ്ങളെല്ലാം സാവകാശം ഞാൻ തീർത്തു കൊള്ളാം. '

അതിരൂപതയിലെ ദൈവജനത്തോടൊപ്പം അഭിവന്ദ്യ പിതാവിനു പൗരോഹിത്യ രജത ജൂബിലിയുടെ എല്ലാ മംഗളങ്ങളും ആശംസിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹാശിസ്സുകൾ അദ്ദേഹത്തിൽ എന്നും നിറഞ്ഞു നിൽക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ●


പൗരോഹിത്യ സ്വീകരണത്തിന്റെ
രജത ജൂബിലി ആഘോഷിക്കുന്ന
അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്
പ്രാർത്ഥനാശംസകൾ നേരുന്നു.
ബ്രിജിറ്റൈൻ സിസ്റ്റേഴ്സ്
വെള്ളയമ്പലം
ST. BRIDGETS CONVENT
VELLAYAMBALAM, TRIVANDRUM - 695 003


CONGRATULATIONS &
PRAYERFUL WISHES
ON YOUR SILVER JUBILEE OF PRIESTHOOD
FDCC : CANOSSIAN DAUGHTERS OF CHARITY
OUR LADY OF DOLOURS CONVENT, POONTHURA
OUR LADY OF FATIMA CONVENT, THUMBA
ST. JOSEPH'S CANOSSIAN CONVENT, VETTUTHURA




# Young Dream Catchers Landed in Germany on 5th October

## Success Stories from CEEF

യൂറോപ്യൻ രാജ്യങ്ങളിലേക്ക്, പ്രത്യേകിച്ച് ജർമ്മനിയിലേക്ക് തങ്ങളുടെ കരിയർ കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള ഒരു സഹായ കേന്ദ്രമാണ് CEEF.

ജർമ്മൻ ഭാഷയിൽ പരിശീലനം നേടിയ +2 പാസായ 12 നഴ്സിംഗ് വിദ്യാർത്ഥികളുടെ ആദ്യ ബാച്ച് 2023 ഒക്ടോബറിൽ ജർമ്മനിയിൽ എത്തി അവരുടെ കോഴ്സ് സൗജന്യമായി ആരംഭിച്ചുകഴിഞ്ഞു. ഇവർക്ക് പ്രതിമാസം ഒരു ലക്ഷത്തിലധികം രൂപ സ്റ്റൈഫന്റായി ഹോസ്പിറ്റലിൽ നിന്ന് ലഭിച്ചു തുടങ്ങി.

അടുത്ത വർഷം നഴ്സിംഗ് സൗജന്യമായി പഠിക്കാൻ ജർമ്മൻ ഹോസ്പിറ്റൽ ഇതിനകം തിരഞ്ഞെടുത്ത 20 പ്ലസ് ടു വിദ്യാർത്ഥികളുടെ രണ്ടാം ബാച്ചുമുണ്ട്, അവർ ഇപ്പോൾ ജർമ്മൻ ഭാഷയ്ക്കായി തയ്യാറെടുക്കുന്നു.

കൂടാതെ, ഇന്ത്യൻ യോഗ്യതയുള്ള 27 ബിഎസ്സി / ജിഎൻഎം നഴ്സുമാർ ജർമ്മനിയിലെ ഗവൺമെന്റ് ഹോസ്പിറ്റൽ തിരഞ്ഞെടുക്കുകയും 13500 രൂപ പ്രതിമാസ സ്റ്റൈപ്പൻഡോടെ തിരുവനന്തപുരത്ത് CEEF ൽ സൗജന്യമായി ജർമ്മൻ ഭാഷ പഠിക്കുകയും ചെയ്യുന്നു.

CEEF | CHARISMA EUROPEAN EDUCATION FORUM

Palayam, Trivandrum | www.ceef.co.in | +91 79942 99960, +91 98958 58102



## അഭിമുഖം

ഫാ. ലെനിൻ ഫെർണാണ്ടസ്
ഡോ. സീന ഫെലിക്സ്

# പുഞ്ചിരിയുടെ നൈർമല്യവുമായി ഒരു ഇടയൻ

തിരുവനന്തപുരം അതിരൂപതാ മെത്രാസന മന്ദിരത്തിന്റെ വാതിൽക്കൽ പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി നിറവിൽ പുഞ്ചിരിതൂകി സൗമ്യനായി നിൽക്കുന്ന സഹായമെത്രാൻ ക്രിസ്തുദാസ് പിതാവ്:

1971 നവം. 25-ാം തീയതി രാജപ്പന്റെയും ആഞ്ജലീനയുടെയും മൂത്തമകനായി തീരദേശ ഗ്രാമമായ അടിമലത്തുറയിൽ ജനിച്ചു. സെന്റ് ഹെലൻസ് ലൂർദ്ദ്പുരം, ലിയോ തേർട്ടീന്ത് പുല്ലുവിള എന്നീ വിദ്യാലയങ്ങളിൽ അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കി. 1987 ൽ സെമിനാരിയിൽ ചേർന്നു. 1998 നവംബർ 25 ന് പൗരോഹിത്യ ജീവിതത്തിലേക്ക് പ്രവേശിച്ചു. സെന്റ് നിക്കോളാസ് ചർച്ച് നീരോടിയിൽ നിന്നാരംഭിച്ച പുരോഹിത ദൗത്യം ഇന്ന് തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി തുടരുന്നു. ഏഴു ഭാഷകൾ കൈകാര്യം ചെയ്യാനറിയാവുന്ന പിതാവ് റോമിലെ ഉർബാനിയാന യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കി. ഒരു സാധാരണ ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി കുടുംബ പശ്ചാത്തലത്തിൽ വളർന്ന, മറ്റുള്ളവരുടെ ജീവിത പ്രയാസങ്ങൾ മനസ്സിലാക്കുന്ന, കടലോരത്തിന്റെ ജീവിത സായാഹ്നങ്ങളിലൂടെ നടന്നുകയറിയ നമ്മുടെ സ്വന്തം കൊച്ചുപിതാവ്. ശാസ്ത്രീയമായി സംഗീതം പഠിച്ചിട്ടില്ലെങ്കിലും മനോഹരമായി ഗാനങ്ങൾ ആലപിക്കുന്ന മെത്രാൻ. വായനയും സംഗീതവും ഹൃദയത്തിലേറ്റി യുവജനങ്ങളുടെ ശാക്തീകരണം സ്വപ്നം കാണുന്ന ഒരു പിതാവ്. അദ്ദേഹം കടന്നുപോയ ആത്മീയ വഴികളിലേക്ക് പിതാവിനോടൊപ്പം നമുക്ക് തിരിഞ്ഞ് നടക്കാം.

**1. അങ്ങയുടെ പ്രവർത്തന ശൈലിയുടെ മുഖമുദ്ര എന്ന് ഞങ്ങൾക്ക് കാണാൻ കഴിയുന്നത് മറ്റുള്ളവരെ ശ്രവിക്കുക, സഹാനുഭൂതിയോടുകൂടിയുള്ള കാഴ്ചപ്പാട്, അകലം പാലിക്കാതെയുള്ള ഇടപെടൽ ഇവയൊക്കെയാണ്. ഇതിന് അങ്ങയുടെ ബാല്യകാലാനുഭവങ്ങൾ തുണയായിട്ടുണ്ടോ?**

ഒരു സാധാരാണ മത്സ്യത്തൊഴിലാളി കുടുംബത്തിലെ മൂത്തപുത്രനായിരുന്നതുകൊണ്ട് സ്വാഭാവികമായി പ്രായത്തിനേക്കാൾ പക്വത പാലിക്കേണ്ടിവന്നിട്ടുണ്ട്. ഇളയസഹോദരങ്ങളുടെ കാര്യങ്ങൾ നടത്തിക്കൊടുക്കുകയും അവരെ പരിപാലിക്കുകയും അതുവഴി ധാരാളം ജീവിതാനുഭവങ്ങളിൽ പങ്കാളിയാകാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. അപ്പന്റെയു അമ്മയുടെയും വിശ്വാസജീവിതവും ചിട്ടയും സ്നേഹവാത്സല്യങ്ങളും വിശ്വാസ ജീവിതത്തിൽ ആഴപ്പെട്ട് ജീവിക്കാൻ എനിക്ക് വളരെയധികം മാർഗദർശനമായിത്തീർന്നിട്ടുണ്ട്. വിശപ്പിന്റെ വിളിയറിഞ്ഞു വളർന്നതും,പഠിക്കാൻ പഴയ പാഠപുസ്തകങ്ങൾ തേടിപ്പോയ ഒരു തലമുറയുടെ പ്രതിനിധിയായതുകൊണ്ടും അത്തരത്തിൽ നേടിയ ജീവിതാനുഭവങ്ങളുടെ അഗ്നിസ്ഫുലിംഗങ്ങൾ ഈ രീതിയിലുള്ള ഒരു ജീവിതശൈലി എന്നിൽ രൂപപ്പെടുത്തിയതുമാകാം.

**2. അടിമലത്തുറയിൽ 'ഗാന്ധിസ്മാരകനിധി' നടത്തുന്ന സഹായക സംരംഭത്തിൽ ഭാഗഭാക്കാകാൻ ലഭിച്ച അവസരങ്ങൾ അങ്ങയുടെ നേതൃത്വപാടവത്തെ വളർത്താൻ സഹായകമായിട്ടുണ്ടോ?**

തീർച്ചയായിട്ടും വളരെ നല്ലൊരു കൈത്താങ്ങായിരുന്നു ഗാന്ധിസ്മാരക നിധിയുടെ വിദ്യാഭ്യാസ അനുബന്ധപ്രവർത്തനങ്ങൾ. വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് വിദ്യാഭ്യാസ വളർച്ചയ്ക്കും സ്വഭാവരൂപീകരണത്തിനും അവർ ചെയ്ത നല്ല കാര്യങ്ങൾ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. വായനാശീലം വളർന്നതൊക്കെ അതിന്റെ ഭാഗമാണ്. ഗാന്ധിയൻ ദർശനങ്ങളും എന്നെ സ്വാധീനിച്ചിട്ടുണ്ട്. നേതൃത്വത്തിന്റെ നല്ല കാഴ്ചപ്പാടുകൾ അവിടെനിന്നും ലഭിച്ചിരുന്നു എന്നാണ് മനസ്സിലാകുന്നത്. നിഷ്ഠയോടുകൂടിയുള്ള പഠനവും സമയക്രമീകരണവുമൊക്കെ ആ ജീവിതത്തിന്റെ ഭാഗമായിരുന്നു.

**3. കേരളത്തിലെ നമ്മുടെ രൂപതകളിൽ ഇത്രയും മനോഹരമായി ഗാനങ്ങൾ ആലപിക്കുന്ന ഒരു പിതാവിനെ വേറെ കാണാൻ കഴിയില്ല. നല്ല ചിന്തകൾ പങ്കുവയ്ക്കുന്ന, ഉയർച്ച താഴ്ചകളില്ലാതെ മറ്റുള്ളവരുമായി ഇടപെടുകയും പ്രശ്നസാധ്യതകളിൽ സൗമ്യമായ പുഞ്ചിരിയോടെ കൈകാര്യം ചെയ്യുകയും, തന്റേതായ തനിമയുടെ വ്യക്തിത്വം കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ക്രിസ്തുദാസ് പിതാവ് ദൈവം ഒരുക്കിയ പൂന്തോട്ടം പോലെ കാണപ്പെടുന്നു. ഈ നിറവുകളിൽ നിൽക്കുമ്പോഴും തന്റേതായ കുറവുകളായി തോന്നുന്ന കാര്യം പങ്കുവയ്ക്കാമോ?**

നിങ്ങൾ എന്നെ കാണുന്ന രീതി എനിക്ക് സന്തോഷം പകരുന്നു. ന്യൂനതകളില്ലാത്ത മനുഷ്യരില്ല. തീർച്ചയായിട്ടും കുറവുകൾ ധാരാളമുള്ള വ്യക്തിയാണ് ഞാനും. നല്ല പുരോഹിതനായി ഇടവ

> **"44-ാം വയസ്സിൽ സഹായമെത്രാൻ പദവി അപ്രതീക്ഷിതമായി ഒരു നിയോഗം പോലെ എന്നിൽ വന്നുചേർന്നു. ഒരു പുരോഹിതനായി ഇടവകയിൽ കഴിഞ്ഞുകൂടാനാണ് ഞാൻ ആഗ്രഹിച്ചത്. അതിൽ ഞാൻ സന്തുഷ്ടനായിരുന്നു. എന്റേതായ സ്വാതന്ത്ര്യത്തിൽ ജീവിക്കാൻ അപ്പോൾ സാധിച്ചു. എങ്കിലും ദൈവം നൽകിയ നിയോഗം ഏറ്റെടുക്കുമ്പോൾ എന്റെ പരിമിതകളെക്കുറിച്ച് എനിക്ക് ബോധ്യമുണ്ടായിരുന്നു. ഇത്രയും ഉത്തരവാദിത്തപ്പെട്ട പദവിയിലേക്ക് പെട്ടെന്ന് കടന്നുവരേണ്ടിവരുമെന്ന് പ്രതീക്ഷിച്ചില്ല.**





കയോടൊപ്പം ചേർന്നുനിന്ന് എന്നാൽ കഴിയുന്ന കാര്യങ്ങൾ ചെയ്യണമെന്നുമാത്രം ആഗ്രഹിച്ച പുരോഹിതനാണ്. എന്നെക്കുറിച്ചുള്ള പദ്ധതികൾ ദൈവത്തിന്റേതാണ്. ഉള്ളിൽ ഒരു ഭയം എപ്പോഴും ഉണ്ടായിരുന്നു. ഞാൻ ചെയ്യുന്ന കാര്യങ്ങൾ ശരിയാണോ എന്നൊരു ആകാംക്ഷ കൂടുതൽ ഉണ്ടായിരുന്നു. 'ഭയപ്പെടേണ്ട, നിന്നോടുകൂടെ ഞാനുണ്ട്' എന്ന വചനഭാഗമാണ് ഞാൻ ആപ്തവാക്യമായി സ്വീകരിച്ചിരുന്നത്. കാര്യങ്ങളെല്ലാം ദൈവത്തിന് മുന്നിൽ സമർപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ആളാണ് ഞാൻ. അതുപോലെ ആരെയും നിർബന്ധിച്ച് ഒരു കാര്യം ചെയ്യിക്കാൻ ഞാൻ മുതിരാറില്ല. മറ്റുള്ളവർക്ക് അതൊരു കുറവായി തോന്നാം. എപ്പോഴും സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ ഭാഷ ഉപയോഗിക്കാനാണ് ശ്രമിക്കുന്നത്. എല്ലാവരേയും ബഹുമാനത്തോടെ കാണാനും. ഈ സ്വഭാവം ഭരണകാര്യങ്ങളിൽ നഷ്ടം വരുത്തിയിട്ടുണ്ടോ എന്നുചോദിച്ചാൽ ഇല്ല എന്നു ഞാൻ പറയും. കാരണം ഈ സ്വഭാവം എനിക്കൊരു ബലമായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. ആദ്യമൊക്കെ എതിർക്കുന്നവരും പിന്നീട് സഹകരിക്കുന്നതായിട്ടാണ് വന്നുഭവിച്ചിട്ടുള്ളത്. മെത്രാൻ പദവിയിലും ഇങ്ങനെ തന്നെയാണ് ഇടപെടുന്നത്. എല്ലാ കാര്യത്തിലും ദൈവാശ്രയമാണ് ബലമായികാണുന്നത്.

**4. പിതാവിന് യുവവൈദികരോടുള്ള സമീപനം പ്രശംസനീയമാണ്. ഇടവകയിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ പിതൃവാത്സല്യത്തോടെ കേൾക്കുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. പക്ഷേ, അവരെ നിർബന്ധമായി തിരുത്താറുണ്ടോ? മാറിക്കൊണ്ടിരിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ യുവവൈദികർക്കുണ്ടായിരിക്കേണ്ട സത്ഗുണങ്ങളെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?**

പൗരോഹിത്യ ശുശ്രൂഷയിൽ നാം ആത്മീയതയ്ക്കാണ് ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത്. ആത്മീയതലത്തിൽ നിന്നുകൊണ്ടുവേണം സാമൂഹിക കാര്യങ്ങളിൽ ഇടപെടേണ്ടത്. എല്ലാവരിലും പൗരോഹിത്യത്തിന്റെ അനന്യത (പ്രീസ്റ്റ്ലി ഐഡന്റിറ്റി) സൂക്ഷിക്കുകയും സ്വന്തമായ ഒരു തനിമ ഉണ്ടായിരിക്കുകയും വേണം. എല്ലാവരേയും ബഹുമാനിക്കുകയും അവശ്യം വേണ്ടിടത്ത് ഒപ്പംനിന്ന് ചേർത്തുപിടിക്കുകയും ചെയ്യുന്ന സമീപനം അത്യന്താപേക്ഷിതമാണ്. നമ്മുടെ സമീപനമാണ് ഏറ്റവും പ്രധാനം. വാർത്താപ്രാധാന്യം നേടുന്നതിനേക്കാൾ മറ്റുള്ളവർക്ക് നാം അനുഗ്രഹമായി മാറണം. എങ്ങനെയെങ്കിലും പോയാൽ മതി എന്ന ചിന്ത ശരിയല്ല. ജനറേഷൻ ഏതായാലും സഭയോട് ചേർന്ന് ക്രിസ്തുവിനോട് ഐക്യപ്പെട്ട് ക്രിസ്തുശിഷ്യനായി തന്നെ പുരോഹിതർ ജീവിക്കണം. പൗരോഹിത്യത്തിൽ പഴമക്കാരും പുതുമക്കാരം ഇല്ല.

**5.2016 ൽ പൗരോഹിത്യത്തിന്റെ 18-ാം വർഷത്തിൽ ചെറിയ പ്രായത്തിൽ തന്നെ സഹായമെത്രാനായി സ്ഥാനമേൽക്കുമ്പോൾ സ്വാഭാവികമായി ഉണ്ടായ പ്രതിബന്ധങ്ങൾ എന്തൊക്കെയാണ്? ആ പദവിയെ എങ്ങനെ സ്വീകരിച്ചു?**

44-ാം വയസ്സിൽ സഹായമെത്രാൻ പദവി അപ്രതീക്ഷിതമായി ഒരു നിയോഗം പോലെ എന്നിൽ വന്നുചേർന്നു. ഒരു പുരോഹിതനായി ഇടവകയിൽ കഴിഞ്ഞുകൂടാനാണ് ഞാൻ ആഗ്രഹിച്ചത്. അതിൽ ഞാൻ സന്തുഷ്ടനായിരുന്നു. എന്റേതായ സ്വാതന്ത്ര്യത്തിൽ ജീവിക്കാൻ അപ്പോൾ സാധിച്ചു. എങ്കിലും ദൈവം നൽകിയ നിയോഗം ഏറ്റെടുക്കുമ്പോൾ എന്റെ പരിമിതികളെക്കുറിച്ച് എനിക്ക് ബോധ്യമുണ്ടായിരുന്നു. ഇത്രയും ഉത്തരവാദിത്തപ്പെട്ട പദവിയിലേക്ക് പെട്ടെന്ന് കടന്നുവരേണ്ടിവരുമെന്ന് പ്രതീക്ഷിച്ചില്ല. ആദ്യം ഒഴിഞ്ഞുമാറിയെങ്കിലും നിർബന്ധപൂർവം അതേറ്റെടുക്കേണ്ടി വന്നപ്പോൾ ദൈവാശ്രയത്തിൽ ഞാൻ മ


നസ്സിനെ പാകപ്പെടുത്തി മുന്നോട്ടുപോകാൻ തീരുമാനിച്ചു. സീനിയർ വൈദികരോടുള്ള ആദരവും സ്നേഹവും സൗഹൃദവും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും വേണം. എല്ലാവരിൽ നിന്നും നല്ല സഹകരണമാണ് ലഭിച്ചത്. ഈ പദവിയുടെ ഉത്തരവാദിത്തം പഴയ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി. പ്രത്യേകിച്ചും എന്റെ റെക്ടറായിരുന്ന അഭിവന്ദ്യസൂസപാക്യം പിതാവിനോടൊപ്പം സഹായമെത്രാനായി തുടരുക എന്ന ദൗത്യം എനിക്കൊരു വെല്ലുവിളി തന്നെയായിരുന്നു. വളരെ പരിചിതനായിരുന്ന പിതാവിനോടൊപ്പം അദ്ദേഹത്തിന്റെ തീരുമാനങ്ങൾക്കൊപ്പം ചേർന്നുനിന്ന് പ്രവർത്തിച്ചു.

**6. 12 വർഷത്തെ രൂപീകരണത്തിനു (ഫോർമേഷൻ) ശേഷമാണ് വൈദികാർത്ഥി പുരോഹിതനായി മാറുന്നത്. ഇത്രയും ദീർഘകാല രൂപീകരണത്തിന്റെ ആവശ്യമുണ്ടോ? ഇന്ന് ബൗദ്ധികനിലവാരം പുലർത്തുന്ന ഡിഗ്രി കഴിഞ്ഞും ഉന്നതവിദ്യാഭ്യാസം കഴിഞ്ഞും വരുന്ന അർത്ഥികൾക്ക് 12 വർഷക്കാലയളവ് കുറച്ചുകൂടെ? കാലത്തിനനുസരിച്ചുള്ള മാറ്റം അനിവാര്യമല്ലേ?**

പഴയകാലങ്ങളിൽ അടിയുറച്ച വിശ്വാസജീവിത പശ്ചാത്തലത്തിൽ നിന്നാണ് വൈദികാർഥികൾ സെമിനാരിയിലേക്ക് വരുന്നത്. ഇന്നതല്ല, കുടുംബപശ്ചാത്തലം മാറുന്നതിനനുസരിച്ച് വൈദികാർഥികളിലും മാറ്റം വന്നിട്ടുണ്ട്. അപ്പോൾ ബൗദ്ധിക നിലവാരം ഉണ്ടെങ്കിലും നല്ല ഒരു 'സെമിനാരിയൻ' ആകണമെങ്കിൽ ദൈവാനുഭവം അവർക്കുണ്ടാകണം. അതിന് രൂപീകരണം കൂടിയേ കഴിയൂ. അവരുടെ കഴിവുകളും ദൈവാനുഭവങ്ങളും ഒത്തുചേർന്നുള്ള ഫോർമേഷൻ അത്യാവശ്യമാണ്.

**7. തീരപ്രദേശ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട രൂപതയുടെ കലുഷിതമായ അന്തരീക്ഷം, യുവജനങ്ങളുടെ വിദേശ രാജ്യത്തിലേക്കുള്ള കുത്തൊഴുക്ക്, മതബോധനരംഗത്തെ വെല്ലുവിളികൾ. ഇങ്ങനെയുള്ള അന്തരീക്ഷത്തിൽ രൂപതയുടെ ഭാവി എങ്ങനെ നോക്കികാണുന്നു?**

നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ചിന്താവിഷയമായി മാറേണ്ട ഒന്നാണ് ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം. വിശ്വാസം ആഴപ്പെടുത്തുന്ന പ്രക്രിയകളിലേക്ക് വന്നേ മതിയാകൂ. കുടുംബപശ്ചാത്തലം കൂടി ഉൾക്കൊണ്ടുകൊണ്ട് ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം രൂപപ്പെടുത്തേണ്ടതുണ്ട്. കുടുംബത്തെ കേന്ദ്രീകരിച്ചുള്ള അജപാലനശുശ്രൂഷ ഒന്നുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികൾ കുറെയൊക്കെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെങ്കിലും ആൺകുട്ടികളുടെ കാര്യം അങ്ങനെയല്ല. ഉന്നതവിദ്യാഭ്യാസമേഖലയിൽ കാര്യമായ ശ്രദ്ധ കൊടുക്കേണ്ടിയിരിക്കുന്നു. അവസരങ്ങൾ കണ്ടെത്തി ഉപയോഗപ്രദമാക്കണം. സർക്കാർ സർവീസുകളിലും

VISWAPRAKASH CENTRAL SCHOOL
MANGATTUKADAVU THIRUMALA RD, MANGATTUKADAVU
THIRUVANANTHAPURAM, KERALA 695006

മറ്റ് ഇതര പ്രൊഫഷണൽ മേഖലകളിലും മത്സരപ്പരീക്ഷകളുടെ കടമ്പകൾ കടന്നുവരാൻ വേണ്ട പ്രാഗത്ഭ്യം ഉണ്ടാക്കിയെടുക്കുന്ന പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ വളരെ അനിവാര്യമാണ്. അതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. സാമൂഹിക വിഷയങ്ങളിൽ കരുതലോടെ ഇടപെടുകയും ഉത്തരവാദിത്വപ്പെട്ടവരുമായി നല്ല ബന്ധം സ്ഥാപിച്ചുകൊണ്ട് മുന്നോട്ടുപോകേണ്ടിയുമിരിക്കുന്നു. അനുഭവങ്ങൾ നൽകിയ പാഠം ഉൾക്കൊണ്ട് കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. പഠന തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് വിദേശങ്ങളിലേക്ക് യുവത പോകുന്നത് ഒരു ഗൗരവതരമായ വിഷയമാണ്. പോകുന്നവരെ തടസ്സപ്പെടുത്താനും കഴിയില്ല. ജീവിതമാർഗ്ഗം തേടിപോകുന്ന അവർക്കുവേണ്ടി സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും അവർ കുടിയേറി പാർക്കുന്ന ഇടങ്ങളിൽ വിശ്വാസം നിലനിർത്തുന്നതിനാവശ്യമായ മാർഗങ്ങൾ അവലംബിക്കുകയും ചെയ്യണമെന്ന് മനസ്സിലുണ്ട്. ഈ കാലഘട്ടത്തിനനുസരിച്ച് നാം മുന്നോട്ടുപോയേ മതിയാകൂ. ഇവരിലൂടെ സാമൂഹിക വളർച്ച നാം നേടിയിട്ടുണ്ട് എന്നതൊരു സത്യമാണ്. ടിഎസ്എസ്എസുമായി ബന്ധപ്പെട്ട് വിദേശത്തേക്കുപോകുന്ന യുവജനങ്ങളെ സഹായിക്കുന്നതിനായി കാര്യങ്ങൾ ചെയ്തുതുടങ്ങിയിട്ടുണ്ട്. പുതിയ തൊഴിലിടങ്ങൾ തേടുന്നതിനും പഠന സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലും നാം ബദ്ധശ്രദ്ധരാകണം. ഇനി ഫോക്കസ് ചെയ്യേണ്ട കാര്യങ്ങൾ ഇതൊക്കെയാണ്.

**8. അതിരൂപതയിൽ വൈദികരുടെ ഇടയിൽ ആശയപരമായ സമീപനത്തിൽ വളരെ വ്യത്യാസങ്ങൾ ഇന്ന് കാണുന്നുണ്ട്. അങ്ങനെ വർധിച്ചുവരുന്ന പ്രശ്നങ്ങൾക്കിടയിൽ ഒരു ഒത്തുവാസം നടത്തേണ്ടത് ആവശ്യമാണെന്ന് പറഞ്ഞാൽ അങ്ങ് എങ്ങനെ പ്രതികരിക്കുന്നു?**

പല വിഷയങ്ങളിലും വ്യത്യസ്തമായ അഭിപ്രായം എല്ലാ കാലഘട്ടങ്ങളിലും ഉണ്ടാകാറുണ്ട്. അത് സഭയുടെ വളർച്ചയെ പരിപോഷിപ്പിക്കുന്നുണ്ട്. വിമർശനങ്ങൾ ഉയർന്നുവന്നാൽ മാത്രമേ ശരിയായ ചിന്താഗതി രൂപപ്പെടുകയുള്ളൂ. എങ്കിൽപ്പോലും നമ്മുടെ രൂപതാ വൈദികരിൽ നിന്ന് നല്ല രീതിയിലുള്ള സഹകരണമാണ് ലഭിച്ചിട്ടുള്ളത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശതാബ്ദിയുമായി ബന്ധപ്പെട്ട് സാമൂഹികവും ആത്മീയവുമായ വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ട് വൈദികരുടെ ഒത്തുവാസം ആലോചിക്കാവുന്നതാണ്.

**9. അഭിവന്ദ്യസൂസപാക്യം പിതാവുമായുള്ള അങ്ങയുടെ വ്യക്തിബന്ധം എല്ലാവർക്കും അറിയാവുന്നതാണ്. ഈ ദൃഢതയുള്ള ബന്ധത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം?**

അദ്ദേഹം എനിക്കെന്നും പ്രിയപ്പെട്ട ആത്മീയ ഗുരുതന്നെയാണ്. കുട്ടിക്കാലത്തുതന്നെ പിതാവിനെ



കാണാൻ സാധിച്ചിട്ടുണ്ട്. സെമിനാരിയിൽ വന്നതിനുശേഷമാണ് കൂടുതൽ അറിയുന്നത്. സെമിനാരിയിൽ റെക്ടറായിരുന്ന അദ്ദേഹത്തിന് എന്നോട് പ്രത്യേക സ്നേഹം ഉണ്ടായിരുന്നുവെന്ന് കരുതാം. പഠിക്കുന്ന സഹാർത്ഥികളും ഇത് സൂചിപ്പിക്കാറുണ്ടായിരുന്നു. ഒരു പ്രത്യേക കരുതൽ ഉണ്ടായിരുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. മറ്റുള്ളവർ പറഞ്ഞു വളർത്തിവലുതാക്കിയ ഒരുബന്ധമാണിതെന്ന് പറയാം എനിക്ക് പതാവിനോട് പ്രത്യേക സനേഹവും ആദരവും സെമിനാരി നാൾ മുതൽ ഉണ്ടായിരുന്നു. പൗരോഹിത്യചടങ്ങിൽ പല കാര്യങ്ങക്കും അദ്ദേഹം മാതൃകയായിരുന്നു. സൂസപാക്യം പിതാവിൽ ഞാൻ ശ്രദ്ധിച്ച നല്ല ഗുണങ്ങൾ പറയാം. ആത്മീയതയിൽ ഉറച്ച ജീവിതം, എല്ലാവരോടും എളിമയോടും ലാളിത്യത്തോടുമുള്ള പെരുമാറ്റം, ദൈവവചനത്തോടുള്ള ആഭിമുഖ്യം; ലളിതമായി വചനം വിശ്വാസികൾക്ക് വ്യാഖ്യാനിച്ചുകൊടുക്കാനുള്ള കഴിവ്. എല്ലാവരോടും തുറവിയുള്ള സമീപനവുമായി കേൾക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന രീതി. ഇനിയും ധാരാളം പറയാനുണ്ട്.

**10. ഇപ്പോഴത്തെ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ പിതാവ് വന്നതിനുശേഷമുള്ള മാറ്റങ്ങൾ എങ്ങനെ കാണുന്നു?**

രണ്ടു പിതാക്കന്മാരുടെ കീഴിൽ സഹായമെത്രാനായി ഇരിക്കാൻ കഴിഞ്ഞു. അതൊരു വലിയ അനുഭവമാണ്. വ്യക്തിപരമായി ഓരോരുത്തരും വ്യത്യസ്തരാണ്. തോമസ് ജെ.നെറ്റോ പിതാവ് തന്റേതായ കഴിവുകളും പ്രത്യേക വ്യക്തിത്വവുമുള്ള വ്യക്തിയാണ്. കുറച്ചുകൂടി സ്വാതന്ത്ര്യത്തോടെ പിതാവുമായി ഇടപെടാൻ കഴിയുന്നു. അഭിപ്രായങ്ങൾ ചർച്ച ചെയ്യാനും നൽകാനും തീരുമാനങ്ങൾക്ക് ഒപ്പം നില്ക്കാനും കഴിയുന്നുണ്ട്. സഹായമെത്രാൻ എന്ന രീതിയിൽ അവരെ സഹായിക്കുക എന്നതാണ് എന്റെ കർത്തവ്യം.

കവിത

# തവഹിതമെന്റെ ബലി



സ്വർഗ്ഗ സ്വരൂപൻ രക്ഷകനീശൻ
വിണ്ഡലമധിനാഥൻ
മംഗളമരുളിയ സുന്ദര സുരഭില
വാസരമണയുകയായ്
ഗാഗുൽത്താ മല ചൂടിയ പെസഹാ
കുഞ്ഞാടിൻ സ്മൃതിയിൽ
രഞ്ജിത സഞ്ചല ഹർഷ മഹോത്സവ
നിർമല മണ്ഡപത്തിൽ
കത്തിയ ദീപാഞ്ജലികളുണർത്തിയ
അൾത്താര പ്രഭയിൽ
ക്രിസ്തുവിനർപ്പിത പാവന വസ്ത്രം
ഇമ്പമൊടണിയും നാൾ
കർമ്മ നിരന്തര നിസ്തുല സേവന
നിർമല ചിന്തകളായ്
നിത്യ മനശ്വര നിസ്തുല വചനം
എങ്ങും പ്രഘോഷണമായ്
അർപ്പിത യൗവ്വന സഞ്ചര വഴികൾ
രക്ഷക പാതകളായ്
അങ്ങനെ പുഷ്പിത വത്സര വനികൾ
വർണ്ണ പ്രശോഭിതമായ്
ഒന്നൊന്നായതിനർഥ ഫലങ്ങൾ
പൊന്നണിയും കാലം
ക്രിസ്തുവിൻ മന്ത്രാക്ഷരികളുയർത്തിയ
തിരുസഭ ജന നടുവിൽ
ക്രിസ്തുവിൻ ദാസൻ പട്ടഭിഷിക്തൻ
തിരുമുടിയണിഞ്ഞവനായ്
മറ്റൊന്നില്ലിവനവിടുന്നരുളും
കൃപയടിയന്നു മതി
ഇന്നു മുതൽക്കതിനുത്തരമരുളും
തവഹിതമെന്റെ ബലി
കിന്നര തന്ത്രികളഞ്ചിതമധുര
സിംഫണി പാടുമ്പോൾ
സോളമ കീർത്തന രാഗാഞ്ജലികൾ
നാവിലുണർന്നവനായ്
സുന്ദര ഗായകനാദമുണർത്തിയ
രാഗാലാപനമായ്
വിണ്ണവർ നാഥനെ പാടി സ്തുതിച്ചു

മണ്ണിലെ നല്ലിടയൻ
നിന്ദനമേറ്റവർ സങ്കട സാഗര
തീരമണഞ്ഞവരെ
വാങ്മയ ശീതള സാന്ത്വനമേകി
ചുറ്റിനടന്നഖിലം
ശാന്തതയോടതി ഭാവുക ഭാവം
ജീവിത സാരമതായ്
ലളിതമനോഹര മന്ദസ്മിതഭര
മാതൃകയരുളുകയായ്
അങ്ങനെയിരുപത്തഞ്ചു മഹോത്സവ
വത്സര മിങ്ങെത്തി
എത്ര മനോജ്ഞം തിരു സഭ ചാർത്തും
കനകാംബര സുകൃതം
എത്ര കൃതാർഥം എളിയവനരുളിയ
സദ്വചനം സുഖദം
ചാർത്തുക മേൽക്കുമേൽ ഞങ്ങടെ ഇടയന്
സൗഭാഗ്യം സുചിരം
നൽകുക ദീർഘം ആയുര സൗഖ്യം
താവക പവിത്രാത്മം
-----------------------------

ലോകമേ ദീപ്തമാം മംഗള താരമൊ
ന്നീപഥം നീ തന്നേ...
ജീവശാഖിയിൽ കരുണയാൽ സകല
ജാലവും മേവണം സാനന്ദം മോദം
ഇരുളുചൂഴുമീ ഏകാന്ത തീരങ്ങളിൽ
സ്നേഹ തേനലർ തൂകി
കനക നഭ തേജസ്സിൽ നിന്നീ കുമ്പിളിൽ
ആത്മാവിൻ നാളമായ് ഒരു തിരി മതി !



ലോറൻസ് ഫെർണാണ്ടസ്



# ക്രിസ്തുദാസ് പിതാവിനെ അടയാളപ്പെടുത്തുമ്പോൾ

തിരുവനന്തപുരം റോമൻ കത്തോലിക്കാ
അതിരൂപതയുടെ സഹായ മെത്രാനും പ
ണ്ഡിത ശ്രേഷ്ഠനുമായ അഭിവന്ദ്യ ക്രി
സ്തുദാസ് രാജപ്പൻ പിതാവിന്റെ പൗരോ
ഹിത്യ ജൂബിലി വർഷമാണ് 2023. ചൊ
വ്വര അടിമല ത്തുറ ഫാത്തിമാ മാതാ പ
ള്ളി ഇടവകക്കാരായ രാജപ്പൻ- ഏഞ്ചലീ
ന ദമ്പ തികളുടെ ആറുമക്കളിൽ ഏറ്റവും
മൂത്ത മകനാണ് ക്രിസ്തുദാസ് പിതാവ്.
പുല്ലുവിളയായിരുന്നു അദ്ദേഹത്തിന്റെ അ
മ്മ വീട്. ഏതൊരു സ്ത്രീയുടെ യും ആ
ദ്യപ്രസവം അവളുടെ സ്വന്തം വീട്ടിൽ വ
ച്ചായിരിക്കണം എന്ന രീതിക്കനുസൃതമാ
യി ഏഞ്ചലീനാമ്മയുടെ കടിഞ്ഞൂൽ പ്ര
സവം നടന്നത് പുല്ലുവിളയിൽ വച്ചായിരു
ന്നു. 1971 ലെ ക്രിസ്തുരാജ തിരുനാൾ
ദിവസ മായ നവംബർ 25ന് ജനിച്ച കു
ഞ്ഞിന് പുല്ലുവിള സെന്റ് ജേക്കബ്സ്
ഫൊറേയ്ൻ പള്ളിയിൽ വച്ച് ജ്ഞാനസ്
നാനം നൽകിയപ്പോൾ മാതാപി താക്കളും
ജ്ഞാനസ്നാന പിതാക്കളും ആ കുഞ്ഞി
ന് ക്രിസ്തുദാസ് എന്ന പേരിട്ടു. 1971 ഡി
സംബർ 2ന് നടത്തപ്പെട്ട ഈ മാമ്മോദീ
സയുടെ കാർ മ്മികൻ യശശ്ശരീരനായ റ
വ.ഫാ.പീറ്റർ ഫ്രാൻസീസ് ഫോർജിയ അ
ച്ചനും ജ്ഞാനസ്നാന പിതാക്കൾ മൈ
ക്കിൾ-മെറ്റിൽഡ ദമ്പതികളും ആയിരുന്നു
എന്നതും സ്മരണീയമത്രെ ! ക്രിസ്തുദാ
സ് പിതാവിനു ശേഷം അദ്ദേഹ ത്തിന്റെ
സഹോദരന്മാരായി ജനിച്ചവർ വിൽഫ്രഡ്,
മില്ലറ്റ്, ജോയി, ഡോറസ്സ്, ലോർദോൺ എ
ന്നിവരാണ്. ലൂർദ്പുരം സെന്റ് ഹെലൻ
സ് സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തി
നു ചേർന്നതോടെ ക്രിസ്തുദാസ് എന്ന പേ
രിനൊപ്പം പിതാവിന്റെ നാമവും കൂടിച്ചേർ
ത്ത് ക്രിസ്തുദാസ് രാജപ്പൻ എന്ന് പിതാ
വ് അറിയപ്പെട്ടു തുടങ്ങി. സെന്റ് ഹെലൻ
സ് സ്ക്കൂൾ ഒരു പെൺപള്ളിക്കൂടം ആ



**എഫ്. ആന്റണി പുത്തൂർ**
ചാത്തിയാത്ത്

യിരുന്നതിനാലും നാലാം ക്ലാസ്സു വരെ മാത്ര മേ അവിടെ ആൺകുട്ടികളെ പഠിപ്പിച്ചിരുന്നു ള്ളു എന്നതിനാലും നാലാം ക്ലാസ്സു കഴിഞ്ഞ പ്പോൾ മാതാപിതാക്കൾ അദ്ദേഹത്തെ പുല്ലു വിള ലിയോ XIII ഹൈസ്ക്കൂളിലാക്കി. ഇവിടെ യായിരിക്കുമ്പോൾ ഇമ്പമൂറുന്ന ഭക്തിഗാനാലാ പനത്തിലൂടെയും ഫുട്ബോൾ കളിയിലൂടെയും ഏവരുടെയും പ്രശംസ അ ദ്ദേഹം പിടിച്ചു പ റ്റി. അഞ്ചാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സു വ രെ അടിമല ത്തുറയിലെ ഗാന്ധിസ്മാരക ട്യൂ ഷൻ സെന്ററിൽ ട്യൂഷനും മാതാപിതാ ക്കൾ അദ്ദേഹത്തെ ചേർത്തിരുന്നു. പത്താം ക്ലാസ്സ് പാസ്സായതോടെ ഒരു വൈദികനായി സഭാശു ശ്രൂഷകനാകണമെന്ന ആഗ്രഹത്തോടെ അദ്ദേ ഹം കഴക്കൂട്ടം മേനാംകുളത്തുള്ള സെന്റ് വിൻ സെന്റ്സ് മൈനർ സെമിനാരി യിൽ ചേർന്നു. അദ്ദേഹം അവിടെയെത്തുമ്പോൾ ആ സെമി നാരിയുടെ റെക്ടറായിരുന്നത് പിന്നീട് തിരുവ നന്തപുരം രൂപതാദ്ധ്യക്ഷനായി മാറിയ മോസ്റ്റ് റവ. ഡോ.എം.സൂസാ പാക്കിയം പിതാവ് ആ യിരുന്നു. സെമിനാരി പ്രീഫെക്ട്, പിന്നീട് പു നലൂർ രൂപതാദ്ധ്യക്ഷനായി നിയമിതനായ, റൈ റ്റ് റവ.ഡോ. സിൽവസ്റ്റർ പൊന്നു മുത്തൻ പി താവും ആയിരുന്നു. അദ്ദേഹ ത്തിന്റെ സെമി നാരി പ്രവേശനം 1987 ൽ ആയിരുന്നു എന്ന തും ഓർ ക്കേണ്ടതുണ്ട്. നാലു വർഷത്തെ മൈ നർ സെമിനാരി പഠനശേഷം പൂ നെയിലെ പേ പ്പൽ സെമിനാരിയിലേക്ക് അയക്കപ്പെട്ട അദ്ദേ ഹം അവി ടെ നിന്നും തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അവഗാഹം നേടി. മൈ നർ സെമിനാരിയിലും മേജർ സെമിനാരിയാ യ പേപ്പൽ സെ മിനാരിയിലും ജനറൽ വീഡി ലായും, ലീഡറായും ഒക്കെ അധികാരി കളെ സഹായിച്ചിരുന്ന അദ്ദേഹം തന്റെ റീജൻസി കാ ലയളവിൽ തിരു വനന്തപുരം ബിഷപ്പ്സ് ഹൗ സിലും പാളയത്തെ കാത്തലിക് ഹോസ്റ്റ ലി ലെ വാർഡനായും ഒക്കെ മോൺ. ജെയിംസ് അമാദോ അച്ചനെ സഹായിച്ചിരുന്നു. ദൈവശാ സ്ത്ര പഠനത്തിനിടെ പൂനെയിൽ വച്ചു ഡീ ക്കൻ പട്ടം സ്വീകരിച്ച അദ്ദേഹം പഠനം പൂർ ത്തിയാക്കി നാട്ടിലെത്തി യപ്പോൾ അദ്ദേഹത്തി ന്റെ ജന്മദിനവും ക്രിസ്തുരാജന്റെ തിരുനാൾ ദി നവുമായ നവംബർ 25 ാം തീയതി അഭിവ ന്ദ്യ സൂസാ പാക്കിയം പി താവിന്റെ കൈവയ് പ്പു ശുശ്രൂഷയിലൂടെ പൗരോഹിത്യപട്ടം സ്വീ കരി ച്ചു. ഈ 'പട്ടംകൊട' നടന്നത് 1998 ലാ യിരുന്നു. പൗരോഹിത്യ സ്വീ കരണ ശേഷം രൂപതാ ബിഷപ്പായ സൂസാ പാക്കിയം പിതാ വിന്റെ സെക്രട്ടറിയായും ജൂബിലി മെമ്മോറി യൽ ആസ്പത്രിയുടെയും ഹോ

സ്റ്റലിന്റെയും ചാപ്ലിനായും പിന്നീട് കേരളാ കാത്തലിക്ക് യൂത്തു മൂവ് മെന്റ് രൂപതാ ഡയ റക്ടറായും മൈനർ സെമിനാരി അദ്ധ്യാപക നായും ഒക്കെ ക്രിസ്തുദാസച്ചൻ സേവനം ചെ യ്തു. രൂപതയിലെ പരുത്തിയൂ ർ, നീരോടി ഇ ടവകകളിൽ വിവിധ പ്രശ്നങ്ങൾ ഉടലെടുത്ത അവസര ത്തിലായിരുന്നു അദ്ദേഹം പിതാവി ന്റെ സെക്രട്ടറിയായി നിയമിതനാ യത്. അദ്ദേ ഹം ഈ പദവിയിലിരിക്കേ തന്നെ അവിടങ്ങ ളിൽ പോയി പ്രശ്നപരിഹാരത്തിന് തന്നാലാ വുന്നതെല്ലാം ചെയ്തു. അതിൽ എടു ത്തു പ റയേണ്ട ഒരിടവകയാണ് പരുത്തിയൂർ. ഇവിട ത്തെ വികാരിയാ യി ക്രിസ്തുദാസ് അച്ചനെ ഒരു വർഷത്തേയ്ക്ക് സൂസാ പാക്കിയം പിതാ വ് നിയോഗിച്ചുവെങ്കിലും ഇടവക ജനത്തിന്റെ ആഗ്രഹം മാനിച്ച് പി താവ് അച്ചന് ഒരു വർ



ഷം കൂടി കൂട്ടി കൊടുത്തു. ഈ അവസരത്തിലാണ് ഏകദേശം 35 വർഷം പിന്നിട്ട സെന്റ് മേരി മഗ്ദലേന പള്ളി ഇ ടവക ജനങ്ങൾക്ക് കുടിവെള്ളം എത്തിച്ചു കൊടുക്കുന്നതിനും ഒരു ക മ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചു നൽകുന്നതിനും ക്രിസ്തുദാസ് അച്ചൻ മു ന്നിട്ടിറങ്ങുന്നതും അവ രണ്ടും യാഥാർത്ഥ്യമാക്കുന്നതും, 1998 ഡിസംബർ 28 മുതൽ 1999 ഫെബ്രുവരി 18 വരെ നീരോടിയിലും അദ്ദേ ഹം സേവനം ചെയ്തു. 2004 ൽ പിതാവ് അച്ചനെ ഓസ്ട്രിയായിലേക്ക് ഉപരി പഠനത്തിനായി അയച്ചു. ഓസ്ട്രിയായിലെത്തിയ അദ്ദേഹം ജർമ്മൻ ഭാഷയിൽ അവഗാഹം നേടിയെങ്കിലും അവിടത്തെ സർവ്വകലാശാലയുടെ രീതികളുമായി ചേർന്നു പോകാൻ ബുദ്ധിമുട്ടായതിനാ ൽ സൂസാപാക്കിയം പിതാവിന്റെ അനുവാദത്തോടെ റോമിലേക്കു പോയി. റോമിലെത്തിയ അദ്ദേഹം ഇറ്റാലിയൻ ഭാഷ പഠിച്ചെടുത്തു എ ന്നു മാത്രമല്ല മിസ്സിയോളജി അഥവാ മിശിഹാ ചരിത്രത്തിൽ ഡോക് ടറേറ്റ് നേടുകയും ചെയ്തു. ഉപരിപഠനം പൂർത്തിയാക്കി നാട്ടിലെത്തി യ ക്രിസ്തു ദാസച്ചനെ പിതാവ് ആലുവാ കർമ്മലഗിരി പൊന്തിഫി ക്കൽ സെമിനാരിയിലെ മിസ്സിയോ ളജി അദ്ധ്യാപകനായും സ്പിരിച് വൽ ഡയറക്ടറായും നിയോഗിച്ചു. ഇക്കാലത്ത് അച്ചന്റെ കാലുകളിൽ അസഹ്യമായ വേദനയുണ്ടായതു മൂലം പലപ്പോഴും നാട്ടിലെത്തി ചി കിത്സയ്ക്കു വിധേയനാകേണ്ടിയും വന്നിരുന്നു. ഒരവധിക്കാലത്ത് നാട്ടിലെത്തിയ അച്ചനെ പിതാവ് സെന്റ് വിൻസെന്റ്സ് മൈനർ സെമിനാ രിയുടെ റെക്ടറായി നിയമിച്ചു.

'അച്ചൻ മൈനർ സെമിനാരിയിൽ ഒരു വൈദീകാർത്ഥിയായി എത്തിയ കാലത്ത് ഒരിക്കൽ പോലും അന്നത്തെ റെക്ടറായിരുന്ന സൂസാ പാക്കിയം പിതാവിനോ അന്നത്തെ പ്രീഫെക്ടായിരുന്ന എനി ക്കോ അദ്ദേഹത്തെ തിരുത്തേണ്ടി വന്നിട്ടില്ല.'എന്ന് പൊന്നു മുത്തൻ പിതാവ് പറയുമ്പോൾ തന്നെ ക്രിസ്തു ദാസച്ചൻ പഠനകാലത്തുതന്നെ എത്രത്തോളം ശ്രദ്ധാലു ആയിരുന്നു എന്നു തെളിയുന്നു.

മേജർ സെമിനാരിയിലെ അദ്ധ്യാപകനും ആദ്ധ്യാത്മിക ഗുരുവും മൈനർ സെമിനാരിയിലെ റെക്ടറും ഒക്കെ ആയിരുന്ന കാലത്ത് ചെറുതും വലുതുമായ പ്രശ്നങ്ങളിൽ ഉഴലുന്ന ബ്രദേഴ്സിനെ കണ്ടെത്തി അവരുടെ പ്രശ്നങ്ങൾക്കു പ്രതിവിധി കാണുവാനും അവരെ പ്രോത്സാഹിപ്പിക്കുവാനും അവരിൽ ഉള്ള കുഞ്ഞു കുഞ്ഞു തെറ്റുകൾ സ്നേഹപൂർവ്വം പുഞ്ചിരിയോടും വിനയത്തോടും കൂടി തിരുത്തി കൊടുക്കുന്നതിലും ക്രിസ്തുദാസ് അച്ചൻ ഏറെ ശ്രദ്ധിച്ചിരുന്നു. സ് ക്കൂളിൽ പഠിച്ചിരുന്നപ്പോഴും സെമിനാരിയിൽ എത്തിയപ്പോഴും ദൈ വം തനിക്ക് അനുഗ്രഹിച്ചു നൽകിയ പാടാനുള്ള കഴിവ് അവസരോ ചിതമായി പ്രകടിപ്പിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ഒരു നല്ല ഫു ട്ബോൾ കളിക്കാരൻ കൂടിയായ ക്രിസ്തുദാസ് അച്ചൻ മൈനർ സെമി നാരി റെക്ടർ സ്ഥാനത്തോടൊപ്പം പള്ളിത്തുറയിലെ കൊച്ചുതുറ സെ ന്റ് തോമസ് അക്വിനാസ് പള്ളി വികാരി സ്ഥാനവും രൂപതയിലെ ബോ ർഡ് ഫോർ ക്ലർജി ആന്റ് റിലീജിയസ്സിന്റെ ഉത്തരവാദിത്വവും വഹിച്ചി രുന്നതായി കാണുന്നു.

യോഹന്നാൻ എഴുതിയ സുവിശേഷം 3:30 വാക്യം ഇപ്രകാരമാണ്: 'അവൻ വളരുകയും ഞാൻ കുറയുകയും വേണം' ഈ വാക്യം സ്വ ന്തം ജീവിതത്തിൽ അക്ഷരാർത്ഥത്തിൽ തന്നെ പ്രാവർത്തികമാക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ് ക്രിസ്തുദാസ് രാജപ്പൻ പിതാവ് എന്ന ക ർമ്മയോഗിയെന്ന് ചില സംഭവങ്ങൾ തെളിയിക്കുന്നുണ്ട്. ക്രിസ്തുദാ സച്ചന്റെ സഹപാഠിയും കൂട്ടുകാരനും ആയ ഡയസൻ അച്ചന്റെ തി സീസിന്റെ ഡിഫന്റിനു ശേഷമായിരുന്നു അച്ചൻ തന്റെ തിസീസിന്റെ ഡിഫന്റിനു തിയതി എടുത്ത് എന്നതും പൂനെയിൽ കൂടെ പഠിച്ചിരുന്ന ഫാദർ ജോൺ ബാപ്റ്റിസ്റ്റ് എന്ന ഫാദർ ജയിംസിനെ തന്റെ Bph, Bth പരീക്ഷകളിൽ ക്രിസ്തുദാസ് അച്ചൻ ഏറെ സഹായിച്ചിരുന്നു എന്നതും നാം അറിഞ്ഞിരിക്കേണ്ടതാണ്. റോമിലെ സ്കാലാബ്രീയാനിയൻ ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽ (2005–2007) പഠിക്കുമ്പോഴും റോമിലെ തന്നെ ഉർബാനിയാന യൂണിവേഴ്സിറ്റിയിൽ ഡോക്ടറേറ്റിനു പഠിക്കുമ്പോഴും (2007–2010) 'അവൻ വളരുകയും ഞാൻ കുറയുകയും വേണം' എന്ന ചിന്ത ക്രിസ്തുദാസച്ചനിൽ രൂഢമൂലമായിരുന്നു എന്നതിന് പല സംഭവ ങ്ങളും പറയുവാൻ കഴിയും. റോമിൽ തിരുവനന്തപുരം രൂപതയ്ക്കായി പഠനം നടത്തിയിരുന്ന വൈദികരെ, മറ്റു വൈദികരിൽ നിന്നും ധനസഹാ യങ്ങൾ സ്വരൂപിച്ച് സാമ്പത്തികമായി സഹായിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം സ്ഥല പരിമിതി മൂലം വിവരിക്കുക സാധ്യമല്ല.

തന്റെ മാതാവിന്റെ പിതാവായ ബർക്കുമാൻസ് അപ്പാപ്പനും, മാതാ വായ ആഗ്നസ് അമ്മാമ്മയും പിതാവിന്റെ അച്ഛനായ ജോറീസ് അപ്പാ പ്പനും, അമ്മയായ മരിയപിള്ള അമ്മാമ്മയും തന്റെ മാതാപിതാക്കളും തെ ളിച്ചു തന്ന വിശ്വാസ ദീപമാണ് തന്റെ പൗരോഹിത്വത്തിന് നിദാനമെന്ന് വിശ്വസിക്കുന്ന ഈ വന്ദ്യ പുരോഹിതനെ ആർക്കും എപ്പോൾ വേണമെ ങ്കിലും സമീപിക്കാവുന്നതും, പ്രശ്നങ്ങൾ അവതരിപ്പിക്കാവുന്നതുമാണ്. നാം മുമ്പോട്ട് വയ്ക്കുന്ന പരിവേദനങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിക്കുവാനും, അതു മനസ്സിലാക്കി ദൈവഹിതം അനുസരിച്ചുള്ള മറുപടികൾ നൽകി നമ്മെ സമാശ്വസിപ്പിക്കുവാനും, അദ്ദേഹത്തിന് കഴിയു

ന്നു എന്നതാണ് യാ ഥാർത്ഥ്യം. തുറവിയുടെ ആൾ രൂപമെന്നാണ് ജാതിമതഭേദമെന്യേ പ ലരും അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ത ന്നെ ഭരമേൽപ്പിച്ചിരുന്ന ബ്രദേഴ്സി നോടും മ റ്റും 'ധാരാളം വായിക്കുക, വായിക്കുന്ന കാര്യ ങ്ങൾ, വിശ്വാസ പൂർവ്വം ധ്യാനിക്കുക, ധ്യാനി ക്കുന്ന കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ പ്രാ വർത്തികമാക്കുക' എന്നാണ് അദ്ദേഹം പറയു ക. ഇതു ക്രിസ്തുദാസച്ച ന്റെ വ്യക്തിത്വത്തി ന്റെ മറ്റൊരു തലമായി കാണേണ്ടതാണ്. മേൽ പറഞ്ഞി രിക്കുന്നതിന്റെ വെളിച്ചത്തിൽ അദ്ദേ ഹം കൂട്ടി ചേർക്കുന്നത് ഇപ്രകാര മാണ്. 'ഈ ശോയെ സ്വന്തമാക്കി ആ അനുഭവം തരുന്ന എളിമ, കരുണ, വിനയം, ആർദ്രത എന്നിവ മ റ്റുള്ളവർക്കു പകർന്നു നൽകുമ്പോഴാണ് ഒരു ക്രിസ്ത്യാനി യേശുനാഥന്റെ ശിഷ്യനോ, ശി ഷ്യയോ ആയി തീരുക.' ഈ അനുഭവം സ്വാ യത്തമാക്കുക അത്ര എളുപ്പമല്ല. അതിനു വേ ണ്ടത് നിരന്ത രമായ പ്രാർത്ഥനയാണ്. പിതാ വായ ദൈവവുമായുള്ള ഗാഢമായ ബന്ധ മാ ണ്. തന്നെത്തന്നെ ശൂന്യവൽക്കരിച്ച യേശുനാ ഥനെപ്പോലെ നാമും ന മ്മെത്തന്നെ ശൂന്യവൽ ക്കരിക്കണം. അപ്പോൾ നമ്മുടെ ജീവിതവും സ ന്തു ഷ്ടമാകും എന്നാണ് ക്രിസ്തുദാസച്ചൻ നമ്മോട് നേരിട്ട് പറയാതെ പറ ഞ്ഞുവയ്ക്കു ന്നത്.

മേനാംകുളം മൈനർ സെമിനാരി റെ ക്ടറായിരിക്കെയാണ്, 2016 ലെ കരുണയുടെ വർഷാചരണത്തിനിടെ, ഫെബ്രുവരി 2–ാം തീ യതി ക്രിസ്തു ദാസച്ചനെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ തിരുവനന്തപുരം കത്തോ ലിക്കാ അതിരൂപതയുടെ സഹായമെത്രാനായി നിയമിക്കുന്നത്. അദ്ദേഹ ത്തിന്റെ സ്ഥാനാരോ ഹണം 2016 ഏപ്രിൽ 3 ന് വെട്ടുകാട് മാദ്രേ ദെ ദേവൂസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെടു കയും ചെയ്തു. കേരളത്തി ലെ വേളാങ്കണ്ണി എന്നറിയപ്പെടുന്ന വെട്ടുകാട് പള്ളി സ്ഥാപിച്ച ത് 500 വർ ഷങ്ങൾക്കു മുമ്പാണെന്നാണ് വി ശ്വസിച്ചു പോരുന്നത്. ഈ പള്ളിയുടെ മുൻപി ലായി സ്ഥാപിതമായിരിക്കുന്ന ക്രിസ്തുരാജ രൂ പത്തിന് ഒരു ചരിത്ര മുണ്ട്. ആ ചരിത്രമാകട്ടെ ആ ഇടവകയിൽ നിന്നും പുരോഹിതനായ ഫാ ദ ർ സി.എം. ഹിലാരിയുമായി ബന്ധപ്പെട്ടുള്ള തുമാണ്. തങ്ങളുടെ പുത്രനായ ഹിലാരിക്ക് ദൈവവിളി ലഭിച്ചതിന്റെ ഓർമ്മയ്ക്കായി ഫാ ദർ ഹിലാരിയുടെ മാതാപിതാക്കൾ പള്ളിയിലേ ക്കു നിർമ്മിച്ചു നൽകിയ രൂപമാണിത്. 1942 –ൽ പള്ളിയകത്തു സ്ഥാപിച്ചിരുന്ന ഈ രൂപം 1944 –ൽ കൊച്ചി രൂപതാ ധ്യക്ഷനായിരുന്ന റൈറ്റ് റവ. ഡോ. ജോസ് അൽവാർനസ് പിതാവാണ് പ ള്ളിക്കു പുറത്തേക്കു കൊണ്ടുവന്നു സ്ഥാ പിച്ചത്. തിരുവനന്തപുരം അതി രൂപതയിലെ പ്രശസ്ത തീർത്ഥാടന കേന്ദ്രവും കൂടിയതാ ണീ ദൈവാലയം.

എല്ലാവരോടും എല്ലായ്പ്പോഴും പു ഞ്ചിരിയോടും, സൗഹൃദത്തോടും ഇടപഴുകിയി രുന്ന ക്രിസ്തുദാസച്ചന് ഈ വലിയ ദൗത്യം ഏറ്റെടുക്കു ന്നതിന് മുമ്പ് ഒരു വലിയ ആശങ്ക യുണ്ടായിരുന്നു. ആദിനങ്ങളിൽ ദൈവത്തോട് വളരെ ആഴമായി പ്രാർത്ഥിച്ചപ്പോൾ ദൈവം ന ല്കിയ മറുപടി സന്ദേശമാണ് 2 കൊറിന്തോ സ്, 129 വാക്യം. അവിടെ ഇപ്രകാരം എഴുത പ്പെട്ടിരിക്കുന്നു : 'നിനക്ക് എന്റെ കൃപമതി, എ ന്തെന്നാൽ ബലഹീന തയിലാണ് എന്റെ ശ ക്തി പൂർണ്ണമായി പ്രകടമാകുന്നത്.' ഈ ദൈ വവച നഭാഗം തന്നെയാണ് തന്റെ മെത്രാഭി





**'വെറുമൊരു മത്സ്യതൊഴിലാളിയുടെ മൂത്തമകനായി ജനിച്ച എന്നെ ദൈവ സ്നേഹത്തിലും ജപമാല ഭക്തിയിലും ആഴപ്പെടുത്തിയത് എന്റെ പിതാവും, കേവലമൊരു വീട്ടമ്മയായി വീടിനുള്ളിൽ ഒതുങ്ങി കഴിഞ്ഞി രുന്ന മാതാവും, അവരുടെ മാതാപിതാക്കളുമായിരുന്നു. ഒന്നുമില്ലായ് മയിൽ നിന്നുമാണ് പിതാവായ ദൈവം എന്നെ കൈപിടിച്ചുയർത്തിയത്.**

ഷേകത്തിന്റെ ആപ്തവാക്യമായി പിതാവ് പിന്നീട് സ്വീകരിച്ചിട്ടുള്ളതും. ആ കൃപ തന്നെയാണ് തന്റെ ഓരോ ചുവടുവയ്പുകളെയും നിയന്ത്രിക്കുന്നതെന്ന് പൂർണ്ണമായും വിശ്വസിക്കുന്ന ക്രിസ്തുദാസ് പിതാവ് അവസാനമായി കൂട്ടിച്ചേർക്കുന്നത് സങ്കീർ ത്തനങ്ങൾ 271-ാം വചനമാണ്. അതിപ്രകാരമാണ്. 'കർത്താവ് വീട് പ ണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്. കർത്താവ് ന ഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം'.

തിരുവനന്തപുരം റോമൻ കത്തോലിക്ക അതിരൂപതയുടെ മൂന്ന് പി താക്കൻമാരും തുറക്കാരാണെന്നത് വിസ്മയനീയമത്രെ! തിരുവനന്തപുരം രൂപതയുടെ അവസാന അദ്ധ്യക്ഷനും അതിരൂപതയുടെ പ്രഥമാധ്യക്ഷനു മായ അഭിവന്ദ്യ സൂസാ പാക്കിയം പിതാവ് മാർത്താണ്ഡം തുറയിൽ ജ നിച്ചു. ക്രിസ്തുദാസ് രാജപ്പൻ പിതാവ് ജനിച്ചത് അടി മലത്തുറയിലും, അതിരൂപതയുടെ ദ്വിതീയാധ്യക്ഷനായ അഭിവന്ദ്യ തോമസ് നെറ്റോ പിതാവ് ജനിച്ചത് പുതിയ തുറയിലും ആണല്ലോ?.

'വെറുമൊരു മത്സ്യതൊഴിലാളിയുടെ മൂത്തമകനായി ജനിച്ച എന്നെ ദൈവ സ്നേഹത്തിലും ജപമാല ഭക്തിയിലും ആഴപ്പെടുത്തിയത് എന്റെ പിതാവും, കേവലമൊരു വീട്ടമ്മയായി വീടിനുള്ളിൽ ഒതുങ്ങി കഴിഞ്ഞി രുന്ന മാതാവും, അവരുടെ മാതാപിതാക്കളുമായിരുന്നു. ഒന്നുമില്ലായ് മയിൽ നിന്നുമാണ് പിതാവായ ദൈവം എന്നെ കൈപിടിച്ചുയർത്തിയത്. 'നീ ഭയപ്പെടേണ്ട ഞാൻ നിന്റെ കൂടെയുണ്ട്' എന്ന ബൈബിൾ വാ ക്യത്തിൽ പൂർണ്ണമായും വിശ്വാസമർപ്പിച്ചു കൊണ്ടാണ് തന്റെ പ്രവർത്തനങ്ങളെല്ലാം മുന്നോട്ടു കൊണ്ടുപോകുന്നത്. ബാക്കിയെല്ലാം ദൈവഹി തത്തിന് വിട്ടു കൊടുക്കുകയാണ് എന്റെ രീതി- ക്രിസ്തുദാസ് പിതാവ് ഇപ്രകാരം ക്രിസ്തീയ കരുതലിന്റെ, എളിമയുടെ, പ്രവാചകനാകുമ്പോൾ ഇദ്ദേഹത്തെക്കുറിച്ച് തിരുവനന്തപുരം ലത്തീൻ രൂപതയുടെ അവസാന മെത്രാനും അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായും ആയ അഭി വന്ദ്യ സൂസാ പാക്കിയം പിതാവ് പറയുമ്പോൾ ഏറെ വാചാലനാകുക യാണ് പതിവ്. ആ വാക്കുകൾ ആറ്റി കുറുക്കിയെടുത്താൽ ഇപ്രകാരം സംഗ്രഹിക്കാം. 'ദൈവകരുണയിൽ ആശ്രയിച്ച് പാവങ്ങളോട് പക്ഷം ചേ രുവാൻ വെമ്പൽ കൊള്ളുന്ന ഒരു ഹൃദയത്തിന്റെ ഉടമയാണ് അദ്ദേഹം'

മുരിക്കുംപുഴ സെന്റ് അഗസ്റ്റിൻ ഇടവകയിൽ പുത്തൻ പാന യെക്കുറിച്ച് 2019 മാർച്ച് 24 ന് ക്ലാസ്സെടുക്കുവാൻ എത്തിയപ്പോൾ മുത ലുള്ള സൗഹൃദ ബന്ധമാണ് അന്നത്തെ മുരിക്കുംപുഴയുടെ ഇടവക വികാ രിയും ഇപ്പോഴത്തെ അതിരൂപതാ അദ്ധ്യക്ഷനും ആയ റൈറ്റ് റവ. ഡോ. തോമസ് നെറ്റോ പിതാവും ക്രിസ്തുദാസ് പിതാവും തമ്മിൽ ഈ ലേഖ കനുള്ളത്. അന്നുമുതൽ ഇന്നുവരെ അവരിരുവരുടെയും സവിശേഷത കൾ നോക്കിക്കാണുകയായിരുന്നു ഈ എളിയ സഭാ സ്നേഹി എന്നതാ ണു സത്യം. ഇനി അഭിവന്ദ്യ തോമസ് നെറ്റോ പിതാവ് തന്റെ സഹായ മെത്രാനെ സംബന്ധിച്ച് പറയുന്നതെന്തെന്നു നോക്കാം. അദ്ദേഹം പറ യുന്നു:

ക്രിസ്തുദാസ് രാജപ്പൻ പിതാവിന്റെ ജ്ഞാനസ്നാന മാതാപിതാക്കളുടെ മകനും മിഷനറീസ് ഓഫ് ചാരിറ്റി വൈദികനും ആയ റവ. ഫാദർ ജെറി മൈക്കിളച്ചൻ പിതാവിനെക്കുറിച്ച് പറയുന്നത് ശ്രദ്ധിക്കേണ്ടതാണ്. അതിപ്രകാരമാണ്: 'ദൈവം സഭാധികാരികളിലൂടെ തന്നെ ഭരമേൽപ്പിക്കുന്ന ചെറുതും വലുതുമായ ഉത്തരവാദിത്വങ്ങൾ ദൈവമഹത്വത്തിനായി ആത്മാ ർത്ഥതയോടും കൃത്യതയോടും സത്യസന്ധതയോടും കൂടെ ചെയ്തു തീർക്കുന്ന വ്യക്തിത്വത്തിന് ഉടമയാണദ്ദേഹം. ജാതിഭേദമെന്യേ തന്നെ സ മീപിക്കുന്ന ഏതൊരാളെയും പുഞ്ചിരിയോടും സ്നേഹത്തോടും കരുത ലോടും കൂടി സ്വീകരിക്കുവാനും അവരെ തന്റെ കഴിവിന്റെ പരമാവധി സ ഹായിക്കുവാനും അദ്ദേഹത്തിനു കഴിയുന്നു. പ്രാർത്ഥനയുടെയും കരുണ യു

ടെയും നിശ്ശബ്ദതയുടെയും ഒരു മനുഷ്യ രൂപമാണദ്ദേഹം. യാത്രകളി ൽ പോലും ജപമാല നെഞ്ചോടു ചേർത്തു വയ്ക്കുന്ന ദേഹം.' അദ്ദേഹം സേവനം ചെയ്തിരുന്ന പുല്ലുവിള ഇടവക വികാരിയായ റവ. ഫാദർ ആന്റണി സെബാസ്റ്റിൻ അച്ചനും പരുത്തിയൂർ ഇടവക വികാരി റവ. ഫാദർ ജേക്കബ് സ്റ്റെല്ലാസ് അച്ചനും നീരോടി പള്ളിയുടെ അമരക്കാര നായ റവ. ഫാദർ ക്ലീറ്റസ് വിൻസെന്റ് അച്ചനുമൊക്കെ ജറി മൈക്കിളച്ചന്റെ അഭിപ്രായത്തോടൊപ്പം നിൽക്കുന്നവരാണ് എന്നതും ശ്രദ്ധേയമാണ്.


ക്രിസ്തുദാസ് പിതാവിനെ കണ്ട് തങ്ങളനുഭവിക്കുന്ന യാതനകളെക്കു റിച്ചു പറയുമ്പോൾ അദ്ദേഹം നൽകുന്ന ആശ്വാസ വചനങ്ങൾ ഞങ്ങൾ ക്ക് ആശ്വാസം പകരുക മാത്രമല്ല ആ സാന്ത്വനം ഒരു ദൈവീക അനു ഭവമായി മാറുകയും ചെയ്യുമെന്നാണ് മുസ്ലീം സമുദായത്തിൽ ഉൾപ്പെ ടെയുള്ള പലരും ഈ ലേഖകനോടു പറഞ്ഞിട്ടുള്ളത്.

'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന ക്രിസ്തു വചനം സ്വജീവിതത്തിൽ അന്വർത്ഥമാക്കുന്ന ചില മെത്രാന്മാർ നമുക്കുണ്ട്. കത്തോലിക്കാ സഭയിലുണ്ട്. അവരിൽ ഏറെ ശ്രദ്ധേയരാ യവർ രണ്ടു പേരാണ്. ക്രിസ്തുദാസ് രാജപ്പൻ പിതാവും, കണ്ണൂർ രൂപതാ ദ്ധ്യക്ഷൻ അലക്സ് വടക്കുംതല പിതാവുമാണവർ. 'മാനവ സേവയിലൂടെ മാധവ സേവ' അതായത് 'മാനവസേവയിലൂടെ ഈശ്വരസേവ' എന്ന വിശ്വാസത്തോടെ മുന്നേറുന്ന ഇവരുടെ ഇടപെടലുകൾ നമ്മുടെ സമൂഹ ത്തിലെ ഇടത്തട്ടുകാർക്കും കീഴ്ത്തട്ടുകാർക്കും കൂടുതൽ കൂടുതൽ ആ ശ്വാസകരവും ആശാസ്യവും ആയി തീരട്ടെ എന്ന പ്രാർത്ഥനയാണ് ഈ ലേഖകനും മറ്റനേകർക്കും ഉള്ളത്.


ക്രിസ്തുഗാഥയുടെ പൊരുളെന്തെന്ന് ഓരോ വിശ്വാസിയെയും ബോദ്ധ്യ പ്പെടുത്തുന്ന ജപമാലയോട് ക്രിസ്തുദാസ് പിതാവ് കാണിക്കുന്ന അതിരറ്റ ഭക്തിയാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കെല്ലാം ഊർജ്ജം പകരുന്ന തെന്ന സത്യമാണ് ഈ ലേഖകന് ബോദ്ധ്യപ്പെട്ടിട്ടുള്ള പ്രഥമവും പ്രധാനവും ആയ കാര്യം. അതുതന്നെയാണ് പാവങ്ങളുടെ പക്ഷം ചേരുവാൻ കൊച്ചു പിതാവിനെ പ്രേരിപ്പിക്കുന്നതും ശക്തിപ്പെടുത്തുന്നതും എന്നതല്ലേ യാഥാർത്ഥ്യം.


സങ്കീർത്തനങ്ങൾ 118-24-ാം വാക്യത്തിൽ എഴുതപ്പെട്ടിരിക്കുന്നത് ശ്രദ്ധേ യമാണ്. അതിപ്രകാരമാണ് 'കർത്താവ് ഒരുക്കിയ ദിവസമാണിന്ന്. ഇന്ന് സന്തോഷിച്ചുല്ലസിക്കാം'. അതെ 1998 നവംബർ 25-ാം തീയതി, നമ്മുടെ പിതാവായ ദൈവത്തിന്റെ നിത്യപൗരോഹിത്യത്തിലേക്ക് വിളിക്കപ്പെട്ട, ക്രിസ്തുദാസ് രാജപ്പൻ പിതാവ്, നമ്മുടെ കൊച്ചു പിതാവ്, തന്റെ പൗരോ ഹിത്യ ജീവിതത്തിന്റെ 25 വർഷം പൂർത്തിയാക്കുന്നു. സങ്കീർത്തനത്തിൽ പറയുന്നതു പോലെ 'നമുക്കേവർക്കും ആർത്തുല്ലസിക്കാം.' ഇങ്ങനെ യുള്ള ഒരു പുരോഹിത ശ്രേഷ്ഠനെ ഈ സമൂഹത്തിന് ഈ സഭയ്ക്ക് നൽകിയ നമ്മുടെ ഉടയവനായ ദൈവത്തെ നന്ദി ചൊല്ലി ആരാധിക്കാം. ഈ സുദിനത്തിന്റെ എല്ലാ ആശംസകളും പിതാവിനും അദ്ദേഹത്തിന് ജ ന്മം നൽകിയ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും, കേരള സഭയ്ക്കാകെയും നേരുന്നു. ●




INSTITUTE OF
OUR LADY OF CARMEL
Bl. MRIYA THERESA SCRILLI
Prayers and best wishes to
Rt. Rev. Dr. Christudas R.
on his Silver Jubilee
of Priesthood
LITTLE FLOWER CONVENT
KOCHUVELI


KRLCC · DUBAI
KERALA
LATIN COMMUNITY DUBAI
(KRLCC DUBAI)
HIS EXCELLENCY
BISHOP PAOLO MARTINELLI OFM CAP.
APOSTOLIC VICAR OF SOUTHERN ARABIA
HIS EXCELLENCY
RT. REV. DR. CHRISTUDAS. R
AUXILIARY BISHOP OF TRIVANDRUM ARCHDIOCESE
'LATIN DAY 2023'
"നമുക്ക് ഒരുമിച്ച് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും"
"Together we can do great things"
SUNDAY, NOVEMBER 19TH 2023
at St. Mary's Catholic Church, Dubai
SOLEMN HIGH MASS
at 2pm
Main Celebrant
HIS EXCELLENCY, RT. REV.DR. CHRISTUDAS. R
(Auxiliary Bishop of Trivandrum Archdiocese)
❖PUBLIC MEETING ❖CULTURAL PROGRAMS
in the main hall from 3:30pm onwards
MARIYADAS. K
President – KRLCC Dubai
ANTONY MUNDAKAL
Program Convenor – Latin Day 2023
BIBIYAN T BABU
Vice President – KRLCC Dubai
TOMY VARGHESE
Vice President – KRLCC Dubai
You are specially invited
krlccdxb@gmail.com


Hearty Congratulations and
Prayerful Greetings to Bishop
RT. REV. DR. CHRISTUDAS RAJAPPAN
PROVINCIAL AND SISTERS
DAMIAN PROVINCE OF ST. ANN'S TRICHY
MUTTADA, TRIVANDRUM


SISTERS OF THE LITTLE FLOWER OF THE BETHANY
SOUTHERN PROVINCE
(SERVANT OF GOD RAYMOND F. C. MASCARENHAS)
Best Compliments to
Rt. Rev. Dr. Christudas R.
Celebrating Silver Jubilee of Priesthood
Prayerful wishes from
Sisters - Stella Maris Convent
Puthenthope


LOYOLA
Prayers and
best wishes to
Rt. Rev. Dr. Christudas R.
on his Silver Jubilee
of Priesthood
LOYOLA SCHOOL
Sreekariyam - Aakkulam Rd
Opposite CTCRI, Bapuji Nagar
Sreekariyam, Thiruvananthapuram
Kerala 695017



# ഒരു നാട്ടുകാരന്റെ മധുരസ്മരണകൾ



ഫാ. എ.ആർ.ജോൺ

**ബി**ഷപ്പ് ക്രിസ്തുദാസിനെ മഹത്വവൽക്കരിക്കാനോ അതിശയോക്തികൾകൊണ്ട്, പൊതിഞ്ഞ് അമാനുഷീക പരിവേഷം നൽകാനോ അല്ല ഈ കുറിപ്പ് എഴുതുന്നത്. മറിച്ച്, അടുത്തറിയാവുന്ന ഒരു വ്യക്തിയുടെ നന്മയും ജീവിതത്തിന്റെ സൗന്ദര്യവും മധുരോർമ്മകളിൽ ചാലിച്ച് ആത്മാർത്ഥമായി എഴുതുന്നു എന്നു മാത്രം.

ക്രിസ്തുദാസ് പിതാവ് ജനിച്ചത് അടിമലത്തുറയിലാണ്, ഞാനും അവിടെ ത്തന്നെ. ഞങ്ങളുടെ നാട് വളരെ മനോഹരമാണ്. പിതാവ് അവിടെ ജനിച്ചതുകൊണ്ട് പറയുന്നതല്ല; സത്യമാണ്. ആ നാട് ഒരിക്കലെങ്കിലും നിങ്ങൾ സന്ദർശിച്ചിട്ടുണ്ടെങ്കിൽ ഞാൻ പറയുന്നതിൽ പതിരില്ലെന്ന് മനസ്സിലാകും. ഇവിടെ നാടിനെപ്പറ്റി പറയുന്നത് നാട് വലിയൊരു സംഭവമാണെന്ന് പറയാനോ വരുത്തിത്തീർക്കാനോ അല്ല, മറിച്ച് ഒരു നാടിന്റെ നൈർമ്മല്യവും സാധാരണത്വവും എങ്ങനെ ബിഷപ്പ് ക്രിസ്തുദാസിനെ സ്വാധീനിച്ചു എന്ന് പറയാനാണ്.

കടലും കടൽതീരവും പൊഴിയും പൊഴിക്കരയും മലയും കടലിലേക്കു ചാഞ്ഞിരിക്കുന്ന മലയടുക്കുകളും, പരന്നതും വിശാലവുമായ ശുദ്ധമണൽതീരവും, മാതാവിനായി സമർപ്പിച്ചിരിക്കുന്ന രണ്ട് പള്ളികളും മലയിലെ കുരിശിന്റെ മഹത്വം പ്രഘോഷിക്കുന്ന വലിയ കുരിശു കപ്പേളയും അതിന്റെ മുൻപിലുള്ള പച്ചപ്പുതപ്പണിഞ്ഞ സ്വാഭാവിക കളി സ്ഥലവും ഈ നാടിന്റെ പ്രത്യേകതകളാണ്. വളരെ സാധാരണക്കാരാണ് താമസിക്കുന്നത്, ലാളിത്യമുള്ളവരാ

ണ് നാട്ടുകാർ; മത്സ്യബന്ധനവുമായി, കടൽപ്പാട്ടുമായി, കടൽത്തീരത്തിന്റെ കളികളും വിനോദങ്ങളുമായി, തനതായ ഒരു കടൽ സംസ്കാരമുള്ള ഇടം. ഇവയെല്ലാം വിവരിച്ചതാകട്ടെ ബിഷപ്പ് ക്രിസ്തുദാസിന്റെ ജീവിതവും ശൈലികളും ഈ നാടുമായി എങ്ങനെയെല്ലാം അഭേദ്യമായി ബന്ധം പുലർത്തുന്നുവെന്ന് പറയാൻ വേണ്ടിയാണ്.

സെമിനാരിയിൽനിന്നും അവധിക്ക് വരുന്ന ബ്രദർ ക്രിസ്തുദാസിനെ ഒരു അൾത്താര ബാലകനെന്ന നിലയിൽ എല്ലാദിവസവും പള്ളിയിൽ വരുന്നത് ശ്രദ്ധിക്കുമായിരുന്നു. പള്ളിയിലേക്ക് വരുമ്പോഴും തിരിച്ച് വീട്ടിലേക്ക് പോകുമ്പോഴും പള്ളിയിലായിരിക്കുമ്പോഴും സൗമ്യനായി, നിറപുഞ്ചിരിയോടെ കാണുന്നവരോടായി കുശലം അന്വേഷിച്ചും റോഡിനരുകിൽ നിൽക്കുന്നവരോട് ദീർഘനേരം സംസാരിക്കുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എളിമയോടെയുള്ള പെരുമാറ്റവും ഏവരുടേയും ശ്രദ്ധയും സ്നേഹവും പിടിച്ചുപറ്റുന്ന തരത്തിലുള്ള ലാളിത്യപൂർണ്ണമായ സംസാരരീതിയും വസ്ത്രധാരണവു മെല്ലാം ക്രിസ്തുദാസ് ബ്രദറിനെ നാട്ടുകാരുടെ ഇഷ്ട ബ്രദറാക്കി മാറ്റി. ഇതു തന്നെയാണ് ക്രിസ്തുദാസ് പിതാവിന്റെ അന്നുമിന്നുമുള്ള ബലവും പിതാവിനെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കുന്ന ഗുണവും. അതിനാലായിരിക്കണം, ക്രിസ്തുദാസ് പിതാവിന്റെ തിരുപ്പട്ടച്ചടങ്ങ് ഒരു നാടിന്റെ മുഴുവൻ ഉത്സവമാക്കി നാട്ടുകാർ മാറ്റിയതും.

ബ്രദർ ക്രിസ്തുദാസിനെ അടിമലത്തുറ ഇടവക ജനങ്ങൾക്ക് പ്രിയപ്പെട്ട വ്യക്തിയാക്കിയതിന് മറ്റൊരു കാര്യം കൂടെയുണ്ട്. അത് വിശുദ്ധവാര നാളുകളിൽ നാട്ടുകാരെ മുഴുവൻ ആത്മീയതയുടെ മാസ്മരികതയിലേക്ക് ഉയർത്തുന്ന ബ്രദർ ക്രിസ്തുദാസിന്റെ മധുരസുന്ദര ഗാനാലാപനമാണ്. പ്രത്യേകിച്ച് ഈസ്റ്റർ ജാഗരണബലിയിലെ ഗാനാലാപനം.

അടിമലത്തുറയിലെ യുവജനങ്ങളുടെ ഇഷ്ടകായികതാരമാണ് ബ്രദർ ക്രിസ്തുദാസ്. അതെ, ഫുഡ്ബോൾ താരം. അടിമലത്തുറ ഫുഡ്ബോൾ ടീമിന്റെയും മറ്റു സ്ഥലങ്ങളിൽ നടത്തപ്പെടുന്ന ടൂർണമെന്റുകളിലെയും ഒഴിച്ചുകൂടാൻ സാധിക്കാത്ത ഫുഡ്ബോൾ താരമാണ് ബ്രദർ. അവധിക്ക് വരുന്ന തീയതികൾ അന്വേഷിക്കുന്നതും അതനുസരിച്ച് ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നതും ഇതരസ്ഥലങ്ങളിലെ ടൂർണമെന്റു കളിൽ പങ്കെടുക്കുന്നതും ഞാൻ കണ്ടും കേട്ടും നിന്നിട്ടുണ്ട്. യഥാർത്ഥത്തിൽ ക്രിസ്തുദാസ് പിതാവ് മെത്രാനായതിലൂടെ സഭയ്ക്ക് നേട്ടവും മഹത്വവും ഉണ്ടായിരിക്കും. എന്നാൽ താൻ ഇഷ്ടപ്പെട്ട, ഇഷ്ടത്തോടെ ചെയ്യാനാഗ്രഹിക്കുന്ന പലതും നഷ്ടപ്പെടുത്തിയും മാറ്റിവച്ചുമാണ് ഈ പദവിയുമായി മുന്നോട്ട് പോകുന്നതെന്ന് അനൗപചാരികമായ സംഭാഷണങ്ങളുടെ മധ്യേ ചെറുനെടുവീർപ്പായി പുറത്തുവരുന്നതിൽ അതിസ്വഭാവികതയൊന്നുമില്ല.

എനിക്ക് തോന്നുന്നത്, നാടിന്റെ സൗന്ദര്യവും നാട്ടുകാരുടെ സാധാരണത്വവും മാത്രമായിരുന്നില്ല ബിഷപ്പ് ക്രിസ്തുദാസിന്റെ രീതികളെയും ശൈലികളെയും സ്വാധീനി ച്ചതും രൂപപ്പെടുത്തിയതും, മറിച്ച് പിതാവിന്റെ കുടുംബം കൂടെയാണ്. തച്ചന്റെ മകൻ എന്ന് യേശുവിനെ വിശേഷിപ്പിച്ചകണക്കെ കഠിനമായി അധ്വാനിക്കുന്ന ഒരു പിതാവിന്റെ മകനായിരുന്നു ക്രിസ്തുദാസ് പിതാവ്. അപ്പനാകട്ടെ മിതഭാഷിയും ലാളിത്യവുമുള്ള വ്യക്തി. പിതാവിന്റെ അമ്മയാകട്ടെ, പരിശുദ്ധ അമ്മ മേരി കണക്കെ ഇതാ കർത്താവിന്റെ ദാസി എന്ന മനോഭാവത്തോടെ പള്ളിയും പ്രാർത്ഥനയും ത്യാഗപൂർണ്ണമായ പരോപകാര പ്രവർത്തികളും വഴി ഏവർക്കും മാതൃകാപരമായി ജീവിക്കുന്ന ഒരമ്മ. വലിയ ശബ്ദകോലാഹലങ്ങൾ ഒന്നുംതന്നെ ആ വീട്ടിൽ നിന്നും ഉണ്ടാകാറില്ല, ശാന്തമാണ്. സഹോദരങ്ങളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം ഹൃദ്യവും ദൃഢവുമാണ്. നല്ല വൃക്ഷത്തിന് നല്ല ഫലം നൽകാൻ മാത്രമല്ലേ കഴിയൂ. അത്തരത്തിലുള്ള സദ്‌വൃക്ഷം പ്രസവിച്ച സദ്ഫലമാണ് ബിഷപ്പ് ക്രിസ്തുദാസ്.

ക്രിസ്തുദാസ് പിതാവ് ബ്രദറായിരുന്ന കാലത്ത് ശ്രദ്ധിച്ച മറ്റൊരു കാര്യമുണ്ട്; പാവപ്പെട്ടവരോ



ടും രോഗികളോടും വൃദ്ധരോടും കാണിക്കുന്ന അധികസ്നേഹം. എന്തൊരു ഹൃദ്യതയോടും എളിമയോടും ലാളിത്യത്തോടുമാണ് അവരെ സന്ദർശിക്കുന്നതും അവരോട് സംസാരിക്കുന്നതും! തന്നാലാവുന്നത് അവർക്ക് നൽകാൻ അപ്പോഴും ഇപ്പോഴും ശ്രദ്ധിക്കുന്നുണ്ട്. അതെനിക്ക് പലതവണ അനുഭവമുള്ളതാണ്. കൈയ്യിൽ കാശില്ലാ തിരുന്ന പല സന്ദർഭങ്ങളിലും തന്നോട് സഹായം ചോദിക്കുന്നവർക്കും അനുകമ്പ തോന്നുന്നവർക്കുമായി എന്തെങ്കിലും നൽകാൻ അടുത്ത്നിന്ന അവസരങ്ങളിൽ എന്നോട് ആവശ്യപ്പെടുകയും അത് പിന്നീട് മറക്കാതെ എനിക്ക് തിരിച്ച് നൽകാറുമുണ്ട്. പല അവസര ത്തിലും തന്നാൽ ആവുന്നവിധം സഹായിക്കാനുള്ള സന്മനസ്സും താല്പര്യവും കാണിക്കാറുണ്ട്. അതാണ് ഈ പിതാവിന്റെ നന്മയും സൗന്ദര്യവും.


ഒരിക്കൽ നാട്ടുകാരായ അച്ചന്മാർ സുഖമില്ലാതെ തമിഴ്നാട്ടിൽ മയിലാടിയിൽ ആയിരുന്ന ക്രിസ്തുദാസ് അച്ചനെ കാണാൻപോയി. അവിടെ ഞങ്ങൾ കണ്ടത് ഞങ്ങളെ അമ്പരിപ്പിച്ച രോഗാവസ്ഥയും ചിന്തയ്ക്ക് അതീതമായ വേദനയിലൂടെ കടന്നുപോകുന്ന ക്രിസ്തുദാസ് അച്ചനെയുമാണ്. അവിടെവച്ചാണ് അറിഞ്ഞത് ഈ വേദന വർഷങ്ങളായി അച്ചൻ അനുഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന്. സഹനങ്ങളുടെ മധ്യേയും ഞങ്ങളോട് പരാതിയോ പരിഭ്രമമോ വേദനയുടെ ആഴമോ പ്രകടിപ്പിക്കാതെ വേദനയെ എല്ലാം ക്രിസ്തു കണക്കെ രക്ഷാകരമാക്കുന്നത് കണ്ടു. സഹനങ്ങളിൽ പതറാത്ത മനസ്സോടെ ക്രിസ്തു രാജന്റെ കരങ്ങളുംപിടിച്ച് നടന്നതുകൊണ്ടാവണം രാജാധിരാജനായ ക്രിസ്തുരാജനുമായി അഭേദ്യമായ ഒരു കൂട്ടുകെട്ട് ഇന്നും വച്ചുപുലർത്തുന്നത്. അത് ശരിയാണ് സഹിക്കുന്ന ആരിലും ക്രിസ്തുവുണ്ടല്ലോ!


പ്രധാനമായും ബ്രദറായിരുന്ന ക്രിസ്തുദാസിനെയാണ് ഞാൻ കൂടുതലായി ഈ ലേഖനത്തിൽ അനുസ്മരിക്കുന്നത്. പുരോഹിതശുശ്രൂഷയിലെ സ്തുത്യർഹമായ സേവനമേഖലകളെപ്പറ്റിയോ വൈവിധ്യമേറിയ മേൽപട്ടക്കാരന്റെ സേവന മേഖലകളെപ്പറ്റിയോ ഒന്നും കുറിക്കുന്നില്ല. ഒരു നാട്ടുകാരന്റെ മധുരസ്മരണകൾ മാത്രമാണിവിടെ കുറിക്കുന്നത്.

എനിക്ക് തോന്നുന്നത്, ക്രിസ്തുദാസ് പിതാവിന്റേത് ഒരു ബദൽജീവിത അജപാലന ശൈലിയാണ്. ഇതുപോലെ ജീവിക്കാൻ പലരും ശ്രമിക്കുന്നുണ്ട്; ഞാനും. കാരണം സ്വാഭാവികത നഷ്ടപ്പെടാത്ത, കൃത്രിമത്വം പെരുമാറ്റശൈലിയിൽ കൊണ്ടുവരാത്ത, പദവിയുടെയും സ്ഥാനകയറ്റത്തിന്റെയും ഭാവമോ പേശിപിടുത്തമോ ഇല്ലാത്ത ഒരു പിതാവാണ് ബിഷപ്പ് ക്രിസ്തുദാസ്. സ്വതസിദ്ധമായ ശൈലിയും മനുഷ്യസ്നേഹവും അനുകമ്പയും കൈമുതലാക്കി തീരത്തിന്റെ നാഥനെ മുറുകെപ്പിടിച്ച് എളിമകൊണ്ടും നൈർമല്യംകൊണ്ടും പദചലനം നടത്തുന്ന വ്യക്തിയാണ് ബിഷപ്പ് ക്രിസ്തുദാസ്. ജീവിതയാത്രയിൽ മുന്നോട്ടുപോകുമ്പോൾ ഏതൊരുനല്ല മനുഷ്യനും സംഭവിക്കാവുന്ന സന്തോഷവും സങ്കടങ്ങളും നിരാശയും വിമർശനങ്ങളുടെ പ്രഹരവും ഉണ്ടായേക്കാം. ആയിരിക്കിലും, പിതാവിന് ശുഭദിനങ്ങൾ കാലം കാത്തുവച്ചിട്ടുണ്ടെന്നാണ് മനസ്സ് പറയുന്നത്.

കാച്ചികുറുക്കി പറഞ്ഞാൽ, ദൈവം സൃഷ്ടിച്ച ഏറ്റവും മനോഹര സൃഷ്ടിയാണ് ബിഷപ്പ് ക്രിസ്തുദാസ്. തിരുവനന്തപുരം അതിരൂപതയെ സംബന്ധിച്ചിടത്തോളം അദ്ദേഹം അഭിമാനവും അലങ്കാരവുമാണ്.





To Be A
LIVING
REMINDER
of
GOD'S
LOVE
REDEMPTORISTINE
NUNS
Redemptoristine Nuns are enclosed contemplative
women who desire to live fully the Gospel.
We commit ourselves to follow Christ the Redeemer
in prayer and contemplation and
fraternal community.
It is our hope to begin a monastery in India and
welcome generous and open young women who feel
God calling them to the monastic life.
CONTACT US
WWW.REDNUNS.COM
Monastery of Saint Alphonsus, Dublin,
Ireland
Fr. Poly C.Ss.R +919497679039


Prayerful Wishess to
Rt. Rev. Dr. Christudas R.
Celebrating Silver Jubilee of Priesthood
MARIAN COLLEGE
OF
ARTS & SCIENCE
Approved by Government of Kerala & Affiliated to University of Kerala
Run by Latin Archdiocese, Thiruvananthapuram.


Best Compliments and prayerful greetings to
Rt.Rev .Dr.Christudas. R.
Hearty Congratulations dear Lordship...
CELEBRATING
25TH
PRIESTHOOD
MARY NILAYAM
SENIOR SECONDARY SCHOOL
Bapuji Nagar,Pongummoodu,TVM-695011


CONGREGATION OF OUR LADY OF CHARITY
OF THE GOOD SHEPHERD
GOOD SHEPHERD SISTERS, VIZHINJAM
Cont. 94800 36713, 94831 94891
Best Compliments to
RT. REV. DR. CHRUSTUDAS R.
Celebrating Silver Jubilee of Priesthood
IF YOUR HEART SAYS YES "YES" THEN WE INVITE YOU TO CONTACT WITH FAMILY OF THE GOOD SHEPHERD


അനുകമ്പയുടെയും സ്നേഹത്തിന്റെയും
ലാളിത്യത്തിന്റെയും പ്രതീകമായി എന്നും
പ്രശോഭിക്കുന്ന ക്രിസ്തുദാസ് പിതാവിന്
പൗരോഹിത്യ രജത ജൂബിലിയിൽ
ഹോളിക്രോസ് സന്യാസ
സമൂഹത്തിന്റെ
പ്രാർത്ഥനകളും
ആശംസകളും
Provincialate
Sisters of the Holy Cross
Kollam



# പുണ്യങ്ങളെ പ്രണയിക്കുന്ന പിതാവ്

**ആമുഖം**

അൾത്താരയെ അത്രമേൽ സ്നേഹിച്ചതുകൊണ്ടാണ് മൈലാടി വൈദ്യശാലയിൽ വേദനയുടെ മൂർദ്ധന്യാവസ്ഥയിൽ ക്രിസ്തുദാസ് പിതാവ് ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിച്ചത്: അൾത്താരയിൽ ബലിയർപ്പിക്കാനുള്ള അവസരം തരണമേയെന്ന്. കാരണം അൾത്താര പിതാവിന്റെ ആത്മീയ ശക്തിയുടെയും കരുത്തിന്റെയും സ്രോതസ്സാണ്. വി. അംബ്രോസ് പറയുന്നു. 'ഒരു യഥാർത്ഥ അൾത്താര പരികർമ്മിയായ വൈദീകൻ ദൈവത്തിനു വേണ്ടി ജനിച്ചവനാണ്.' അവന്റെ ഹൃദയം ക്രിസ്തുവിന്റെ ഹൃദയം പോലെ തിരുഹൃദയമായിരിക്കണം. ക്രിസ്തു ഈ ലോകത്ത് സന്നിഹിതനാകുന്നത് പുരോഹിതരിലൂടെയാണ്. ഓരോ പുരോഹിതനും ഈ ലോകത്ത് ക്രിസ്തുവിന്റെ മുഖമാണ്. ക്രിസ്തുദാസ് പിതാവിലും ക്രിസ്തുവിന്റെ മുഖമാണ്.

## 1. സൗഹൃദങ്ങളുടെ പിതാവ്

സൗഹൃദത്തെക്കുറിച്ച് ഇങ്ങനെ പറയാറുണ്ട്: 'സ്നേഹം മനോഹരമാണ് കാരണം അത് ഹൃദയത്തിൽ നിന്നും വരുന്നു. സൗഹൃദം അതിലും മനോഹരമാണ് കാരണം അത് മറ്റൊരു ഹൃദയത്തോടുള്ള കരുതലാണ്.' അത്യാവശ്യ സന്ദർഭങ്ങളിൽ, ആവശ്യസമയത്ത്, നമ്മെ ചേർത്തു നിറുത്തുന്ന പിതാവിന്റെ കരുതലാണ് അദ്ദേഹത്തെ സൗഹൃദങ്ങളുടെ പിതാവാക്കുന്നത്. സൗഹൃദയത്തിനു മാത്രമേ നമ്മുടെ മനസ്സു കാണാനും, അതിന്റെ സ്വപ്നങ്ങൾ അറിയാനും, കൂടെയിരിക്കാനും കഴിയുകയുള്ളൂ. കാണുമ്പോൾ മാത്രം ചിരിക്കുന്നതല്ല കാണാതിരിക്കുമ്പോഴും ഓർക്കാനും പ്രാർത്ഥിക്കാനും സുഹൃത്തുകൾക്കേ സാധിക്കുകയുള്ളൂ. സൗഹൃദങ്ങൾ ആകസ്മികമല്ല. അത് ദൈവീക പദ്ധതിയുടെ ഭാഗമാണ്. സൗഹൃദത്തിന്റെ എല്ലാ നന്മകളെയും പ്രകാശിപ്പിക്കുന്ന വ്യക്തിത്വമാണ് ക്രിസ്തുദാസ് പിതാവിന്റേത്. സൗഹൃദങ്ങൾ ഓർക്കാനും പുതുക്കാനുമുള്ള പിതാവിന്റെ സവിശേഷത അപാരമാണ്. കൂട്ടുകാരുടെ തെറ്റുകൾ ന്യായികരിക്കുകയും അതിന് കൂട്ടു നില്കുകയും ചെയ്യുന്ന ന്യൂജനറേഷൻ സൗഹൃദങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് പിതാവിന്റെ ശൈലി. തെറ്റുകളും, പാകപ്പിഴകളും ബോധ്യപ്പെടുത്തി തിന്മയിൽ നിന്ന് മാറാൻ സഹായിക്കുന്ന ശ്രേഷ്ഠ വ്യക്തിത്വത്തിന്റെ ഉടമയാണ് പിതാവ്. സ്വപ്നത്തെക്കാൾ, സ്നേഹത്തെക്കാൾ, സുന്ദരമായത് കവി മൊഴി പറയുമ്പോലെ എന്റെ ചിറകുകൾക്ക് ആകാശം നല്കുന്ന, ആത്മശീഖിരത്തിൽ എനിക്ക് കൂടു നല്കുന്ന സൗഹൃദമാണ്.



ഫാ. ഡൈസൻ

## 2. ആത്മീയതയുടെ പിതാവ്

നമ്മുടെ ജീവിതം കണ്ട് യേശു ക്രിസ്തു ആരാണെന്ന് ജനങ്ങൾ ചോദിക്കണം. ഇതിനെക്കാൾ വലിയ പ്രേഷിത പ്രവർത്തനമോ, സുവിശേഷവൽക്കരണമോ ഇല്ലായെന്നും, ജനങ്ങൾ ക്രിസ്തുവിനെ അനുഭവിക്കുവാൻ വേണ്ടി സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിലൂടെ സൃഷ്ടിക്കണമെന്ന് എപ്പോഴും തന്നെ സമീപിക്കുന്ന വൈദീകരോടും ജനങ്ങളോടും സ്നേഹപൂർവ്വം ക്രിസ്തുദാസ് പിതാവ് പറയാറുണ്ട്. ജീവിതം കൊണ്ട് ക്രിസ്തുശിഷ്യൻ പ്രതിഫലിപ്പിക്കേണ്ടത് ക്രിസ്തുവിനെയാണ്! ക്രിസ്തുവില്ലെങ്കിൽ നമ്മൾ വട്ടപൂജ്യങ്ങളാണെന്നും ക്രിസ്തു കൂടെയുണ്ടെങ്കിൽ നമ്മളാണ് യഥാർത്ഥ ഹീറോസെന്നും ദൈവജനങ്ങളെ ബോധ്യപ്പെടുത്താറുണ്ട്. എന്നിലെ ഞാൻ ഇല്ലാതാകുമ്പോൾ ക്രിസ്തു എന്നിൽ രൂപപ്പെടുകയും ജീവിക്കുകയും ചെയ്യുന്നു. എന്നിലെ ഞാൻ മുറിയുമ്പോൾ എന്നിൽ കുരിശ് രൂപപ്പെടുന്നു. ഉള്ളിൽ കുരിശുള്ളവനാകാൻ എന്നിലെ ഞാൻ മുറിയണമെന്ന ആത്മീയ ചിന്തയുള്ള പിതാവാണ് ക്രിസ്തുദാസ് പിതാവ്. ബലിപീഠത്തിനരുകിലാണ് മീവൽ പക്ഷിയും കുരുകിൽ പക്ഷിയും സങ്കേതം തേടുന്നത്. അതുപോലെ ഒരോ ക്രിസ്ത്യാനിയും ബലിപീഠത്തിലാണ് തന്റെ സങ്കേതം തേടേണ്ടതെന്ന് പിതാവ് വൈദികരെയും ദൈവജനത്തെയും ഓർമ്മിപ്പിക്കാറുണ്ട്.

## 3. പരാതികളില്ലാത്ത പിതാവ്

ജീവിതം പരാതികളുടെ ലിറ്റനിയല്ല. പരാതിപ്പെടുന്ന മനസ്സ് സ്നേഹിക്കുകയോ, ജീവിക്കുകയോ ചെയ്യുന്നില്ല. അത് ജീവിതത്തിൽ ദൈവം നല്കിയ നന്മകളെ കാണാനുള്ള കാഴ്ചയെ അന്ധമാക്കുന്നു. എന്തിനും ഏതിനും പരാതിപ്പെടുന്ന ഒരു പരാതിക്കാരൻ നമ്മുടെ ഉള്ളിലുണ്ട്. ആ പരാതിക്കാരൻ നമ്മുടെ ജീവിതത്തെ മാത്രമല്ല മറ്റുള്ളവരുടെ ജീവിതത്തെയും ദുസ്സഹവും ദു:ഖപൂർണ്ണവുമാക്കുന്നു. പരാതി പറയാൻ ധാരാളം കാരണങ്ങളുണ്ടായിട്ടും ക്രിസ്തുദാസ് പിതാവ് ഒന്നിനെക്കുറിച്ചും പരാതി പറയുന്നില്ല. പരാതി പറയുന്ന മർത്തയുടെ അധരങ്ങളാകാതെ ക്രിസ്തുവിന്റെ പാദാന്തികത്തിൽ പരാതികളില്ലാതെ, ശാന്തമായി ഇരിക്കുന്ന മറിയത്തിന്റെ ഹൃദയമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്ന് പിതാവിന് ബോധ്യമുണ്ട്. ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ശ്രദ്ധയോടെയാണ് പിതാവ് ഹൃദയത്തിൽ സൂക്ഷിക്കുന്നത്. "പരാതി പറയുന്ന ക്രിസ്ത്യാനി നല്ല ക്രിസ്ത്യാനിയല്ല.' ഇല്ലാത്ത സൗഭാഗ്യങ്ങളെക്കുറിച്ച് പരാതി പറയാതെ, ആവശ്യപ്പെടാതെ, പ്രതീക്ഷിക്കാതെ ലഭിച്ച സൗഭാഗ്യങ്ങൾക്ക് കൃതജ്ഞതയർപ്പിക്കുന്ന പിതാവിന്റെ ജീവിതം ഏവർക്കും പ്രചോദനാത്മകമാണ്.

## 4. എളിമയിൽ സമ്പന്നനായ പിതാവ്

ക്രിസ്തുദാസ് പിതാവിനെ എല്ലാവരും ഇഷ്ടപ്പെടുവാനുള്ള പ്രധാനകാരണം അദ്ദേഹത്തിന്റെ എളിമനിറഞ്ഞ ജീവിതമാണ്. പിതാവിന്റെ മുമ്പിൽ വരുന്ന ഓരോ വ്യക്തിയും പിതാവിനെക്കാൾ മുകളിലാണെന്നും അവർക്ക് അർഹമായ ആദരവ് നല്കി ബഹുമാനിക്കുന്ന പിതാവിന്റെ മനോഭാവമാണ് പിതാവിനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. കല്പിക്കുന്നതു അനുസരിക്കുന്ന പിതാവിന്റെ വിനായാവസ്ഥ അനുകരണീയമായ മാതൃകയാണ്. മനുഷ്യനെ മാലാഖയാക്കുന്ന ദൈവീക പുണ്യമായ എളിമ ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പിതാവിന്റെ ജീവിതം പഠിപ്പിക്കുന്നു. ദൈവം നല്കിയ പിതാവിന്റെ നിരവധിയായ കഴിവുകളെക്കുറിച്ച് പറയുമ്പോൾ, വിനയത്തോടെ പിതാവ് പറയും എന്നിൽ എന്തെങ്കിലും മേന്മയുണ്ടെങ്കിൽ അത് ദൈവത്തിന്റെ ദാനങ്ങൾ മാത്രമാണ്. എളിമയുള്ള മനസ്സിലെ ദൈവകൃപ കൂടുകെട്ടുകയുള്ളൂവെന്നുള്ള അദ്ദേഹത്തിന്റെ ബോ



**ക്രിസ്തുദാസ് പിതാവിനെ എല്ലാവരും ഇഷ്ടപ്പെടുവാനുള്ള പ്രധാനകാരണം അദ്ദേഹത്തിന്റെ എളിമനിറഞ്ഞ ജീവിതമാണ്. പിതാവിന്റെ മുമ്പിൽ വരുന്ന ഓരോ വ്യക്തിയും പിതാവിനെക്കാൾ മുകളിലാണെന്നും അവർക്ക് അർഹമായ ആദരവ് നല്കി ബഹുമാനിക്കുന്ന പിതാവിന്റെ മനോഭാവമാണ് പിതാവിനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. കല്പിക്കുന്നതു അനുസരിക്കുന്ന പിതാവിന്റെ വിനായാവസ്ഥ അനുകരണീയമായ മാതൃകയാണ്.**

ധ്യമാണ് ഇതാ കർത്താവിന്റെ ചെറിയവനെന്ന് അദ്ദേഹത്തെ പറയുവാൻ പ്രേരിപ്പിക്കുന്നത്. ക്രൈസ്തവ ജീവിതം മുന്നേറണമെങ്കിൽ എളിയുടെ മാർഗ്ഗം അനിവാര്യമാണ്. കാരണം ദൈവത്തിന്റെ കൃപ ലഭിപ്പാനും (യാക്കോബ് 4:6) പ്രാർത്ഥനകൾ കേൾക്കപ്പെടാനും (ദാനി 10:12) എളിമയുണ്ടാകണമെന്ന് പിതാവ് വിശ്വസിക്കുന്നു. തന്റെ എളിയ വചന പ്രഘോഷണങ്ങളിലൂടെ എളിമയുടെ രഹസ്യമെന്തെന്ന് പിതാവ് വെളിപ്പെടുത്തുന്നു. എളിമ കൊണ്ട് ചുരുങ്ങി വട്ടപൂജ്യങ്ങളായാൽ മാത്രമേ ദൈവം ആ പൂജ്യത്തിന്റെ മുമ്പിൽ ഒരു സംഖ്യ വരച്ചിടുകയുള്ളൂ. അത് ഒന്നാകാം അല്ലെങ്കിൽ ഒൻപതുവരെ വരുന്ന ഏതു സംഖ്യയുമാകാം. പൂജ്യത്തിനു മുമ്പിൽ ദൈവം നല്കുന്ന സംഖ്യയാണ് പൂജ്യത്തിന് വില നല്കുന്നത്. എളിമയില്ലെങ്കിൽ മനുഷ്യൻ ആത്മീയ രോഗിയായി മാറും; അവൻ വിനാശത്തിലേക്ക് കൂപ്പു കുത്തും.

### 5. യുവതയെ സ്നേഹിക്കുന്ന പിതാവ്

വഴിതെറ്റി നശിക്കുന്നതിനെക്കാൾ എത്രയോ നല്ലതാണ് യുവജനങ്ങളെ കൂടെ നിറുത്തി ദൈവീക പാതയിൽ നയിക്കുകയെന്നത് യുവതയെ പിതാവ് ഹൃദയത്തോടു ചേർത്തു പിടിക്കുവാൻ കാരണമതാണ്. യുവജനങ്ങൾ സഭയുടെ നട്ടെല്ലായി മാറണമെന്നും, അവർ ദൈവത്തിന്റെ കൈയ്യൊപ്പുള്ള വ്യക്തികളായിരിക്കണമെന്ന ലക്ഷ്യം മുൻനിറുത്തിയാണ് 2000-ആണ്ടിൽ തിരുവനന്തപുരം അതിരൂപതയുടെ യുവജനശുശ്രൂഷയുടെ ഡയക്ടറായിരുന്ന ക്രിസ്തുദാസ് അച്ചൻ "ക്രിസ്തോസ് 2000" എന്ന യുവജന കൂട്ടായ്മ സംഘടിപ്പിച്ചത്. മാത്രമല്ല തിരഞ്ഞെടുക്കപ്പെട്ട യുവജന പ്രവർത്തകർ ദൈവത്തിന്റെ കൈയ്യിലെ തൂലികയായി മാറണമെന്നും, ദൈവത്തിന്റെ മേൽവിലാസമായി തീരണമെന്നുള്ള ആത്മീയ ആഗ്രഹം മുൻനിറുത്തിയാണ് LAMP (LEADERSHIP AWARENESS MOTIVATION PROGRAMME) ന് രൂപം നല്കുന്നത്. യേശുവിനെ കണ്ടു മുട്ടുമ്പോഴാണ് പുതിയ ജീവിതമുണ്ടാകുന്നതെന്ന സത്യം KCBC, KRLCC, യുവജശുശ്രൂഷകളിലൂടെ പിതാവ് യുവജനങ്ങളെ പഠിപ്പിക്കുന്നത്. ഇന്ന് യുവജനങ്ങളെ ചേർത്തുപിടിച്ചാൽ മാത്രമേ നാളത്തെ സഭയ്ക്ക് നല്ല ഭാവിയുണ്ടാകുകയുള്ളുവെന്ന ബോധ്യത്താലാണ് പിതാവ് യുവജനങ്ങളെ സ്നേഹിക്കുന്നത്.

### ഉപസംഹാരം

ക്രിസ്തുവെന്ന ദിവ്യവ്യക്തിയായി തീരുക്കയെന്ന പ്രയാണത്തിലാണ് ക്രിസ്തുദാസ് പിതാവ്. പൗരോഹിത്യം പിതാവിന് വെറുമൊരു ആശയമോ, ചിന്തയോ, തത്വസംഹിതയോ, ദർശനമോ അല്ല; യേശുവായി തീരുകയെന്നതാണ്. ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായി പിതാവിന്റെ ജീവിതം എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കാം! ഫ്രാൻസിസ് പാപ്പാ പറയുന്നതുപോലെ വെറുമൊരു മേൽനോട്ടകാരനായ പിതാവാകാതെ ക്രിസ്തു സ്നേഹത്തിൽ ജ്വലിക്കുന്ന തീക്ഷ്ണമതിയായ പിതാവായി മാറാൻ ദൈവം അനുഗ്രഹിക്കട്ടെ!"



പൗരോഹിത്യ രജത ജൂബിലി
നിറവിലെത്തിയ അഭിവന്ദ്യ
ക്രിസ്തുദാസ് പിതാവിന്
പ്രാർത്ഥനാശംസകൾ
സെന്റ്. പീറ്റേഴ്സ് ദൈവാലയം
കൊച്ചുപള്ളി




**പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി**
**ആഘോഷിക്കുന്ന അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്**
**പ്രാർത്ഥനാശംസകൾ**

# ROSMINIAN SISTERS INDIA
# ROSMINI CONVENT HIGH SCHOOL
# CHERIYATHURA



# ക്രിസ്തുവാകുന്ന മഴയിൽ നനഞ്ഞവൻ



ഫാ. ഇമ്മാനുവേൽ

ആരാണ് പുരോഹിതൻ എന്ന ചോദ്യത്തിന് വി. ജോൺ മരിയ വിയാനിയുടെ മറുപടി - " പൗരോഹിത്യം മനുഷ്യനെ ദൈവത്തോളം ഉയർത്തുന്ന കൂദാശയാണ്. ദൈവത്തിന്റെ സ്ഥാനം വഹിക്കുന്നവനാണ് പുരോഹിതൻ."

അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് പൗരോഹിത്യത്തിന്റെ ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കുമ്പോൾ, 25-11. 1998 മറക്കാനാകാത്ത ഒരു തീയതിയും മാസവും വർഷവുമാണ്. കാരണം, ഞാൻ ആദ്യമായി തിരുപ്പട്ടബലിയിൽ പങ്കുകൊള്ളുന്നത് ക്രിസ്തുദാസ് അച്ചന്റെ പൗരോഹിത്യ ദിനത്തിലാണ്. അന്ന് എനിക്ക് പത്തുവയസ്സ് തികയുന്നതേയുള്ളൂ. അമ്മയുടെ സാരിത്തുമ്പും പിടിച്ച് വളരെ ആകാംക്ഷയോടെ ആ കർമ്മത്തിൽ മുഴുകിയത് ഇന്നും ഒരു മധുരസ്മരണയാണ്. തിരകൾ തഴുകു



ന്ന തീരങ്ങളുടെ മനോഹാരിത പോലെ ആ അനുഭവം മനസ്സിലെവിടെയോ ഒരു കൊച്ചു പ്രാവിൻ കുഞ്ഞിനെപ്പോലെ കുറുകിത്തുടങ്ങി. അതിനുശേഷമുള്ള ഓരോ തിരുപ്പട്ടകർമ്മവും ദൈവത്തിന്റെ വയലിനെ സ്വപ്നം കാണാൻ പ്രചോദിപ്പിച്ചുകൊണ്ടേയിരുന്നു.

2011 ൽ ആലുവാ സെമിനാരിയിൽ 2–ാം വർഷ ഫിലോസഫി പഠിക്കുന്ന കാലഘട്ടത്തിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്നും ഒരു വൈദികൻ അവിടെ പ്രൊഫസറായി വരുന്നുണ്ടെന്നറിഞ്ഞു. അത് ക്രിസ്തുദാസ് അച്ചനാണ് എന്നറിഞ്ഞപ്പോൾ അതിലേറെ സന്തോഷമുണ്ടായി. 'New Comers Day' യ്ക്ക് പുതിയ ബാച്ചിനെ സ്വാഗതം ചെയ്തു കഴിഞ്ഞ് പുതുതായി എത്തിയ രണ്ടു വൈദികരെ (വരാപ്പുഴ അതിരൂപതയിലെ ഫ്രാൻസിസ് അത്തിക്കാപ്പറമ്പിൽ, തിരുവനന്തപുരം അതിരൂപതയിലെ ക്രിസ്തുദാസ്) ക്ഷണിച്ചു. ഒരു പാട്ടുപാടണമെന്ന് ആവശ്യപ്പെട്ടപ്പോൾ ക്രിസ്തുദാസ് അച്ചൻ തന്റെ മധുരസ്വരത്തിൽ 'രാക്ഷസരാജാവ്' എന്ന സിനിമയിലെ നാലു വരികൾ മൂളി, 'സ്വപ്നം ത്യജിച്ചാൽ സ്വർഗം ലഭിക്കും. ദുഃഖം മറന്നാൽ ശാന്തിലഭിക്കും..." അച്ചന്റെ പാട്ടുകഴിഞ്ഞ് ബ്രദേഴ്സ് പരസ്പരം പറഞ്ഞു: 'നമുക്കൊരു പാട്ടുകാരൻ അച്ചനെ കിട്ടി." അവരുടെ ഈ വാക്കുകൾ മനസ്സിൽ സന്തോഷം നിറച്ചു.

ആലുവ കാർമൽഗിരിയിൽ സ്പാനിഷ് മിഷനറിമാർ പണികഴിപ്പിച്ച അതിമനോഹരമായ പ്രധാന കെട്ടിടത്തിന്റെ (ഇപ്പോഴത്തെ ഫിലോസഫി ബ്ലോക്ക്) വലത്ത് വശത്ത് ഒന്നാം നിലയിൽ ക്രിസ്തുദാസ് അച്ചന് നൽകപ്പെട്ട മുറിയിൽ വച്ചാണ് ആദ്യമായി പരിചയപ്പെടുന്നതും സംസാരിക്കുന്നതും. ബൃഹത്തായ മുറിയിൽ പുസ്തക കെട്ടുകളുടെ ഭാരമോ, പാണ്ഡിത്യത്തിന്റെ വാചാലതയോ, പേടിപ്പെടുത്തുന്ന ഭീകരത്വമോ ഞാൻ അവിടെ കണ്ടില്ല; മറിച്ച് ഒരു ചെറു പുഞ്ചിരിയും ഏതാനും കുറേ വാക്കുകളും മാത്രമായിരുന്നു. അതിനുശേഷം എന്റെ രൂപീകരണ നാളുകളിലൊക്കെ പിതാവിന്റെ സാന്നിധ്യം എന്നെ സ്വാധീനിച്ചിട്ടുണ്ട്.

ആലുവ സെമിനാരിയിൽ വന്ന വർഷം തന്നെ ക്രിസ്തുദാസ് അച്ചനെ സ്പോർട്സിന്റെ ഇൻചാർജ് ആയി നിയമിച്ചു. അടിമലത്തുറ ജയ് ക്രൈസ്റ്റ് ക്ലബിൽ കാൽപ്പന്തുകളിയിൽ വിസ്മയം കാട്ടിയിരുന്ന ക്രിസ്തുദാസ് അച്ചനെ ഫുട്ബോൾ ടീം അംഗങ്ങളായ ഞങ്ങളെല്ലാവരും ഇഷ്ടപ്പെട്ടിരുന്നു. നിർഭാഗ്യവശാൽ, ക്രിസ്തുദാസ് അച്ചന്റെ കാൽമുട്ടിന് പരിക്കേൽക്കുകയും ചികിത്സയ്ക്കായി പോകേണ്ടിവരികയും ചെയ്തു. ആ നാളുകൾ ഞങ്ങൾക്ക് ഒരു തീരാനഷ്ടമായി. അന്നും ഇന്നും ക്രിസ്തുദാസ് പിതാവിൽ നിന്നും പഠിച്ച ഒരു വലിയ പാഠം 'പുഞ്ചിരി'യെന്നാണ്. പത്തുപേജുകളുള്ള ഡയലോഗുകളെക്കാൾ ഏറ്റവും പ്രധാനം ഒരു പുഞ്ചിരിതന്നെയാണ്. അഭിവന്ദ്യപിതാവേ, ആയുധധാരിയെപ്പോലും പരാജയപ്പെടുത്തുന്ന അങ്ങയുടെ പുഞ്ചിരി പാരിൽ ശോഭിക്കട്ടെ.

സ്പാനിഷ് ഭാഷയിൽ രചിക്കപ്പെട്ട ഒരു കഥയുണ്ട്. അതിന്റെ മലയാള പരിഭാഷ 'പുരോഹിതൻ പരാജയപ്പെട്ട രാത്രി' എന്നാണ്. ഒരു കൊച്ചുപട്ടണത്തിൽ ഒരു പുരോഹിതൻ സ്ഥലം മാറിവരികയാണ്. അധികം വിശ്വാസികൾ വിശുദ്ധ ബലിക്ക് വരുന്ന സ്ഥലമായിരുന്നില്ല അത്. വിശ്വാസികളെ അതിലേക്ക് കൊണ്ടുവരുന്നതിനായി തന്നാൽ കഴിയുന്നവിധം ആ പുരോഹിതൻ പരിശ്രമിച്ചു. ഒരുമാസം കഴിഞ്ഞു അന്നുവൈകിട്ടാണ് വിശുദ്ധ കുർബാന. ആളുകൾ വരാത്തതിനാൽ പതിനഞ്ചുമിനിറ്റുകഴിഞ്ഞാണ് ദിവ്യബലി ആരംഭിച്ചത്. ആദ്യം മൂന്നു കുട്ടികൾ വന്നു, അഞ്ചു മിനിറ്റിനു ശേഷം രണ്ട് യുവാക്കളും വന്നു. അഞ്ചുപേരുമായി ആ വൈദികൻ കുർബാന ആരംഭിച്ചു. കുർബാനക്കിടയിൽ ഒരു ഭാര്യയും ഭർത്താവും

ദൈവാലയത്തിലേക്ക് വന്നു. അവസാന നിരയിലെ ബഞ്ചിൽ രണ്ടറ്റത്തുമായി ഇരുന്നു. വചന സന്ദേശം നൽകുന്നതിനിടയിൽ മുഷിഞ്ഞ വേഷം ധരിച്ച ഒരു മനുഷ്യൻ കൈയിൽ ഒരു കയറുമായി പള്ളിയിലേക്ക് വരുന്നത് വൈദികൻ പ്രത്യേകം ശ്രദ്ധിച്ചു. ആളുകൾ കുറവായിരുന്നതിന്റെ നിരാശ മുഖത്തുണ്ടായിരുന്നെങ്കിലും ആ കൊച്ചച്ചൻ ഭക്തിപൂർവം ബലി അർപ്പിക്കുകയും തീഷ്ണമായി പ്രസംഗിക്കുകയും ചെയ്തു. ആ രാത്രിയിൽ പള്ളിമുറിയിൽ രണ്ടുകള്ളന്മാർ അതിക്രമിച്ചുകയറി അച്ചനെ അടിച്ചുവീഴ്ത്തി, ബൈബിളും കുരിശുമുൾപ്പെടെ വിലപ്പെട്ട സാധനങ്ങൾ കവർന്നെടുത്തു. ആ വൈദികൻ ആ ദിനത്തെക്കുറിച്ച് മൂന്നുവരികൾ മാത്രം ഡയറിയിൽ എഴുതി: " എന്റെ ജീവിതത്തിലെ ഏറ്റവും സങ്കടം നിറഞ്ഞ ദിവസം, എന്റെ അജപാലന ജീവിതത്തിൽ ഏറ്റവും പരാജയപ്പെട്ട ദിനം, എന്റെ കരിയറിലെ ഏറ്റവും ഫലശൂന്യമായ ദിവസം..."

വർഷങ്ങൾ കടന്നുപോയി. കൊച്ചച്ചൻ വല്യച്ചനായി രൂപാന്തരം പ്രാപിച്ചു. വർഷങ്ങൾക്കു മുൻപ് തനിക്കുണ്ടായ അനുഭവം പുതിയ ഇടവകയിൽ ബലിമദ്ധ്യേ അദ്ദേഹം പങ്കുവച്ചു. കുർബാനയ്ക്കുശേഷം ഒരു വൃദ്ധ ദമ്പതികൾ അച്ചനെ സന്ദർശിക്കാൻ വന്നു. വർഷങ്ങൾക്കുമുൻപ് ആ ദൈവാലയത്തിൽ ഏറ്റവും പിറകിലത്തെ ബഞ്ചിലിരുന്ന ദമ്പതികളാണ് ഞങ്ങൾ. വിവാഹമോചനത്തിന്റെ വക്കിലെത്തിയിരുന്നു ഞങ്ങളുടെ ദാമ്പത്യം. അന്നത്തെ അച്ചന്റെ വചനസന്ദേശം ഞങ്ങളുടെ ജീവിതത്തെ മാറ്റിമറിച്ചു. ഞങ്ങളുടെ ദാമ്പത്യ വിജയത്തിന്റെ അടിസ്ഥാനം, അച്ചന് ഏറ്റവും സങ്കടം സമ്മാനിച്ച ദിവസത്തിൽ അച്ചൻ അർപ്പിച്ച ദിവ്യബലിയും നൽകിയ വചന സന്ദേശവുമാണ്. അപ്പോഴാണ് ഒരു ബിസിനസ്സുകാരൻ കയറിവന്ന് അച്ചനോട് പറഞ്ഞത്: അച്ചാ അച്ചൻ പറഞ്ഞ കഥയിൽ വചന സന്ദേശത്തിനിടെ കയ്യിലൊരു കയറുമായി മുഷിഞ്ഞവേഷം ധരിച്ച് പള്ളിയിലേക്ക് കയറിവന്ന ഭ്രാന്തനായ മനുഷ്യൻ ഞാനാണ്. ജീവിതം തകർന്നുപോയി, ആത്മഹത്യചെയ്യുന്നതിനായി ഒരു മരത്തിൽ തൂങ്ങി, നിർഭാഗ്യത്തിന് കയറ് പൊട്ടി നിലത്തുവീണു. വീണ്ടും മരണത്തിന് കീഴടങ്ങാൻ കയർ വാങ്ങി തിരിച്ചുവരുമ്പോഴാണ് വഴിയരകിൽ കണ്ട ദൈവാലയത്തിൽ കയറാൻ ഒരു ഉൾപ്രേരണ ഉണ്ടായത്. അപ്പോൾ അങ്ങ് വചനം പങ്കുവയ്ക്കുകയായിരുന്നു. ആ വാക്കുകൾ ഓരോന്നും എനിക്കുവേണ്ടി മാത്രം പറയുന്നതായി അനുഭവപ്പെട്ടു. ഹൃദയം നൊന്തുകരഞ്ഞുകൊണ്ട് ഞാൻ പള്ളിയിൽ നിന്നിറങ്ങി. അതെന്റെ രണ്ടാം ജന്മമായിരുന്നു. അച്ചാ, അജപാലന ശുശ്രൂഷയിൽ അച്ചൻ പരാജയപ്പെട്ട ദിനം എന്റെ രണ്ടാം ജന്മദിനമാണച്ചാ.

ഈ സംസാരത്തിനിടയിൽ സങ്കീർത്തിയിൽ നിന്ന് ഒരു ഡീക്കൻ വിളിച്ചുപറഞ്ഞു: അച്ചന്റെ ജീവിത കഥയിലെ വില്ലൻ ഞാനാണച്ചാ. അന്ന് പള്ളിമുറിയിൽ കവർച്ച ചെയ്യാൻ കയറിവരിൽ ഒരുവനാണ് ഞാൻ. അന്നുരാത്രിയിലെ രണ്ടാമത്തെ മോഷണശ്രമത്തിനിടയിൽ എന്റെ കൂട്ടുകാരൻ കൊല്ലപ്പെട്ടു. പിന്നീടുള്ള ജീവിത യാത്രയിൽ അന്ന് അച്ചന്റെ മുറിയിൽ നിന്ന് മോഷ്ടിച്ച ബൈബിളായിരുന്നു എന്റെ ജീവതാളം. അച്ചന്റെ കരിയറിലെ ഏറ്റവും ഫലശൂന്യമായ ദിവസമാണ് എനിക്ക് ദൈവത്തെയും സഭയേയും തന്നത്. കരയാനല്ലാതെ മറ്റൊന്നിനും ആ പുരോഹിതന് സാധിച്ചില്ല. അന്നുരാത്രി ആ വല്യച്ചൻ തന്റെ ഡയറിയിൽ ഇപ്രകാരം കുറിച്ചു: " തോൽവികൾ എന്നുകരുതി ഞാൻ കരഞ്ഞ രാത്രികളിലായിരുന്നു കിരീടവുമായി എന്റെ ദൈവം എന്നെ സന്ദർശിച്ചത്."

ഓ പുരോഹിതാ നിന്റെ തോൽവികൾ പലതും അപരനു
സൗഖ്യം നൽകുന്ന ലേപനങ്ങളാണ്...
നിന്റെ കണ്ണീർ തുള്ളികൾ ദൈവതിരുമുമ്പിലുള്ള പുണ്യപുഷ്പങ്ങളാണ്...
ആരും ഗ്രഹിക്കാത്ത നിന്റെ തീവ്ര വേദനകൾ
അനേകർക്ക് പുതുവെളിച്ചം നൽകിയ രാവുകളായിരുന്നു
ക്രിസ്തുവാകുന്ന മഴയിൽ നനഞ്ഞാൽ
ഇനിയേതു വെയിലിനാണ് നിന്നെ പൊള്ളിക്കാനാവുക!








**On the occasion of the sesquicentennial celebration of the birthday of St. Therese, the centenary of Her beatification,the perpetual profession of the four CDM Sisters and on the blessing and inauguration of the General House of the Carmelites of Divine Mercy, We are extremely happy to celebrate the Silver Jubilee of the Priestly Ordination of Your Excellency Christudas R. We wish God's abundant blessings upon Your Excellency.**


MARIA RANI CENTER
Pallotti Lane Gandhipuram
Sreekariyam, P.O, Pangappara
Thiruvananthapuram
പൗരോഹിത്യ രജത ജൂബിലി
ആഘോഷിക്കുന്ന അഭിവന്ദ്യ
ക്രിസ്തുദാസ്
പിതാവിന്
പ്രാർത്ഥനാശംസകൾ


Prayerful wishes to
Rt. Rev. Dr. Christudas R.
Celebrating Silver Jubilee of Priesthood
ദരിദ്രരോടും ഏറ്റവും അവഗണിക്കപ്പെട്ടവരോടും
സുവിശേഷം അറിയിക്കാൻ നിങ്ങൾ തയ്യാറാണോ...?
എങ്കിൽ ദിവ്യരക്ഷക സഭ നിങ്ങളെ ക്ഷണിക്കുന്നു...
For vocation promotion contact:
Fr. Ginu Cleetus : 944-656-8516
Fr. Dinu : 70345 46455
Fr. Nidhin : 83281 46937
Charism : To preach the good news to the poor and the most abandoned
REDEMPTORIST COMMUNITY
MUTTADA, TRIVANDRUM.





# രജത ജൂബിലി മംഗളങ്ങൾ

**ജോസ് കെ. മാണി**

പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ വചനാനുഷ്ഠിത ആഹ്വാനങ്ങൾ അനുസരിച്ച് തന്റെ പൗരോഹിത്യ അജപാലന ശുശ്രൂഷയാൽ സഭയ്ക്കും സമൂഹത്തിനും വിശുദ്ധമായ വിശിഷ്ട സേവനം കാഴ്ചവച്ചയാളാണ് അദ്ദേഹം. തീരദേശ ജനതയെ തന്റെ ഹൃദയത്തോട് ചേർത്തുനിർത്തി അവർക്ക് മാർഗദീപമാകാൻ കൊച്ചുപിതാവിന് കഴിഞ്ഞു. ക്രിസ്തുദേവന്റെ സുവിശേഷ മൂല്യങ്ങൾ മനുഷ്യ നന്മയ്ക്കായി ഉപയോഗിക്കാൻ തന്നിലെ ഇടയ ദൗത്യം കൊച്ചുപിതാവ് വിനിയോഗിക്കുന്നു.

തീരദേശ മേഖല അഭിമുഖീകരിക്കുന്ന ആനുകാലിക വിഷയങ്ങളിൽ യഥാസമയം പ്രതികരിക്കാനും സഭയുടെ ആശയപരമായ അടിത്തറയിൽ നിന്നു കൊണ്ട് സഭാംഗങ്ങളെയും തീരദേശജനതയെയും സംരക്ഷിക്കാൻ കൊച്ചുപിതാവ് ക്രിയാത്മകമായി ഇടപെടുന്നു.

കടലിന്റെ അവകാശം കടലിന്റെ മക്കൾക്ക് എന്ന ആവശ്യത്തിൽ തിരുവനന്തപുരത്ത് കേരള കോൺഗ്രസ് (എം) സംഘടിപ്പിച്ച സംസ്ഥാനതല സെമിനാറിൽ കൊച്ചുപിതാവിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. വിശുദ്ധിയുടെ അടയാളമായ നിഷ്കളങ്കമായ ചിരികൊണ്ടും സംസാരംകൊണ്ടും അതേ സമയം അപ്പസ്തോലിക ധീരത നിലനിർത്തിയും നവ്യമായും അദ്ദേഹം ഞങ്ങളോട് സംസാരിച്ചു. തീരദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ഗൗരവമായ പ്രശ്നങ്ങളെ നിസ്സാരവൽക്കരിക്കാൻ അനുവദിക്കരുതെന്ന നിലപാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഇന്ത്യൻ പാർലമെന്റിൽ മത്സ്യത്തൊ ഴിലാളി കൾക്കായി ശബ്ദമുയർത്തി യത്തിയപ്പോൾ ഞാൻ ഓർത്തതും കൊച്ചു പിതാവ് ഉൾപ്പെടെ നടത്തിയ സഭയുടെ ധർമ്മ സമരങ്ങളായിരുന്നു.

എന്റെ പിതാവ് കെ. എം. മാണി സാറിന് ലത്തീൻ രൂപതയുമായുള്ള ബന്ധം വളരെ സ്നേഹത്തോടെ എപ്പോഴും ഞാൻ ഓർക്കാറുണ്ട്. ദൈവദാസൻ അച്ചാരുപറമ്പിൽ മെത്രാപ്പോലീത്തയുടെ കാലം മുതൽ ബിഷപ്പ് എമിരിറ്റസ് സൂസപാക്യം വലിയ പിതാവിന്റെ കാലത്ത് സെക്രട്ടറി ആയിരിക്കുമ്പോൾ വരെ കൊച്ചുപിതാവിന് കെ.എം മാണിസാറുമായി ഹൃദയബന്ധം ഉണ്ടായിരുന്നു. കർഷക തൊഴിലാളി കൾക്കൊപ്പമാണ് മത്സ്യത്തൊഴിലാളികളെന്നും മണ്ണിനോട് മല്ലടിച്ച് വിയർപ്പിന്റെ അപ്പം തിന്നുന്ന കർഷക തൊഴിലാളിയും ആർത്തിരമ്പുന്ന തിരമാലകളെ അതിജീവിച്ച് ജീവൻ പണയപ്പെ ടുത്തി ജീവിക്കുന്ന മത്സ്യത്തൊഴിലാളികളും ഒരേ നാണയത്തിന്റെ ഇരുവശങ്ങൾ ആണെന്നും മാണിസാർ ഞങ്ങളെ പഠിപ്പിച്ചു.

ചില മനുഷ്യർ അവരുടെ ജീവിതം അടയാളപ്പെടുത്തുന്നത് മറ്റുള്ളവരുടെ ഹൃദയത്തിലാണ്. സഹനവും സാന്ത്വനവും ഇഴചേർന്നു പോകുന്ന ജീവിതമാണ് കൊച്ചുപിതാവിന്റേത്. അതുകൊണ്ടുതന്നെ കാലത്തിനോ അതിന്റെ അപചയങ്ങൾക്കോ അവയെ മറക്കാനോ മായ്ക്കാനോ കഴിയില്ല.

കേരളം പ്രളയം പോലുള്ള സമാനതകളില്ലാത്ത ദുരന്തങ്ങളിലൂടെ കടന്നു പോയപ്പോൾ നമുക്കൊപ്പം നിന്നവരാണ് മത്സ്യത്തൊഴിലാളി സഹോദരങ്ങൾ.അവർ ആശ്വാസത്തിന്റെ തുഴകളുമായി തുഴഞ്ഞെത്തിയത് നമ്മുടെ ജീവിതത്തിലേക്കാണ്. വേദനിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിലും വലിയ സദ് പ്രവൃത്തി എന്താണുള്ളത്? ലത്തീൻ അതിരൂപതയുടെ സ്ഥാനം ചരിത്രത്തിന്റെ ഏടുകളിലല്ല മനുഷ്യന്റെ ഹൃദയങ്ങളിലാണ്. ഒരു കൂട്ടം ഹൃദയ വിശുദ്ധിയുള്ള മനുഷ്യരെ അവർക്കൊപ്പം നിന്ന് സ്നേഹത്തോടെ നയിക്കുന്ന കൊച്ചു പിതാവിന് ഒരിക്കൽ കൂടി രജത ജൂബിലി മംഗളങ്ങളും, പ്രാർത്ഥനാശംസകളും നേരുന്നു.



**കടലും കടൽജീവിതങ്ങളുമായുള്ള ആത്മബന്ധം പകർത്താമോ എന്നാരാഞ്ഞപ്പോൾ കൊച്ചുപിതാവ് തിരയടങ്ങാക്കടലായി... സ്നേഹം തിളങ്ങുന്ന ഒരു കടൽ... പിറവി മുതൽ ചിരപരിചിതമായ ആവാസവ്യവസ്ഥ. ജീവിതത്തിൽ നിന്ന് ഒരുതരത്തിലും അടർത്തിമാറ്റാനാവാത്ത ഒന്ന്!**

# ഇത്ര ചെറുതാകാനെത്ര വളരേണം...!

അപാരതയുടെ കടലനുഭവങ്ങളും വിശാലമായ പൊൻ മണൽത്തീരവുമുള്ള അതീവസുന്ദരമായ കടലോരഗ്രാമമാണ് അടിമലത്തുറ. ആത്മാക്കളുടെ മോക്ഷപ്രാപ്തിക്കായി പരിഹാരജപങ്ങൾ ഉരുവിടുന്ന ഒരു നവംബറിൽ ക്രിസ്തുരാജത്വത്തിരുന്നാളായി കല്പിക്കപ്പെട്ട ഇരുപത്തഞ്ചാംതീയതി, കടൽപ്പണിക്കാരനായ രാജപ്പനും പ്രിയ ഭാര്യ ആഞ്ജലീനയ്ക്കും കടിഞ്ഞൂൽ പുത്രനെ കയ്യിലെടുക്കാൻ കഴിഞ്ഞപ്പോൾ അതേ രാജനുമുമ്പിൽ മകന് ക്രിസ്തുദാസ് എന്ന് പേരിട്ട് ധന്യത തേടി ആ ദമ്പതികൾ. ഇടയൻ ജനത്തിന് സേവകനാകണം എന്ന യേശുവിന്റെ സ്നേഹ വഴിയിലേക്ക് ആ മകനെ അവർ ചേർത്തുവച്ചു. ആ മകനെ തുടർന്ന് അഞ്ച് ആൺമക്കൾകൂടി ആ മാതാപിതാക്കൾക്ക് ജനിച്ചു. ആദ്യപുത്രനെ ദൈവത്തിന്റെ കരവേലയ്ക്കായി സമർപ്പിച്ചപ്പോൾ രണ്ടാമത്തെ മകൻ തീരത്ത് കടലനുഭവങ്ങളിലേക്ക് ഉപജീവനം തേടി അച്ഛന്റെ പിൻഗാമിയായി. മറ്റുനാലുപേരും പുറംനാടുകളിലേക്ക് തൊഴിൽതേടി യാത്രയായി. തനിക്ക് അച്ചനുമമ്മയും നല്കിയ പേരിനെ അന്വർഥമാക്കുംവിധത്തിൽ ജീവിക്കാൻ എന്നും കഴിയണേ എന്ന പ്രാർത്ഥനയുമായി ക്രിസ്തുവിനെ പിൻചെല്ലാൻ ഇറങ്ങിത്തിരിച്ച നാൾവഴികൾക്ക് രണ്ടര പതിറ്റാണ്ടിന്റെ നിറവ് കൈവന്നിരിക്കു



ഡോ. ഐറിസ്

കയാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ സഹായമെത്രാനായ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്.

തുമ്പ കടൽത്തീരഗ്രാമത്തോടുചേർന്നുള്ള കലാലയത്തിലെ ദീർഘകാലത്തെ അധ്യാപനത്തിനിടയിലാണ് എനിക്ക് തിരുവനന്തപുരം അതിരൂപതയിൽ നിന്നുള്ള വൈദികവിദ്യാർഥികളെ പരിചയപ്പെടാൻ കഴിഞ്ഞത്. പലരും മലയാളഭാഷയും സാഹിത്യവും പഠിക്കാനെത്തി. മറ്റുള്ളവർ കലാലയത്തിലെ വിദ്യാർഥികളെന്ന നിലയിലും പരിചിതരായി. പഠിക്കാനെത്തുന്ന വിദ്യാർഥികളിൽ നാളെയുടെ അനന്തസാധ്യതകൾ കാണാൻ കഴിഞ്ഞിരുന്നതുകൊണ്ടുതന്നെ ഒരു തിരച്ചിലിനപ്പുറം അധ്വാനഭാരമേല്ക്കുന്ന അവരുടെ കുടുംബങ്ങളെയും അവരുടെ പ്രതീക്ഷകളെയും തിരിച്ചറിയാൻ സാധിച്ചു. ഓരോ തെളിനാളത്തെയും കൂടുതൽ തിളക്കമുള്ളതാക്കുകയാണല്ലോ അധ്യാപകനിയോഗം. അത്തരത്തിൽ കടന്നുപോയ തലമുറകൾ പില്ക്കാലത്ത് ജീവിതക്കടലിൽ തുഴയെറിഞ്ഞ് അമരത്ത് നില്ക്കുന്ന തറിഞ്ഞ ചാരിതാർഥ്യമാണ് 'കൊച്ചുപിതാവി'നെ കാണുമ്പോഴുള്ളിലുണരുന്നത്.

ആരവങ്ങളും മേളങ്ങളും വകഞ്ഞ്, മാധ്യമങ്ങളുടെ മഞ്ഞവെളിച്ചത്തിൽ നിന്നകന്ന്, തന്റെ ജനത്തെ – അരികിലാക്കപ്പെട്ടവരെ – സമൻമാരായിക്കണ്ട് ഊർജ്ജം പകർന്നുപോകുന്ന പ്രത്യാശപ്പറവയായാണ് കൊച്ചുപിതാവിനെ കാണുന്നത്. നീതി നിഷേധിക്കപ്പെടുന്ന, തൊഴിലവകാശങ്ങളും പാർപ്പിടത്തിന്റെ സ്വാസ്ഥ്യവും വിധിക്കപ്പെടാത്ത ഒരു സമൂഹത്തിന്റെ ഭാഗമാണ് താൻ എന്ന ചിന്ത അദ്ദേഹത്തിന്റെ നോക്കിലും വാക്കിലും എപ്പോഴും കാണാം.

ക്രിസ്തുവിനെ ജീവിതം കൊണ്ട് പൂർണമായി പിൻതുടരാൻ ബോധപൂർവം സ്വീകരിച്ച വഴിത്താരയിൽ പാട്ടും പന്തുകളിയും ധ്യാനാത്മകതയും ഒരുപോലെ ഇഴുകിച്ചേർക്കുന്ന ഒരു ലോകമാണ് കൊച്ചുപിതാവിന്റേതെന്ന് ശ്രദ്ധിച്ചാൽ മനസിലാകും. മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകൾക്കൊപ്പം ഇറ്റാലിയൻ, ജർമൻ, ലാറ്റിൻ, ഗ്രീക്ക്, ഹീബ്രു ഭാഷകളിലും വേണ്ടത്ര പരിജ്ഞാനം നേടി. ഈ ഭാഷകളിൽ ഗ്രീക്കും ഹീബ്രുവുമൊഴിച്ച് മറ്റുള്ളവയിൽ വായനയും എഴുത്തും ദിവ്യബലിയും അദ്ദേഹം അനായാസമായി കൈകാര്യം ചെയ്യുന്നു.

വാചാലമായിപ്പോകാവുന്ന പ്രസംഗങ്ങളേക്കാൾ സംഗീതത്തിന് മനുഷ്യമനസ്സുകളിൽ വലിയ സ്ഥാനമുണ്ടെന്നറിയുന്നതിനാൽ ദിവ്യബലിക്രമം ഗാനരൂപത്തിലേക്ക് മാറ്റി ദൈവാനുഭവം സൃഷ്ടിക്കാൻ കൊച്ചുപിതാവിന്റെ ഹൃദ്യമായ ഗാനാലപനങ്ങൾക്ക് കഴിയുന്നു. തന്റെ ഇടയദൗത്യത്തിന്റെയും ജീവിതസമർപ്പണത്തിന്റെയും ആഴങ്ങൾ, അദ്ദേഹം ആലപിച്ച്, ജനം സ്വീകരിച്ച,

'കണ്ണുകൾ നൽകിയ ദൈവം/നിൻ കണ്ണുനീർകാണാതിരിക്കുമോ?'

'കുരിശിലെ സ്നേഹമേ/ഹൃദയത്തിൽ വാഴുക/
കുരിശോളം വളരട്ടെ ഞാനും' എന്നീ മനോഹര ഗാനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്.

കൊച്ചുപിതാവിനെ ഏറെക്കാലമായി അറിയുമെങ്കിലും അദ്ദേഹത്തിന്റെ കരുതലും കരുണയും ഞാൻ തിരിച്ചറിഞ്ഞത് ഞങ്ങളുടെ മാതാപിതാക്കളെ നഷ്ടപ്പെട്ട നാളുകളിലായിരുന്നു. അശരണതയുടെ ഇരുണ്ട ആ കാലത്ത്, പിതാവ് 2017 നവംബർ 25 ന് തന്റെ പൗരോഹിത്യവാർഷികദിനമായിരുന്നിട്ടും അദ്ദേഹം ഞങ്ങളുടെ വീട്ടിലേക്ക് വന്ന് പ്രാർത്ഥനാനുശോചനങ്ങൾ അറിയിച്ച് ഞങ്ങളുടെ അച്ഛന്റെ ആത്മാവിന് അനുഗ്രഹം ചേർത്തു. അമ്മയുടെ മരണം 2021 നവംബർ 22 നായിരുന്നു. അന്നും കൊച്ചുപിതാവ് ഓടിയെത്തി. മാത്രമല്ല, പള്ളിയിലേക്ക് പുറപ്പെടുംമുൻപുള്ള പ്രാർത്ഥനാ



ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. ഒരു വിളിപ്പാടകലെ സാഹോദര്യത്തിന്റെ ഉത്തരവാദിത്തമേറ്റ് ഒപ്പമുണ്ടെന്ന് ചേർത്തുനിർത്തുന്ന ആ സ്നേഹത്തിന്റെ സാമീപ്യം എത്രവലിയ സാന്ത്വനമാണ് ഞങ്ങളുടെ കുടുംബാംഗങ്ങൾക്ക് നൽകിയത്!

കൊച്ചുപിതാവിന്റെ പൗരോഹിത്യരജതജൂബിലിക്കാലത്ത് ജീവിതത്തോടുള്ള സമീപനത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ വളരെ ആർജ്ജവത്തോടെയാണ് പിതാവ് പ്രതികരിച്ചത്. അദ്ദേഹത്തിന്റെ നാൾവഴികളിലൂടെ മഹത്ജീവിതങ്ങളെക്കുറിച്ച് അദ്ദേഹം ഓർമിച്ചത് ഇപ്രകാരമാണ്. ഒരു പേര് എന്നതിലും എത്രയോ അധികമായി ക്രിസ്തുവിന്റെ സത്ത ജീവിതത്തിന്റെ എല്ലാ അടരുകളിലും നിറയുന്നു (ഗ്രീക്ക് നിരുക്തിയിൽ ക്രിസ്തോസ് എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവൻ, അഭിഷിക്തൻ എന്ന് അർത്ഥമുള്ളതാണ് ക്രിസ്തു). 'ഓരോ വ്യക്തിയിലും ഞാൻ ക്രിസ്തുവിനെ കാണുന്നു." എന്ന വിശുദ്ധ മദർതെരേസയുടെ സേവനപാതയെ ജീവിക്കുന്ന ദൈവാനുഭവമായി തിരിച്ചറിയുന്നു. ദൈവത്തിലേക്കുള്ള അചഞ്ചല വിശ്വാസം, എല്ലാത്തിനോടും എല്ലാവരോടുമുള്ള സ്നേഹമായി പരിവർത്തിപ്പിക്കാൻ കഴിഞ്ഞ മദറിന്റെ ലാളിത്യം എന്നും ആവേശം പകരുന്നു. വിശുദ്ധ കൊച്ചുത്രേസ്യയോടും അകൈതവമായ ഭക്തിയുണ്ട്. അഭിവന്ദ്യ ഫ്രാൻസിസ് പാപ്പയുടെ വേറിട്ട ചിന്തകളും മാനവസാഹോദര്യവും മാർഗദീപമാണ്.

പ്രിയമുള്ള വായനയിൽ ബൈബിളിനാണ് മുഖ്യസ്ഥാനം. ഉറവവറ്റാത്ത ദർശനങ്ങൾ സദാകാലവും ലഭ്യമാക്കുന്ന ദൈവവചനം ഉറ്റതോഴനാണ്. ഇതരമതഗ്രന്ഥങ്ങൾ – ഗീതയും ഖുറാനും പോലുള്ളവ – വായിച്ചറിയുന്നതുവഴി മതേതരമൂല്യങ്ങളെ മാനിക്കാനും ജനത്തെ ഒരുമയോടെ കാണാനുതകുന്ന സന്ദേശങ്ങൾ അവയിൽ നിന്ന് പകർന്നേകാനും കഴിയുന്നു. അവയ്ക്ക് ക്രിസ്തുദർശനങ്ങളുമായി സാമ്യമുണ്ട്. ജീവചരിത്രങ്ങളും ആത്മകഥകളും ഓരോ വ്യക്തിയുടെയും ജീവിതകഥയെ മറനീക്കി കാണിക്കുന്നു. "എനിക്ക് എന്റെ ഒരു കഥയുണ്ട്" എന്നതുപോലെ അവയും കഥകളാണ്. യുവാക്കളുടെ ചിന്താധാരകളെ സ്വാധീനിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന കൃതികളും ശ്രദ്ധയോടെ വായിക്കാറുണ്ട്.

കടലും കടൽജീവിതങ്ങളുമായുള്ള ആത്മബന്ധം പകർത്താമോ എന്നാരാഞ്ഞപ്പോൾ കൊച്ചുപിതാവ് തിരയടങ്ങാക്കടലായി... സ്നേഹം തിളങ്ങുന്ന ഒരു കടൽ... പിറവി മുതൽ ചിരപരിചിതമായ ആവാസവ്യവസ്ഥ. ജീവിതത്തിൽ നിന്ന് ഒരുതരത്തിലും അടർത്തിമാറ്റാനാവാത്ത ഒന്ന്! അപ്പൻ പണിക്ക് പോകാനൊരുങ്ങുമ്പോൾ വലയുമെടുത്ത് കട്ടമരത്തോളം ചെല്ലുന്ന മകന്റെ പിന്തുണ... കുരിശുവരച്ച് കടലിലേക്ക് മരംവിടുന്ന നാളുകൾ. ആപത്തൊഴിഞ്ഞ്, അച്ഛൻ അന്നത്തിനുള്ള വകയുമായെത്തണേ എന്ന ഉള്ളകത്തിന്റെ നിരന്തരമായ പ്രാർഥന.

കുട്ടിയായിരുന്ന കാലത്തൊരിക്കൽ കൊച്ചുകൂട്ടു



കാരന്റെ അപ്പന് കടലിൽ നിന്ന് നേരിടേണ്ടിവന്ന അപകടം കൺമുന്നിൽ ഇന്നുമുണ്ട്. അതിന്റെ വിങ്ങൽ കണ്ണുനനയ്ക്കുമ്പോൾ, ഇന്നും കടലിൽ നിന്ന് മടങ്ങിവരാത്ത വാഴ്വുകളെയോർത്ത് ഉള്ള് മൂകമായി ഇരമ്പുന്നു..

ഇടയന്റെ ദൗത്യം, ഈ കണ്ണീർച്ചാലുകളിലൂടെ നടക്കാൻ വഴികാട്ടി തുണയ്ക്കലാണ്. കടലിന്റെ പണിയിടങ്ങളും തീരവും പാർപ്പും ഒക്കെ നഷ്ടപ്പെടേണ്ടിവരുന്ന ഒരു സമൂഹത്തിന്റെ തീരാനോവുകൾക്ക് അർഹമായ പരിഹാരം തേടുക എന്നത് ജീവിതവ്രതം തന്നെയായിട്ടാണ് കൊച്ചുപിതാവ് മനസ്സിലാക്കുന്നത്.

സ്വാതന്ത്ര്യത്തോടെ തന്നോടിടപെടുന്ന സ്കൂൾകാലത്തെ കൂട്ടുകാർ പിതാവിന് ഏറെ പ്രിയപ്പെട്ടവരാണ്. മതിലുകളില്ലാത്ത മനുഷ്യർ... തന്നോടൊപ്പം വളർന്നുനീങ്ങിയവർ. അവർക്ക് താൻ കണ്ണാടിച്ചില്ലിനപ്പുറത്തെ ആത്മീയതയല്ല – തികച്ചും സാധാരണക്കാരനായ പ്രിയ സ്നേഹിതൻ. അവരുടെ സ്വാതന്ത്ര്യം, നൽകുന്ന ആഹ്ലാദവും തിരിച്ചറിവും എളിമയുടെ വഴികളിൽ തുടരാൻ പ്രചോദനമാകുന്നു.

"ഈ ചെറിയവരിൽ ഓരോരുത്തരുമായി നീ നിന്നെ പങ്കിടുന്നത് ഞാനുമായി നിന്നെ പങ്കിടുന്നതുതന്നെ.' എന്ന ജീവിക്കുന്ന ക്രിസ്തു അനുഭവവുമായി വൈദിക ജീവിതം ഇനിയുമിനിയും ഉജ്ജ്വലമാകട്ടെ എന്ന ഏറ്റവും ഹൃദ്യമായ സ്നേഹാശംസകളും പ്രാർഥനയും നേർന്നുകൊള്ളുന്നു... ഒപ്പം നടക്കലിന്റെപൊരുളുകൾ ആ ജീവിതത്തെ ധന്യമാക്കട്ടെ! ചെറുതാകുക എന്നതിന്റെ വലിപ്പം എത്രയെന്ന് പറയാതെ പറഞ്ഞ് കടന്നുപോകുന്നൊരു സ്നേഹം!

25 YEARS

For God, for the Church and for the People

Silver Jubilee Greetings to



**H. E. BISHOP CHRISTUDAS R.**

**AUXILIARY BISHOP OF THE LATIN ARCHDIOCESE OF TRIVANDRUM**

**VERY REV FR PETER CHAKIATH OCD**

PROVINCIAL

**MALABAR PROVINCE OF THE DISCALCED CARMELITES**

Mount Carmel Provincial House

Cotton Hill, Thycaud P.O., Trivandrum – 695014





**OSJ FATHERS, HOLY INNOCENTS PUBLIC SCHOOL**

KALLUMALAKUNNU,VENNICODE.P.O,VARKALA

THIRUVANANTHAPURAM-695318

**ST. JACOB'S TRAINING COLLEGE**

MENAMKULAM, KAZHAKUTTOM, THIRUVANANTHAPURAM KERALA - 695 563





**2016 ഫെബ്രുവരി രണ്ടിന് തിരുവനന്തപുരം അതിരൂപതയുടെ പിന്തുടർച്ചാവകാശമില്ലാത്ത സഹായമെത്രാനായും അവിറ്റാബീബാ രൂപതയുടെ സ്ഥാനികമെത്രാനായും ഫ്രാൻസിസ് പാപ്പ നിയമിച്ച ക്രിസ്തുദാസ് പിതാവ്, 1971-ലെ ക്രിസ്തുരാജത്വതിരുനാൾ ദിനമായ നവംബർ 25-നാണ് അടിമലത്തുറ ഇടവകയിൽ ജനിച്ചത്. തിരുവനന്തപുരം അതിരൂപതയിലെ ആദ്യ ഓക്സലറി ബിഷപ്പാണ് അദ്ദേഹം.**

# അനന്തപുരിയുടെ ക്രിസ്തുരാജൻ



രതീഷ് ഭജനമഠം

അനന്തപുരിദേശവാസികളെ സംബന്ധിച്ച് ഏറെ പുണ്യപ്പെട്ട മാസമാണ് നവംബർ. തലസ്ഥാനനഗരിയിലെ നാനാജാതിമതസ്ഥരായ ഭക്തജനങ്ങളുടെ പ്രധാന ക്രൈസ്തവ തീർത്ഥാടനകേന്ദ്രമായ തിരുവനന്തപുരം റോമൻ അതിരൂപതയിലെ വെട്ടുകാട് മാദ്രെ-ദെ-ദേവൂസ് ഇടവക ദൈവാലയത്തിലെ വിഖ്യാതമായ ക്രിസ്തുരാജത്വ തിരുനാൾ ഈ ദേശക്കാർക്ക് നവംബറിന്റെ പുണ്യമാണ്. ഇത് മരിയൻ ദൈവാലയമാണെങ്കിലും വെട്ടുകാട് എന്ന പേര് കേൾക്കുമ്പോൾ, ആശീർവദിക്കുവാൻ കരങ്ങൾ ഉയർത്തിപ്പിടിച്ച് നിൽക്കുന്ന ക്രിസ്തുരാജന്റെ പുണ്യരൂപമാണ് വിശ്വാസിഹൃദയങ്ങളിൽ കടന്നു വരിക. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പ്രേഷിത പ്രവർത്തനകാലത്തോളം പാരമ്പര്യ മുള്ള ക്രൈസ്തവ സാന്നിധ്യമുള്ള വെട്ടുക്കാട്ടിലെ ക്രിസ്തുരാജഭക്തി ആരംഭിക്കുന്നത് 1942-ലാണ്. ആഗോളസഭയിലെ തന്നെ ഏറ്റവും പ്രമുഖ ക്രിസ്തുരാജ തീർത്ഥാടന കേന്ദ്രമായി ഇന്ന് ഈ പുണ്യഭൂമി വളർന്നിരിക്കുന്നു.

1925 ഡിസംബർ 11-ന്, പരിശുദ്ധപിതാവ് 11-ാം പീയൂസ് പാപ്പായാണ് ആഗോള





*വര: **അലീന എ.പി.***
*കെ.സി.എസ്.എൽ. മെമ്പർ,*
*കാർമൽ എച്ച്എസ്എസ്,*
*തിരുവനന്തപുരം*

**യേശുവിന്റെ സ്നേഹത്തിന്റെ ദർശനത്തിൽനിന്ന് വഴിമാറി ജീവിക്കുന്ന മനുഷ്യരും കുടുംബങ്ങളും സമൂഹങ്ങളും രാഷ്ട്രങ്ങളും ക്രിസ്തുവിന്റെ രാജത്വം അംഗീകരിക്കേണ്ട വലിയ പ്രാധാന്യത്തെ പാപ്പ ഈ പ്രഖ്യാപനത്തിലൂടെ ഉയർത്തികാട്ടി. ക്രിസ്തു ഉയർത്തിപ്പിടിച്ച സ്നേഹത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും ധാർമ്മികതയുടെയും ക്ഷമയുടെയും പ്രമാണങ്ങളും പ്രബോധന ങ്ങളും എതിർക്കപ്പെടുകയും ധിക്കരിക്കപ്പെ ടുകയും ചെയ്യുന്ന ദേശങ്ങളിലും രാജ്യങ്ങളിലും അക്രമങ്ങളും അരാജകത്വങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും വർദ്ധിക്കുന്നു.**

തിരുസഭയിൽ ക്രിസ്തുരാജത്വതിരുനാൾ ആരംഭിക്കുവാനുള്ള ഔദ്യോഗിക ആഹ്വാ നവും പ്രഖ്യാപനവും നടത്തിയത്. വിശുദ്ധഗ്രന്ഥങ്ങളും സഭാപാരമ്പര്യങ്ങളും പൈതൃക ങ്ങളും നൂറ്റാണ്ടുകളായുള്ള വിശ്വാസവും ഉയർത്തിപ്പിടിച്ചുകൊണ്ട്, ക്വാസ്പ്രിമാസ് എന്ന അപ്പസ്തോലിക തിരുവെഴുത്തിലൂടെയാണ് പാപ്പ ക്രിസ്തുരാജത്വതിരുനാൾ പ്രഖ്യാപിച്ചത്. ഏറെ വെല്ലുവിളികൾ നിറഞ്ഞുനിന്നിരുന്ന ആ കാലഘട്ടത്ത് സഭയെ വിശ്വാസവഴിയെ ധീരതയോടെ നയിച്ചിരുന്ന 11-ാം പീയൂസ് പാപ്പ, സമസ്തജനതയും ക്രിസ്തുവിന്റെ പരമാധിപത്യം അംഗീകരിച്ച് രാഷ്ട്രീയ-സാമൂഹിക ജീവിതവും സംഘടനാപ്രവർത്തനങ്ങളും, ക്രിസ്തുവിന്റെ വഴിയും പ്രമാണവും നീതിയും ധാർമ്മികതയും അനുസരിച്ച് ക്രമീകരിച്ച് ഭൗതികജീവിതം സമാധാനപരമാക്കാനും പ്രധാനമായി അത്യു ന്നതമായ നിത്യജീവൻ ഭദ്രമാക്കുന്നതിനും വേണ്ടിയാണ് ഈ തിരുനാൾ ആരംഭിച്ചത്. യേശുവിന്റെ സ്നേഹത്തിന്റെ ദർശനത്തിൽനിന്ന് വഴിമാറി ജീവിക്കുന്ന മനുഷ്യരും കുടുംബങ്ങളും സമൂഹങ്ങളും രാഷ്ട്രങ്ങളും ക്രിസ്തുവിന്റെ രാജത്വം അംഗീകരിക്കേണ്ട വലിയ പ്രാധാന്യത്തെ പാപ്പ ഈ പ്രഖ്യാപനത്തിലൂടെ ഉയർത്തികാട്ടി. ക്രിസ്തു ഉയർത്തി പ്പിടിച്ച സ്നേഹത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും ധാർമ്മികതയുടെയും ക്ഷമയുടെയും പ്രമാണങ്ങളും പ്രബോധനങ്ങളും എതിർക്കപ്പെടുകയും ധിക്കരിക്കപ്പെ ടുകയും ചെയ്യുന്ന ദേശങ്ങളിലും രാജ്യങ്ങളിലും അക്രമങ്ങളും അരാജകത്വങ്ങളും മനുഷ്യാ വകാശലംഘനങ്ങളും വർദ്ധിക്കുന്നു. ഒന്നാംലോകമഹായുദ്ധത്തിനുശേഷം യുദ്ധത്തിന്റെ അതിരൂക്ഷമായ കെടുതികൾ ജനങ്ങളിൽനിന്ന് അകന്നുവെങ്കിലും ദുരിതങ്ങളിൽപ്പെട്ട ജനതകൾ സമഗ്രവിമോചകനും ആശ്വാസദായകനുമായ യേശുവിലേക്ക് തിരിയുവാനും അവർ സമാധാനത്തോടെ ജീവിക്കണമെന്ന ഉന്നതമായ ലക്ഷ്യത്തോടെയുമാണ് പാപ്പാ ഈ തിരുനാളിന് ആഹ്വാനം നൽകിയത്. തുടർന്ന് നടന്ന രണ്ടാംലോകമഹായുദ്ധ കാലത്ത് ജനങ്ങൾക്ക് ആശ്വാസവും ശാന്തിയും നൽകാൻ സമാധാനരാജാവായ യേശുവിനെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ രാജത്വം പ്രചരിപ്പിക്കുവാൻ പാപ്പാ പരിശ്രമിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്നുള്ള തിരുസഭയുടെ ആരാധനക്രമവർഷത്തിന്റെ ക്രമീകരണമനുസരിച്ച് സമാധാനം കുറിക്കുന്നത്ക്രിസ്തുരാജന്റെ തിരുന്നാളോടെയാണ്. ഈ തിരുനാൾ ഏതാണ്ട് നവംബർ മാസത്തെ അവസാന ഞായറാഴ്ചയായിരിക്കും ആചരിക്കുന്നത്.

ഭാരതത്തിലെ പൗരാണിക റോമൻ കത്തോലിക്ക രൂപതയായ കൊല്ലത്തെ വിഭജിച്ച് 1937-ൽ 11-ാം പീയൂസ് പാപ്പ സ്ഥാപിച്ച തിരുവനന്തപുരം രൂപതയെ 2004-ൽ വി.ജോൺ പോൾ രണ്ടാമൻ പാപ്പാ അതിരൂപതയായി ഉയർത്തി. 2016 ഫെബ്രുവരി രണ്ടിന് തിരുവനന്തപുരം അതിരൂപതയുടെ പിന്തുടർച്ചാവകാശമില്ലാത്ത സഹായമെത്രാനായും അവിറ്റാബീബാ രൂപതയുടെ സ്ഥാനികമെത്രാനായും ഫ്രാൻസിസ് പാപ്പ നിയമിച്ച ക്രിസ്തുദാസ് പിതാവ്, 1971-ലെ ക്രിസ്തുരാജത്വതിരുനാൾ ദിനമായ നവംബർ 25-നാണ് അടിമലത്തുറ ഇടവകയിൽ ജനിച്ചത്. തിരുവനന്തപുരം അതിരൂപതയിലെ ആദ്യ ഓക്സലറി ബിഷപ്പാണ് അദ്ദേഹം. 2016 ഏപ്രിൽ 3 ന് ക്രിസ്തുദാസ് പിതാവിന്റെ മെത്രാഭിഷേക കർമ്മം നടന്നത് സൂസപാക്യം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വെട്ടുകാട് ക്രിസ്തുരാജസന്നിധിയിൽവച്ചെന്നതും ദൈവനിയോഗമായി.


Prayers and best wishes to
Rt. Rev. Dr. Christudas R.
on his Silver Jubilee
of Priesthood
ST JOSEPH'S HIGHER
SECONDARY SCHOOL
THIRUVANANTHAPURAM


HEARTY CONGRATULATIONS ON YOUR SACERDOTAL SILVER JUBILEE DEAR
Rt. Rev. Dr. CHRISTUDAS R.
PRAYERFUL WISHES FROM MANAGEMENT, STAFF & STUDENTS
ST. JOSEPH OF CLUNY PUBLIC SCHOOL VELLAMKOLLY, ATTINGAL



# സിനഡാത്മകതയെ സംബന്ധിക്കുന്ന സിനഡ്: പൊതുവായ പ്രതീക്ഷ

ഫ്രാൻസിസ് പാപ്പ 2021 ഒക്ടോബർ മാസം പ്രാരംഭം കുറിച്ച ഡിനസാത്മാകതയെ സംബന്ധിക്കുന്ന സിനഡിന് 2023 ഒക്ടോബർ ആകുമ്പോഴെയ്ക്കും രണ്ട് വർഷം പിന്നിടുന്നു. ഇതിനകം വിവിധ തലങ്ങളിൽ ലോകമെമ്പാടും കത്തോലിക്കാസഭ പരിശുദ്ധാത്മാവിൽ പ്രചോദിതയായി 'ഒരുമിച്ചു യാത്രചെയ്തുകൊണ്ട്' (Journeying together) വളരുവാനുള്ള ചർച്ചകൾ ആരംഭിച്ചു. ഈ ചർച്ചങ്ങൾ രൂപതാതലത്തിലും ദേശീയ തലത്തിലും ഭൂഖണ്ഡ തലത്തിലും നടത്തപ്പെട്ടു. വത്തിക്കാൻ കേന്ദ്രീകരിച്ച് നടത്തപ്പെടുന്ന രണ്ട് ആഗോള ഒത്തുചേരലുകളോടുകൂടി സിനഡാത്മക സഭയെ സംബന്ധിക്കുന്ന സിനഡിന്റെ പൂർത്തീകരണം സംഭവിക്കുന്നു. ഇതിൽ ഒന്നാമത്തെ ഒത്തുചേരലാണ് 2023 ഒക്ടോബർ 4 മുതൽ 29 വരെ നടന്നത്. രണ്ടാമത്തെ ആഗോള കൂടിവരവ് നടക്കാനിരിക്കുന്നത് 2024 ഒക്ടോബർ മാസമായിരിക്കും. "സിനാഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രാദേശിക-ദേശീയ-ഭൂഖണ്ഡ തലങ്ങളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഒന്നാമത്തെ ആഗോള കൂടിവരവിൽ വിലയിരുത്തപ്പെട്ടു. ഈ പശ്ചാത്തലത്തിൽ കത്തോലിക്കാസഭാ വിശ്വാസികൾ പൊതുവേ സിനഡാത്മക സഭയിൽ നിന്നും പ്രതീക്ഷിക്കുന്നതും പ്രത്യാശിക്കുന്നതും എന്തെല്ലാമാണെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും.



ഫാ. ലോറൻസ് കുലാസ്

### ജനമധ്യത്തിൽനിന്ന് വേറിട്ടുപോയവരെ ശ്രമിക്കൽ

സിനഡാത്മക സഭയുടെ ഹൃദയം യേശുവിന്റെ പ്രബോധനങ്ങളിൽ അധിഷ്ഠിതമാണ്. ഒറ്റപ്പെട്ടുപോയവരുടെയും വിപ്ലവകരമായ സാമൂഹിക ഉൾച്ചേർക്കലാണ് (inclusion) യേശുവിന്റെ പ്രബോധനങ്ങളുടെ കാതൽ. സമൂഹത്തിന്റെ വിശാല വീഥിയിൽ കേൾക്കപ്പെടാതെ പോകുന്നവരാണ് പുനർവിവാഹിതർ (കത്തോലിക്കാ നിയമപ്രകാരം ഒരിക്കൽ വിവാഹിതരാവുകയും എന്നാൽ സിവിൽ നിയമപ്രകാരം വേർപിരിയുകയും തുടർന്ന് സിവിൽ നിയമപ്രകാരം തന്നെ പുനർവിവാഹം ചെയ്തവർ), നിയമപരമായി വിവാഹിതരാകാതെ കുഞ്ഞുങ്ങളെ ദത്തെടുത്ത് വളർത്തുന്നവർ, LGBTQ വ്യക്തികൾ, പൗരോഹിത്യവും സന്യസ്തവും, ഉപേക്ഷിച്ചവർ, കൂടിയേറ്റക്കാർ, ബഹുവൈവാഹിക ജീവിതം നയിക്കുന്നവർ, വിവാഹിതരാകാതെ ഒരുമിച്ച് ജീവിക്കുന്നവർ. ഇവരുടെ ശബ്ദവും സഭശ്രവിക്കേണ്ടതാണ്.

രൂപതാതലത്തിൽ നടന്ന സിനഡൽ പ്രക്രിയയിൽ പോലും ഇക്കൂട്ടരുടെ പങ്കാളിത്തത്തിനോ സ്വരത്തിനോ ഇടം കിട്ടാതെ പോയി. സിനഡൽ പ്രക്രിയയുടെ ഫലമായി രൂപപ്പെടുത്തിയ രേഖകളിൽ ഇവരെക്കുറിച്ചുള്ള വിലാപങ്ങൾ ഉയർന്നിട്ടുണ്ടെങ്കിലും പ്രസ്തുത പ്രക്രിയയിൽ ഇവരെ സജീ

വമായി ഉൾപ്പെടുത്താനുള്ള ക്രിയാത്മകശ്രമം നടന്നിട്ടില്ല. കത്തോലിക്കാസഭയുടെ ഒരുമിച്ചുള്ള യാത്ര സിനഡ് സ്വപ്നം കാണുന്നതുപോലെ സാധ്യമാക്കുന്നത് ഈ വിധത്തിൽ ഒറ്റപ്പെട്ടുപോയവരെയും സഭയുടെ ഭാഗമായി ഉൾക്കേർക്കുമ്പോഴാണ്. പൊതു സമൂഹം ഇത് തീർച്ചയായും ഈ സിനഡിൽ പ്രതീക്ഷിക്കുന്നു.

### സ്ത്രീകൾ: ദൈവജനത്തിൽ തുല്യർ

സഭയുടെ ആരാധനജീവിതത്തിൽ നിർണായക പങ്ക് വഹിക്കുന്നത് ഇന്ന് സ്ത്രീകളാണ്. സഭയുടെ മുഖ്യധാര പ്രവർത്തനങ്ങളിൽ സജീവമായി നിലകൊള്ളുന്നതും സ്ത്രീകൾ തന്നെയാണ്. എന്നിരുന്നാലും സഭാ പ്രവർത്തനങ്ങളുടെ ആശയ രൂപീകരണത്തിലും അവയുടെ നിർവ്വഹണത്തിലും വ്യക്തമായ സ്വാധീനം ചെലുത്തുന്നത് പുരുഷന്മാരാണ്. ദൈവജനമായി വിഭാവന ചെയ്യപ്പെട്ട സമൂഹത്തിൽ എണ്ണത്തിൽ ഏറെ ആയിട്ടും അപ്രസക്തമായ സ്ഥാനമാണ് സഭയിൽ സ്ത്രീകൾക്ക് നല്കപ്പെടുന്നത്. ഭൂരിപക്ഷത്തിനർഹമായ സാരഥ്യപങ്കാളിത്തം സഭയിൽ സ്ത്രീകൾക്ക് ലഭിക്കാതെ പോകുന്നത് ഏറെ ദുഃഖകരമാണ്.

ഇപ്പോൾ നടന്ന ആഗോള കൂടിവരവിൽ ആകെയുള്ള 465 പ്രതിനിധികളിൽ 80 പേർ സ്ത്രീകളാണെന്നുള്ളത് ആശാവഹമായ കാര്യമാണ്. സഭയുടെ ചരിത്രത്തിൽ തന്നെ ഇതാദ്യമാണ്. എന്നിരുന്നാലും സ്ത്രീകൾക്കും ദൈവീക പദവി നല്കുന്നതിനെ സംബന്ധിക്കുന്ന കാര്യം ചർച്ചകളിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. കൂടാതെ, സഭയിൽ വിവാഹിതരായ പുരുഷന്മാർക്ക് സ്ഥിരഡീക്കൻ പട്ടം നല്കുമ്പോൾ സ്ത്രീകൾ ഈ പദവിക്കായി പരിഗണിക്കപ്പെടുന്നില്ല.

ഇപ്രകാരം സ്ത്രീകൾ സഭയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ ഒട്ടനവധിയുണ്ട്. സ്ത്രീകളോടുള്ള സഭയുടെ കാഴ്ചപാടിൽ സമൂലമായ പരിവർത്തനം അത്യന്താപേക്ഷിതമാണ്. ദൈവജനത്തിൽ സ്ത്രീകൾ തുല്യരായി ഗണിക്കപ്പെടേണ്ടതും സഭയുടെ ഭരണ നിർവ്വഹണ പ്രക്രിയയിൽ സാരഥികളായി കടന്ന് വരേണ്ടവരുമാണ്. അപ്രകാരമുള്ള സംരംഭങ്ങൾക്കായി സ്ത്രീകളെ പരിശീലിപ്പിക്കേണ്ടതും സഭയുടെ ഉത്തരവാദിത്വമാണ്. ഈ ഉത്തരവാദിത്വം സിനഡാത്മക സഭയിൽനിന്ന് പൊതു സമൂഹം പ്രതീക്ഷിക്കുന്നു.

### പൗരോഹിത്യാധിപത്യത്തിന് സ്ഥാനചലനം

സഭാ ജനാഭിമുഖവും ജനകീയവുമാണ്. ഇന്ന് പലപ്പോഴും കണ്ട് വരുന്നത് പൗരോഹിത്യ ആധിപത്യം (clericalism) സ്ഥാപിക്കുവാനുള്ള ശ്രമമാണ്. സഭാപ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും ഇപ്രകാരമുള്ളൊരു പ്രവണത നിലനിന്ന് പോരുന്നു. പുരാതന മതാധികാരികൾ അവരുടെ അനുയായികളുടെ മേൽ അടിച്ചേൽപ്പിച്ചിരുന്ന കാര്യങ്ങളുടെ (കാണുക മത്താ 22:25) ഒരു പുനരാവിഷ്കാരം തന്നെയാണ് ആധുനിക പുരോഹിതരും അനുവർത്തിച്ച് പോരുന്നത്. ദൂരവ്യാപകഫലം ഉളവാക്കുന്ന ഈ പകർച്ച വ്യാധിയെ കടിഞ്ഞാണിടേണ്ടത് ആവശ്യമാണെന്ന് ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നു.

പുരോഹിതരും ജനങ്ങളും ഒരുമിച്ചുള്ള യാത്രയിൽ ആരും തന്നെ ഉന്നതരല്ല; മറിച്ച് സഭയെന്ന തുല്യത ഏവർക്കും കല്പിച്ചു നല്കുന്ന വൃത്തത്തിലാണ്. ഏവരും ശ്രോതാക്കളും സംഭാഷിക്കുന്നവരുമാണ്. ഇപ്രകാരം 'ഏക ശരീര' മെന്ന ഒരു വ്യക്തിത്വം സഭയ്ക്ക് കൈവരുന്നു. ആധിപത്യം ഉറപ്പിക്കപ്പെടുന്ന പൗരോഹിത്യമേധാവിത്വത്തിന് ഒരു ഉരുകൽ (melting) ഇന്നിന്റെ ആവശ്യമാണ്. ജനകീയവും ജനപങ്കാളിത്തവും കാംഷിക്കുന്ന സഭയാണ് സിനഡാത്മക സഭയിൽനിന്നും നാം പ്രതീക്ഷിക്കുന്നത്.


### നിയമാധിപത്യസ്വഭാവം vs സിനഡാത്മക സ്വഭാവം


പരമ്പരാഗത നിയമങ്ങൾക്കും മാമൂലുകൾക്കും അമിതമായ പ്രാധാന്യം കല്പിക്കുന്ന ഒരു പ്രവർത്തന ശൈലിയാണ് ഇന്നിന്റെ സഭയുടെ മുഖം. എല്ലാ വിഷയങ്ങളും പ്രശ്നങ്ങളും നിയമങ്ങളുടെ നൂലിഴകളിൽ പരിശോധിച്ച് തീർപ്പ് കല്പിക്കുവാൻ വെമ്പൽകൊള്ളുന്ന കാഴ്ചപാടിന് മാറ്റം വരണം. ഏവരെയും ശ്രവിച്ചുകൊണ്ട് കൂടുതൽ ജനാഭിമുഖമാകുവാൻ നിയമങ്ങൾ വഴിമാറേണ്ടതാണ്. നിയമങ്ങളുടെ കടുംപിടുത്തം സിനഡാത്മക സഭാ ജീവിതത്തിന് വിഘാതമാണ്. അതിനാൽ തന്നെ കാനോൻ നിയമത്തിന്റെ കാലാനുസൃതമായ പരിഷ്കരണവും അത്യന്താപേക്ഷിതമാണ്. ഈ സിനഡിൽ നിന്നും പൊതു സമൂഹം സഭാ നിയമങ്ങളുടെ പരിഷ്കരണം പ്രതീക്ഷിക്കുന്നു.


അതോടൊപ്പം സഭാകാര്യനിർവ്വഹണം കൂടുതൽ ജനകീയമാകണം. കാരണം, ഘടനാധിഷ്ഠിത സമ്പ്രദായത്തിലാണ് ഇന്നും സഭാകാര്യനിർവ്വഹണം നടത്തിപ്പോരുന്നത്. മേല്ത്തട്ടിൽ നിന്ന് ഉത്തരവുകൾ താഴെത്തട്ടുകളിലേക്ക് കൈമാറുന്ന രീതിയിൽനിന്നും വ്യതിചലിച്ച് ഒരിടത്തട്ടുകളുമില്ലാതെ കാര്യങ്ങൾ തീരുമാനിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്ന സ്വഭാവം സഭയ്ക്ക് കൈവരണം. സഭാകാര്യനിർവ്വഹണ ഘടനയിലും ശ്രദ്ധേയമായ സ്ഥാനചലനങ്ങൾ ഉണ്ടാകുവാൻ സിനഡാത്മക പ്രവർത്തനശൈലി രൂപപ്പെടേണ്ടതാണ്. ഒരു മേശയ്ക്കുചുറ്റും ഒരുമിച്ചിരുന്ന് തുറന്ന മനസോടെ കാര്യങ്ങൾ തീരുമാനിക്കുന്ന സവിശേഷസ്വഭാവരൂപമാണിത്. ഇപ്പോൾ നടന്ന ആഗോള കൂടിവരവിൽ 10 പേർ അടങ്ങുന്ന ഓരോ ഗണങ്ങളായി ഒരു മേശയ്ക്കുചുറ്റുമിരുന്നു സംസാരിച്ചും ശ്രവിച്ചും മുന്നോട്ടുപോകുന്ന രീതി ശ്രദ്ധേയമായി. ആരും ആരുടേയും മുകളിലോ കീഴിലോ അല്ലാതെ ഒരുമിച്ച് ഹൃദയം കൊണ്ട് തീരുമാനമെടുക്കുന്ന കാര്യനിർവ്വഹണ രൂപം സഭയ്ക്ക് കൈവരണമെന്ന് പൊതുസമൂഹം പ്രതീക്ഷിക്കുന്നു.

ഉപസംഹാരം

മേൽ സൂചിപ്പിച്ച വിഷയങ്ങൾ കൂടാതെ നിരവധിയായ വിഷയങ്ങൾ പൊതുസമൂഹം സിനഡിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്. പ്രത്യേകിച്ച്, സഭയിൽനിന്ന് യുവജനങ്ങൾ അകലുന്നതിന്റെ കാരണങ്ങൾ അന്വേഷിക്കേണ്ടതും അവരെ സഭയിലേക്ക് മടക്കി കൊണ്ടുവരേണ്ടതിനും വേണ്ട നിർദ്ദേശങ്ങളും ഈ സിനഡിലുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ആരാധനക്രമം പോലും ദൈവജനത്തെ വിഭജിച്ച് നിർത്തുന്ന പ്രവണതയ്ക്ക് വിരാമമിടുന്ന തീരുമാനങ്ങളും ഈ സിനഡിൽ നിന്നും ജനം പ്രതീക്ഷിക്കുന്നു. ആത്യന്തികമായി, കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ഈ സിനഡ് ഏറെ നിർണായകമാണ്. സഭ ഇന്ന് അഭിമുഖീകരിക്കുന്ന വിഷയങ്ങൾക്കും വെല്ലുവിളികൾക്കും ഉത്തരം കണ്ടെത്തുവാൻ ഈ സിനഡ് തീർച്ചയായും സഹായകമാകും എന്നതിൽ സംശയമില്ല. പൊതുജനസമൂഹത്തിന്റെ സ്വപ്നങ്ങൾക്കൊത്ത് ഉയരുവാനും സിനഡിൽ നിന്ന് ജനം പ്രതീക്ഷിക്കുന്നവ നടപ്പിലാക്കുവാനും സിനഡാത്മക സഭയെ സംബന്ധിക്കുന്ന സിനഡിന് കഴിയട്ടെ!


100th
ANNIVERSARY
Celebrating the
Centenary Year of the
Visitation Congregation,
Alleppey
24th Jan. 2024
CONGRATULATIONS &
PRAYERFUL WISHES
ON YOUR SILVER JUBILEE
OF PRIESTHOOD
Rt. Rev. Dr. CHRISTUDAS R.


27.11.2023
Happiest 30th wedding anniversary to the world's best, loving, caring and youthful couples
FRANCIS
&
ANNAMMA
Mr. & Mrs. V. V. PAULOSE
Request your esteemed presence with fam
on the occasion of the marriage of
our daughter
ANNAMMA (Beeya)
with
FRANCIS
(S/o Mr. & Mrs. MANUEL FERNANDEZ
which will D. V be solemnized at
Madre - de - Deus Church, Vettucaud
On Saturday 27th November 1993 at 3.30
And thereafter for reception at
Christ the King Community Hall,
Vettucaud


CONGRATULATIONS &
PRAYERFUL WISHES
ON YOUR SILVER JUBILEE
TRUTH & JUSTICE
Best Compliments from
URSULINE CONVENT
JYOTI NILAYAM HIGHER SECONDARY SCHOOL
ST. ANDREW'S TRIVANDRUM




## പ്രശസ്ത തീർത്ഥാടന കേന്ദ്രമായ തിരുവനന്തപുരം വെട്ടുകാട്
## മാദ്രെ ദെ ദേവൂസ് ദൈവാലയത്തിൽ

# ക്രിസ്തുരാജത്വ തിരുനാൾ മഹോത്സവം

## 2023 നവംബർ 17 വെള്ളി മുതൽ 26 ഞായർ വരെ

17.11.2023, വെള്ളി 4.30 pm
**പൊന്തിഫിക്കൽ ദിവ്യബലി** : **മോസ്റ്റ് റവ. ഡോ. ക്രിസ്തുദാസ് രാജപ്പൻ**
(സഹായ മെത്രാൻ, തിരുവനന്തപുരം ലത്തീൻ അതിരൂപത)
6.30pm **കൊടിയേറ്റ്** **റവ. ഡോ. എഡിസൺ വൈ. എം**, (ഇടവക വികാരി)

24.11.2023 വെള്ളി 5.30pm : **മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.**
**പൊന്തിഫിക്കൽ ദിവ്യബലി** (ആർച്ച്ബിഷപ്പ് എമരിറ്റസ്, തിരുവനന്തപുരം അതിരൂപത)

26.11.2023 തിരുനാൾ ദിനം 5.30pm : **മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ**
**പൊന്തിഫിക്കൽ ദിവ്യബലി** (മെത്രാപ്പൊലീത്ത, തിരുവനന്തപുരം അതിരൂപത)

**- തീർത്ഥാടകർക്ക് സ്വാഗതം -**




## അതിരൂപത ജനറൽ ബോഡി യോഗം

2023 സെപ്റ്റംബർ 23 ശനിയാഴ്ച ഉച്ചയ്ക്ക് 2.30 ന് വെള്ളയമ്പലം റ്റിഎസ്എസ്എസ് സെന്റ് ആന്റണീസ് കോൺഫറൻസ് ഹാളിൽ വച്ച് ഗർഷോം പ്രവാസി ഫോറത്തിന്റെ പ്രഥമ അതിരൂപത ജനറൽ ബോഡി യോഗം നടന്നു. പൊതു യോഗത്തിൽ വച്ച് ഗർഷോം പ്രവാസി ഫോറത്തിന്റെ പ്രഥമ അതിരൂപത ഭാരവാഹികളെയും എക്സിക്യൂട്ടീവ് അംഗങ്ങളെയും തിരഞ്ഞെടുത്തു.

പ്രസിഡന്റ് ഫാ. ആഷ്ലിൻ ജോസ് (TSSS ഡയറക്ടർ), വൈസ് പ്രസിഡന്റ് ഫാ.സ്റ്റാലിൻ ഫെർണാണ്ടസ് (ഗർഷോം എക്സിക്യൂട്ടീവ് സെക്രട്ടറി & TSSS അസ്സി.ഡയറക്ടർ), വൈസ് പ്രസിഡന്റ് S. R. ലാലി മൊറൈസ് (വിഴിഞ്ഞം), സെക്രട്ടറി ഇഗ്നേഷ്യസ് ലയോള(അഞ്ചുതെങ്ങ്), ജോയിന്റ് സെക്രട്ടറി സ്റ്റെല്ല മേരി (വെള്ളയമ്പലം). ട്രഷറർ കിംഗ്സ്റ്റൺ മാർക്കോസ് (വെട്ടുകാട്).

## ഹോം മിഷൻ പ്രവർത്തനങ്ങൾ അഞ്ചുതെങ്ങ് ഇടവകയിൽ

സെപ്റ്റംബർ 3-ാം തീയതി സെന്റ് പീറ്റേഴ്സ് അഞ്ചുതെങ്ങ് ദൈവാലയത്തിൽ കുടുംബ കേന്ദ്രീകൃത അജപാലന യജ്ഞത്തിന് തുടക്കം കുറിച്ചു. ദിവ്യബലിയോടുകൂടി ആരംഭിച്ച ഹോം മിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് അതിരൂപതാ സഹായ മെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ. മുഖ്യകാർമ്മികത്വം വഹിക്കുകയും ഇടവക വികാരി റവ. ഫാ. ലൂസിയാൻ തോമസ്, സഹവികാരി ദീപു ക്രിസ്റ്റഫർ, ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി എന്നിവർ സഹകാർമ്മികരായിരുന്നു. അതിരൂപതയിലെ 20 സന്യസ്ത ഭവനങ്ങളിൽ നിന്നുള്ള സന്യാസിനികൾ ഹോം മിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് അവരുടെ സേവനം നൽകി വരുന്നു.

# സെന്റ് വിൻസെന്റ് ഡി പോൾ: തിരുവനന്തപുരം സെൻട്രൽ കൗൺസിൽ 51-ാം വാർഷികം ആഘോഷിച്ചു



തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ 51-ാം വാർഷിക സമ്മേളനം 2023, ഒക്ടോബർ പതിനാലാം തീയതി ശനിയാഴ്ച അതിരൂപത മെത്രാപ്പോലീത്ത മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ പിതാവ് പാളയം സെൻറ്. ജോസഫ് കത്തിഡ്രൽ ഓഡിറ്റോറിയത്തിൽ ഉൽഘാടനം നിർവഹിച്ചു. 'സഹജീവികളുടെ ദുഃഖത്തിലും, വേദനയിലും അവന്റെ ആവശ്യം മനസിലാക്കി നിറവേറ്റുന്നവനാരോ അവനാണ് നല്ല സമരിയാക്കാരൻ. സൊസൈറ്റി ഓഫ് സെൻറ്. വിൻസെന്റ് ഡി പോളിന്റെ പ്രവർത്തനങ്ങളെ മനസിലാക്കുന്ന ആർക്കും ആ നല്ല സമരിയാക്കാരനെ ദർശിക്കുവാൻ കഴിയും. അങ്ങനെ നോക്കുമ്പോൾ ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിൻസെൻഷ്യൻ സഹോദരനും, സഹോദരിയും നല്ല സമരിയാക്കാരാണെന്ന് 'അതിരൂപത മെത്രാപ്പൊലിത്ത ഉൽഘാടന പ്രസംഗത്തിൽ പറഞ്ഞു. തുടർന്ന്, സെൻട്രൽ കൗൺസിലിന്റെ വെബ്സൈറ്റിന്റെയും ിർദ്ധനരായ 68 വിദ്യാർത്ഥികൾക്ക് മൂന്നു വർഷത്തേക്കുള്ള സാമ്പത്തിക സഹായ പദ്ധതിയുടെയും ഉദ്ഘാടനം നിർവഹിച്ചു




*അഞ്ചുതെങ്ങ് ദൈവാലയത്തിൽ കുടുംബ കേന്ദ്രീകൃത അജപാലന യജ്ഞത്തിന് അതിരൂപതാ സഹായ മെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ. മുഖ്യകാർമ്മികത്വം വഹിക്കുന്നു*

## ആന്റണി ക്ലെമന്റ് എഴുതിയ പുസ്തകം പ്രകാശനം ചെയ്തു

പാളയം പള്ളിയുടെ 150ാം വാർഷികത്തോടനുബന്ധിച്ച് ദേവാലയത്തിന്റെ സാംസ്കാരിക ചരിത്രത്തെപ്പറ്റി ആന്റണി ക്ലമന്റ് രചിച്ച 'തിരുവനന്തപുരത്തിന്റെ തിലകച്ചാർത്ത് സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രൽ' എന്ന പുസ്തകത്തിൻറെ പ്രകാശനചടങ്ങിൽ പാളയം ഇടവക വികാരി മോൺ. വിൽഫ്രഡ് അധ്യക്ഷത വഹിച്ചു. ഇടവകയിലെ മുതിർന്ന അംഗമായ ശ്രീമതി ബേബി ക്ലമന്റിന് പുസ്തകം നൽകി മുൻമന്ത്രി ഷിബു ബേബി ജോൺ പ്രകാശനം കർമ്മം നിർവ്വഹിച്ചു.

## രാജ്യത്ത് ഭൂരിപക്ഷതിന്റേതെന്ന് സർക്കാർ അവകാശപ്പെടുന്ന ചെറിയ വിഭാഗത്തിന്റെ പെരുപ്പിച്ച ശബ്ദം: അരുന്ധതി റോയി

തിരുവനന്തപുരം : രാജ്യത്ത് കേൾക്കുന്നത് ഭൂരിപക്ഷതിന്റേതെന്ന് സർക്കാർ അവകാശപ്പെടുന്ന ചെറിയൊരു വിഭാഗത്തിന്റെ പെരുപ്പിച്ച ശബ്ദമാണെന്ന് പ്രമുഖ എഴുത്തുകാരിയും സാംസ്കാരിക പ്രവർത്തകയുമായ അരുന്ധതി റോയി പറഞ്ഞു. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന സെമിനാറിനോടനുബന്ധിച്ച് 'സേവ് ഡെമോക്രസി, സേവ് കോൺസ്റ്റിറ്റ്യൂഷൻ' എന്ന വിഷയത്തിൽ നടത്തിയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അവർ. ഒരു ഭരണാധികാരിയും ഒരു കോർപറേറ്റുമെന്ന രീതിയിൽ എല്ലാം ഒന്നാകുന്ന സ്ഥിതി. അത് രാജ്യത്തെ ഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് തിരിച്ചറിയാനാകുമെന്നാണ് പ്രതീക്ഷയെന്നും ജനങ്ങളെ അനുസരണ ശീലരാക്കുക്കയെന്നതാണ് പുതിയ രീതിയെന്നും അവർ ചൂണ്ടിക്കാട്ടി. ചോദ്യങ്ങൾ ഉണ്ടാകുക്കയെന്നതാണ് ഒരു ജനാധിപത്യ രാജ്യത്തിൽ പ്രാഥമികമായി ഉണ്ടാകേണ്ടത്. അറിയാനും ചോദിക്കാനും അനുമതിയില്ലാതാകുന്ന സ്ഥിതിയാണ് ഇന്ന് സംഭവിക്കുന്നതെന്നും ആ നിഷേധമാണ് ദേശവിരുദ്ധതയെന്നും അരുന്ധതി പറഞ്ഞു. എൻ. കെ. പ്രേമചന്ദ്രൻ എം. പി. ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഡോ. പോൾ തേലക്കാട്ട് അധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ, സി. പി. ഐ. ദേശീയ നിർവാഹക സമിതി അംഗം കെ. പ്രകാശ് ബാബു, ആർ. അജയൻ, കെ. ജി. താര, ഡോ. ലിസ്ബ യേശുദാസ്, പി. കെ. വേണുഗോപാൽ, പാളയം ഇമാം ഡോ. വി. പി. ഷുഹൈബ് മൗലവി തുടങ്ങിയവർ സംസാരിച്ചു.



*മരിയനാട് ഇടവക അംഗമായ മനീഷ M.Sc Statistics ന് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും മൂന്നാം റാങ്ക് കരസ്ഥമാക്കി. ക്ലമെന്റ് മരിയദാസി ദമ്പതികളുടെ മകളാണ്.*

## സിനഡിലെ സമ്മേളനത്തിൽ അധ്യക്ഷതവഹിച്ച് സമർപ്പിത

മെത്രാൻമാരുടെ സിനഡിൽ ഒരു സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുന്ന ആദ്യ വനിത എന്ന ചരിത്ര നിയോഗത്തിന് തിരഞ്ഞെടുക്കപ്പെട്ട സാൻ ജോസ് ദെ ലിയോൺ സന്ന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സിസ്റ്റർ മരിയ ദെ ലോസ് ദൊലോറെസ് വലെൻ സിയാ ഗോമെസ്, ഫ്രാൻസിസ് പാപ്പയോടൊപ്പം പ്രഥമ മേശയിൽ ഇരിക്കാൻ കഴിഞ്ഞത് സഭയിൽ വരാനിരിക്കുന്ന മാറ്റങ്ങളുടെ അട യാളമായ കൃപയും ദാനവുമാണെന്ന് അനുസ്മരിച്ചു. സ്ത്രീകളുടെ പങ്കാളിത്തം 'ഭാവിയിൽ വരാനിരിക്കുന്ന മാറ്റങ്ങൾക്കായുള്ള വേദിയൊരുക്കലാണ്. ഇത് മെല്ലെ നീങ്ങുന്ന ഒരു പ്രക്രിയയാണ്. പതുക്കെ പതുക്കെ മാറ്റങ്ങൾ നമുക്ക് കാണാനാകും,' സിനഡിലേക്ക് പാപ്പാ നാമനിർ ദേശം ചെയ്ത് പത്ത് പ്രസിഡന്റ് ഡെലഗേറ്റുമാരിൽ ഒരാളായ സിസ്റ്റർ ഗോമെസ് വത്തിക്കാനിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സിനഡിലെ 365 പ്രതിനിധികളിൽ ഈ വനിതാ പ്രാതിനിധ്യം സിനഡിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്

## ലഹരിമുക്ത പരുത്തിയൂർ: അല്മായ സംഘടനകളും രംഗത്ത്

പരുത്തിയൂർ : ഒക്ടോബർ 1 മുതൽ പൊഴിക്കരയിൽ പ്രദേശവാസികളുടെ സഹകരണത്തോടെ പരുത്തിയൂർ ഇടവക നടപ്പിലാക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് വിവിധ ആല്മായ സംഘടനകളും കെ എൽ സി ഡബ്ലിയു എ അംഗങ്ങളും എസ് എച്ച് ജി അംഗങ്ങളും ഒക്ടോബർ 20 ന് ലഹരി വിരുദ്ധറാലി നടത്തി.

ലഹരി വിരുദ്ധ പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടമായി രാത്രി ഏഴു മുതൽ പതിനൊന്ന് മണിവരെയും രാത്രി സമയങ്ങളിലെന്നപോലെ പകൽ സമയങ്ങളിലും ലഹരിവിരുദ്ധ സമിതിയുടെ സാന്നിധ്യം ഇനി മുതൽ ഉണ്ടാകും. പുറമെ നിന്നും വരുന്ന വാഹനങ്ങൾക്ക് മുമ്പെന്നപോലെ നിയന്ത്രണം തുടരും. അതുപോലെ ഇടവകാതിർത്തിക്കകത്തുള്ള എല്ലാ കടകളിലും ലഹരിവസ്തുക്കളുടെ വില്പന നിരോധിക്കും. പൊഴിക്കരപോലെ ഇടവകാതിർത്തിമുഴുവൻ പൊതുസ്ഥലത്തുള്ള മദ്യപാനവും ലഹരി ഉപയോഗവും വിതരണവും നിരോധിക്കുന്നതും രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി.



### ആഘോഷമായി ജീസസ് യൂത്ത് നാഷണൽ കോൺഫറൻസ്

ഒക്ടോബർ 21-24 വരെ ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന ജീസസ് യൂത്തിന്റെ 'ജാഗോ' നാഷണൽ കോൺഫറൻസിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നിന്നും 650 ഓളം യുവാക്കൾ പങ്കെടുത്തു. 1800 ത്തോളം യുവാക്കൾ ഒരുമിച്ച ജീസസ് യൂത്ത് നാഷണൽ കോൺഫെറൻസിൽ ഇന്ത്യയുടെ 23 സംസ്ഥാനങ്ങളിൽ നിന്നായി ജീസസ് യൂത്ത് യുവാക്കളും, നിരവധി വൈദികരും, സന്യസ്തരും എത്തിച്ചേർന്നു.



## ലോകസമാധാനം ലക്ഷ്യം, ചർച്ചനടത്തി ഫ്രാൻസിസ് പാപ്പ

വത്തിക്കാൻ: 22.10.2023 ഞായറാഴ്ച ഉച്ചതിരിഞ്ഞ് ഫ്രാൻസിസ് പാപ്പാ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനുമായി 20 മിനിറ്റ് ഫോണിൽ സംസാരിച്ചു. 'ലോകത്തിലെ സംഘർഷ സാഹചര്യങ്ങളെക്കുറിച്ചും സമാധാനത്തിലേക്കുള്ള പാതകൾ തിരിച്ചറിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും' ഇരുവരും തങ്ങളുടെ ചിന്തകൾ കൈമാറിയതായി വത്തിക്കാനിലെ പ്രസ് ഓഫീസ് വെളിപ്പെടുത്തി. ഞായറാഴ്ച ത്രികാല പ്രാർത്ഥനയ്ക്കിടെ ഫ്രാൻസിസ് പാപ്പാ വിശുദ്ധ നാട്ടിൽ നടക്കുന്ന യുദ്ധത്തെ പരാമർശിച്ച് സമാധാനത്തിനും സംയമനത്തിനും വേണ്ടിയുള്ള തന്റെ അഭ്യർത്ഥന ആവർത്തിക്കുകയും യുദ്ധത്തിന്റെ ഇരകളോടും അവരുടെ കുടുംബങ്ങളോടും തന്റെ അഗാധമായ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഗാസയിൽ വഷളായിക്കൊണ്ടിരിക്കുന്ന മനുഷ്യരുടെ സാഹചര്യത്തെക്കുറിച്ചും, റഷ്യ യുക്രെയ്ൻ യുദ്ധം പോലുള്ള സംഘർഷങ്ങളും പാപ്പാ അപലപിച്ചു.

'യുദ്ധം എല്ലായ്പ്പോഴും ഒരു പരാജയമാണ്' എന്നും മനുഷ്യ സാഹോദര്യത്തിനെതിരായ വിനാശകരമായ ശക്തിയാണെന്നും പാപ്പാ ഊന്നിപ്പറഞ്ഞു.


## ഹമാസ് ബന്ധികളാക്കിയ കുഞ്ഞുങ്ങളെ മോചിപ്പിക്കണമെന്ന് ജെറുസലേം പാത്രിയർക്കീസ്

വത്തിക്കാൻ സിറ്റി. ഇസ്രയേലിൽ ഭീകരാക്രമണം നടത്തി ഹമാസ് ബന്ദികളാക്കി ഗാസയിലേക്ക് കൊണ്ടുപോയ കുട്ടികളുടെ മോചനത്തിനായി തന്നെത്തന്നെ കൈമാറാൻ സന്നദ്ധനാണെന്ന് ജറുസലേമിലെ ലത്തീൻ പാത്രിയാർക്കീസ് ഫ്രാൻസിസ്കൻ കപ്പൂച്ചിൻ കർദിനാൾ പിയെർബത്തിസ്ത പിത് സ ബല്ല. 'ആ കുഞ്ഞുങ്ങളെ തിരികെ വീട്ടിലെത്തിക്കാൻ എന്തു ചെയ്യാനും താൻ ഒരുക്കമാണ്. അവർക്കു പകരം ഹമാസിനു താൻ സ്വയം കീഴടങ്ങാൻ സന്നദ്ധനാണ്. ബന്ദികൾക്കു പകരക്കാരനായി ഗാസയിൽ ഹമാസിന്റെ തടങ്കലിലാകാൻ സന്നദ്ധനാകുമോ എന്ന ഇറ്റലിയിലെ മാധ്യമപ്രവർത്തകരുടെ ചോദ്യത്തോട് വീഡിയോ കോൺഫറൻസിങ്ങിൽ പ്രതികരിക്കുകയായിരുന്നു കർദിനാൾ പിത് സബല്ല. ഇസ്രയേലിലെയും പലസ്തീൻ പ്രദേശങ്ങളിലെയും ജോർദാനിലെയും സൈപ്രസിലെയും റോമൻ കത്തോലിക്കാ സഭയുടെ ചുമതല വഹിക്കുന്ന ജറുസലേമിലെ ലാറ്റിൻ പാത്രിയാർക്കേറ്റിന്റെ മേലധ്യക്ഷനാണ് മോൺ. പിത് സബല്ല.


## മദർ തെരേസ നഴ്സിങ്ങ്, പാരമെഡിക്കൽ ന്യൂനപക്ഷ സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളിൽ നഴ്സിംഗ് ഡിപ്ലോമ, സർക്കാർ/എയ്ഡഡ് / സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് മദർ തെരേസ സ്കോളർഷിപ്പ് ജനസംഖ്യാനുപാതികമായി നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), മുസ്ലിം, സിക്ക്, ബുദ്ധ, ജൈന, പാഴ്സി മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 15,000 രൂപയാണ് സ്കോളർഷിപ്പ്. .

സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസിങ് നഴ്സിങ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം.


CONGRATULATIONS &
PRAYERFUL WISHES
ON YOUR SILVER JUBILEE OF PRIESTHOOD
PALLOTTIGIRI SEMINARY
MONVILA, KULATHOOR P.O., SREEKARIAM,TRIVANDRUM
SOCIETY OF CATHOLIC APOSTOLATE (SAC)


പൗരോഹിത്യ
രജത ജൂബിലി
ആഘോഷിക്കുന്ന അഭിവന്ദ്യ
ക്രിസ്തുദാസ്
പിതാവിന്
പുല്ലുവിള
ഇടവകയുടെ
പ്രാർത്ഥനാശംസകൾ...


Prayers and best wishes to
Rt. Rev. Dr. Christudas R.
on his Silver Jubilee of Priesthood
SISTERS OF ST. JOSEPH BENEDICT
COTTOLENGO
KARUMKULAM

# പച്ചയായ മനുഷ്യനും പരുക്കൻ യാഥാർഥ്യങ്ങളും

**ആണ്ടുവട്ടം 31-ാം ഞായർ (നവം. 5)** മലാക്കി 1: 14b 2: 2b, 8-10, 1തെസ. 2: 7യ 9, 13, മത്താ. 23: 1-12

**ഫാ. കോസ്മോസ് കെ. തോപ്പിൽ**

ഗുരുവിനെ കാണാൻ കൈക്കുടന്ന നിറയെ പൂക്കളുമായി ശിഷ്യരെത്തി. പുഞ്ചിരിയോടെ ഗുരു പറഞ്ഞു: ”ഉപേക്ഷിക്കുക.” ഇടതുകൈയിലെ പൂക്കൾ അശുഭകരമെന്നോർത്ത് അവൻ അത് ഉപേക്ഷിച്ചു. ഗുരു പിന്നെയും അവനോട് പറഞ്ഞു: ”ഇല്ല, ഉപേക്ഷിക്കുക.” അപ്പോൾ അവൻ വലതുകൈയിലെ പൂക്കളും ഉപേക്ഷിച്ചു. ഗുരു വീണ്ടും പറഞ്ഞു: ”ഉപേക്ഷിക്കുക.” ശൂന്യമായ കരങ്ങളുയർത്തി അവൻ ചോദിച്ചു. ”ഇനി എന്താണ് ഉപേക്ഷിക്കേണ്ടത്?” ഗുരു വ്യക്തമാക്കി: ”ഈ പൂക്കളല്ല, നിന്റെ അഹം ബോധത്തെ (ഞാനെന്ന ഭാവത്തെ) ഉപേക്ഷിക്കുക.”

ഞാനെന്ന ഭാവം ഉപേക്ഷിക്കാത്ത നിയമജ്ഞരുടെയും ഫരിസേയരുടെയും കാപട്യത്തെയാണ് ഈശോനാഥൻ ഇന്നത്തെ സുവിശേഷത്തിലൂടെ തിരുത്തുന്നത്. ‘നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.” (വി. മത്താ. 23: 11-12)

വിരുന്നുശാലയിൽ യേശു കണ്ട മത്സരം പച്ചയായ മനുഷ്യന്റെ പരുക്കമായ ഭാവമായിരുന്നു. വിരുന്നുശാലയിലെ പ്രമുഖസ്ഥാനം യഹൂദരുടെ അഭിമാനവിഷയമായിരുന്നു. സിനഗോഗുകളിൽ പ്രധാന പീഠവും വിരുന്നുകളിൽ പ്രമുഖസ്ഥാനവും ആർക്കാണ് കൊടുക്കേണ്ടതെന്ന ’പ്രോട്ടോകോൾ’ താത്മുദിൽ ഇല്ലാതിരുന്നതുകൊണ്ടുതന്നെ അതിനുവേണ്ടിയുള്ള മത്സരം പതിവായിരുന്നു. ഹസ്മോണിയൻ രാജാവായ ജാനേവൂസിന്റെ വിരുന്നിനിടയിൽ റബ്ബി ശിമയോൻ ബെൻഷേത്താ രാജാവിനും രാജ്ഞിക്കുമിടയിൽ കയറി ഇരുന്ന് തന്റെ പ്രാമാണ്യം തെളിയിച്ച ചരിത്രം യഹൂദർക്ക് പരിചിതമായിരുന്നു (Com. H. Bib. 1909, p. 207). ചുരുക്കിപ്പറഞ്ഞാൽ ഉള്ള് പൊള്ളയായ വ്യക്തിത്വങ്ങൾ പൊങ്ങച്ചത്തിന്റെ ചങ്ങാടങ്ങളിൽ എപ്പോഴും ഉയർന്നുനിൽക്കും.

അപരൻ ഉപയോഗിക്കപ്പെടേണ്ട, തോൽപ്പിക്കപ്പെടേണ്ട വ്യക്തിയാണെന്നും ചിന്തിക്കുന്നത് ആത്മീയ പാപ്പരത്തിന്റെ ദിശാസൂചകമാണ്. മത്സരാർത്ഥികളെല്ലാം തോൽക്കുകയും മത്സരിക്കാത്തവർ പ്രഥമസ്ഥാനം നേടുകയും ചെയ്യുന്ന വൈരുദ്ധ്യാത്മകതയുടെ ലോകത്ത് ഒരു സ്നേഹ സംസ്കാരത്തിന്റെ പ്രതിനിധികളാകാനുള്ള ഉൾവിളിയാണ് സുവിശേഷത്തിന്റെ ദർശനം. പൗരോഹിത്യം സ്വീകരിക്കാൻ പോലും യോഗ്യതയില്ലെന്ന് പറഞ്ഞ് വഴിമാറി നടന്ന ഫ്രാൻസിസ് അസ്സീസിയും കൽക്കത്തയി

അപരൻ ഉപയോഗിക്കപ്പെടേണ്ട, തോൽപ്പിക്കപ്പെടേണ്ട വ്യക്തിയാണെന്നും ചിന്തിക്കുന്നത് ആത്മീയ പാപ്പരത്തിന്റെ ദിശാസൂചകമാണ്. മത്സരാർത്ഥികളെല്ലാം തോൽക്കുകയും മത്സരിക്കാത്തവർ പ്രഥമസ്ഥാനം നേടുകയും ചെയ്യുന്ന വൈരുദ്ധ്യാത്മകതയുടെ ലോകത്ത് ഒരു സ്നേഹ സംസ്കാരത്തിന്റെ പ്രതിനിധികളാകാനുള്ള ഉൾവിളിയാണ് സുവിശേഷത്തിന്റെ ദർശനം.

ലെ തെരുവുകളിൽ നിസ്വരായവർക്കുവേണ്ടി സമർപ്പണം ചെയ്ത മദർ തെരേസയും ആരോടും മത്സരിക്കാതെ സ്വയം എളിമപ്പെടുത്തി ജീവിച്ചതിലൂടെ ഉയർത്തപ്പെട്ടവരല്ലേ? ഒരിക്കൽ മൺകുടത്തോട് ഒരു കിണർ ആരാഞ്ഞു. "ഏത് പരിസ്ഥിതിയിലും തണുപ്പ് പകരാൻ നിനക്ക് സാധിക്കുന്നതെങ്ങനെ? മൺകുടം മൊഴിഞ്ഞു. അനുനിമിഷം സ്വയം ഓർമ്മിപ്പിക്കും, ഞാൻ മണ്ണിൽ നിന്നും മെനഞ്ഞെടുക്കപ്പെട്ടവനാണെന്നും മണ്ണിലേക്ക് തന്നെ പിൻവാങ്ങേണ്ടിവരുമെന്നും. പിന്നെ എന്തിനാണീ അഹന്തയും അസൂയയും ഒക്കെ. താനേ ഞാൻ തണുത്തുപോകും!"

# വിവേകം ജീവിതത്തെ പ്രകാശിപ്പിക്കുന്ന പുണ്യം

**ആണ്ടുവട്ടം 32-ാം ഞായർ (നവം. 12)** ജ്ഞാനം 6: 12-16, 1തെസ. 4:13-18. മത്താ. 25:1-13

**ഫാ. ഡൈസൺ**

**അ**ണയാത്ത വിളക്കുകളുള്ള വിവേകമതികളാകാൻ സുവിശേഷം നമ്മെ ആഹ്വാനം ചെയ്യുന്നു. മണവാളനായ യേശുവിന്റെ രണ്ടാം വരവു വരെ ഈ ലോകത്ത് ജ്വലിച്ചു നില്ക്കുന്ന ദീപമാക്കാൻ നമ്മെ സഹായിക്കുന്നത് നന്മകളാണ്. അവ രക്ഷയ്ക്ക് അനിവാര്യമാണ്. എന്റെ മാതാപിതാക്കളുടെയോ സുഹൃത്തുക്കളുടെയോ നന്മയാൽ എന്റെ ജീവിത വിളക്ക് തെളിയുകയില്ല. കടമെടുക്കുന്ന നന്മയലാല്ല ദൈവത്തിലാശ്രയിച്ച് ആർജ്ജിച്ചെടുക്കുന്ന നന്മയാൽ ജീവിതവിളക്ക് ജ്വലിപ്പിച്ചു നിറുത്തുന്നവനാണ് വിവേകി.

മനുഷ്യന്റെ ഹൃദയം സമ്പത്തു കൊണ്ട് നിറയ്ക്കുമ്പോൾ ദൈവത്തിന് അവിടെ സ്ഥലം നിഷേധിക്കപ്പെടും. സ്വർഗ്ഗത്തിൽ നിക്ഷേപുമുണ്ടാക്കാൻ ഹൃദയത്തിൽ ദൈവത്തിന് സ്ഥാനമുണ്ടാകാൻ മനുഷ്യൻ ഈ ലോകത്തിലെ സമ്പത്ത് അന്നമില്ലാത്തവർക്ക് അന്നമാകാനും രോഗികൾക്ക് സൗഖ്യമാകാനും, കൂരയില്ലാത്തവർക്ക് വീടാകാനും ഉപയോഗിക്കണം.

മത്തായി മാത്രം രേഖപ്പെടുത്തുന്ന പത്തു കന്യകമാരുടെ ഉപമ യഹൂദ വിവാഹാഘോഷത്തിന്റെ പശ്ചാത്തലത്തിൽ നിന്നും രൂപകല്പന ചെയ്തിട്ടുള്ളതാണ്. വിവാഹത്തിനു മുമ്പുള്ള വിവാഹ നിശ്ചയം വധുവരന്മാരുടെ മാതാപിതാക്കൾ നടത്തുന്നതാണ് വിവാഹ ഒരുക്കത്തിന്റെ പ്രാരംഭ ഘട്ടം. വരനും വധുവും വിവാഹത്തിനുള്ള വാഗ്ദാനത്തിലൂടെ മനസമ്മതം നടത്തുന്നതാണ് രണ്ടാംഘട്ടം. മനസമ്മതം കഴിഞ്ഞ് ഒരു വർഷം പിന്നിടുമ്പോൾ നാളുകൾ നീളുന്ന വിവാഹാഘോഷമാണ് മൂന്നാം ഘട്ടം. വാദ്യമേളങ്ങളോടു കൂടി ഗ്രാമം ചുറ്റി വരനും കൂട്ടരും നടത്തുന്ന ഘോഷയാത്രയാണ് യഹൂദ വിവാഹാഘോഷത്തിലെ മനോഹരമായ ഒരു മുഹൂർത്തം! ഈ യാത്ര വധുവിന്റെ വീട്ടിലെത്തുന്നത് രാത്രിയുടെ യാമങ്ങളിലായിരിക്കും. വരനെ എതിരേറ്റു കഴിയുമ്പോൾ പ്രവേശന കവാടം അടക്കപ്പെടും. താമസിച്ച് വരുന്നവർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. യഹൂദരുടെ നിയമസംഹിതമായ താൽമൂദിൽ പറയുന്നു: ഒരു വിവാഹസൽക്കാരത്തിൽ 10 കന്യകമാർ കൈയ്യിൽ വിളക്കേന്തിയാണ് വധുവിനെ ആനയിക്കുന്നത്. ഉപമയിൽ കന്യാകമാർ വരനെ കാത്തിരുന്നു ഉറങ്ങിപോകുന്നു. എന്നാൽ ആർപ്പുവിളികേട്ട് ഉണരുന്നു. വിവേകത്തോടു കൂടി എണ്ണ കരുതിയിരുന്ന കന്യകമാർ വിവാഹ വിരുന്നിൽ പ്രവേശിക്കുന്നു. വിവേകം രക്ഷയിലേക്ക്, നന്മയിലേക്ക് നയിക്കുന്ന തീരുമാനം എടുക്കുവാനുള്ള വ്യക്തിയുടെ കഴിവാണ്. വി.ഇഗ്നേഷ്യസ് ലയോള വിവേകത്തെ ഹൃദ്യമായി നിർവചിക്കുന്നു. വിവേകത്തിന് രണ്ടു കണ്ണുകളുണ്ട്. എന്താണു ചെയ്യേണ്ടതെന്നു മുൻകൂട്ടി കാണുന്നതാണ് ഒന്ന്. എന്താണു ചെയ്തതെന്ന് പീന്നിട് പരിശോധിക്കുന്നതാണ് മറ്റേത്. വിവേകിയെ നയിക്കുന്നത് വികാരമല്ല ജാഗ്രതയാണ്. അതുകൊണ്ടാണ് വിക്ടർ ഹ്യൂഗോ ഇങ്ങനെ പറയുന്നത്. വിവേകത്തിന്റെ പ്രഥമസന്താനമാണ് ജാഗ്രത. വിവേകത്തിന്റെ ആവശ്യകതയെ കുറിച്ച് സ്വാമി വിവേകാനന്ദൻ പറയുന്നു. 'വിവേകമില്ലാത്ത മനുഷ്യൻ സുഗന്ധമില്ലാത്ത പുഷ്പം പോലെ വലിച്ചെറിയപ്പെടുന്നു.' അവന്റെ നാവിൽ നിന്ന് വർഷിക്കപ്പെടുന്നത് ഭോഷത്തമായിരിക്കും.

## 1. ദൈവത്തിന്റെ ആർപ്പുവിളി കേൾക്കുവാനുള്ള വിവേകം

മനുഷ്യ രക്ഷക്കുവേണ്ടിയുള്ള

ദൈവത്തിന്റെ ആർപ്പുവിളി പലവിധത്തിലും നമ്മുടെ പക്കൽ എത്തുന്നുണ്ട്. ഒരുപാട് വിളികളുള്ള ഈ ലോകത്ത് ദൈവത്തിന്റെ വിളി തിരിച്ചറിയുന്നതാണ് വിവേകം. ദൈവവിളിയെ മനുഷിക വിളിയായി കുഞ്ഞു സാമുവേൽ തെറ്റിദ്ധരിക്കുന്നു. ഏലിയെന്ന ഗുരുവിന്റെ സഹായത്താൽ ദൈവത്തിന്റെ വിളിക്ക് അവൻ പ്രത്യുത്തരിക്കുന്നു. മനുഷ്യന്റെ ആർപ്പുവിളികൾ നാശത്തിലെത്തിക്കുമ്പോൾ ദൈവത്തിന്റെ ആർപ്പുവിളി രക്ഷയിലെത്തിക്കുന്നു. ദൈവത്തിന്റെ ആർപ്പുവിളി പ്രകൃതിയിലൂടെയും എത്തുന്നു. കത്തുന്ന മുൾപടർപ്പിൽ മോശ ദൈവത്തിന്റെ വിളി ശ്രവിക്കുന്നു. അത് വ്യക്തികളിലൂടെയും എത്തുന്നു. അന്ത്രയോസെന്ന വ്യക്തിയിലൂടെയാണ് പത്രോസ് ദൈവത്തിങ്കലേക്ക് വരുന്നത്, പിലിപ്പോസിലൂടെയാണ് നാഥനീയേൽ ദൈവത്തിന്റെ അടുക്കൽ വരുന്നത്. ഇഗ്നേഷ്യസ് ലയോളയിലൂടെ ഫ്രാൻസിസ് സേവ്യർ ദൈവത്തിന്റെ അടുക്കലേക്ക് വരുന്നത്. രോഗത്തിലൂടെ ദൈവത്തിന്റെ ആർപ്പുവിളി ലഭിച്ചത് വി.ഇഗ്നേഷ്യസ് ലയോളക്കായിരുന്നു. ബൈബിളിലൂടെ ദൈവത്തിന്റെ ആർപ്പുവിളി ലഭിച്ചത് വി.അഗസ്റ്റി നായിരുന്നു. ദൈവത്തിന്റെ ആർപ്പുവിളി മാനസാന്തരത്തിനു വേണ്ടിയുള്ള വിളിയാണ്. അവാസന നിമിഷത്തിലും മാനസാന്തരത്തിലൂടെ രക്ഷ പ്രാപിക്കാം!

## 2. വിവേകം ജീവിതത്തെ പ്രകാശിപ്പിക്കുന്ന പുണ്യം

ജീവിതം നമുക്ക് എപ്പോഴാണ് പ്രകാശപൂരിതമാകുന്നത്? തെറ്റും ശരിയും തിരിച്ചറിയുവാനുള്ള വിവേകം ലഭിക്കുമ്പോഴാണ്. തെറ്റിനെ ശരിയെന്ന് സ്വയം ചിന്തിക്കുകയും മറ്റുള്ളവരെകൊണ്ട് ചിന്തിപ്പിക്കുകയും ചെയ്യുമ്പോൾ നമ്മുടെയും മറ്റുള്ളവരുടെയും ജീവിതം അന്ധകാരപൂർണ്ണമാകുന്നു. യൂദയാ രാജ്യത്തിലെ ഹേറോദിയായുടെ ജീവിതം തമോമയമായിരുന്നു! നീതിമാനായ സ്നാപകന്റെ ശിരസ്സ് താലത്തിൽ വച്ച് ചോദിക്കുന്നത് തെറ്റാണെന്ന തിരിച്ചറിവ് മകൾക്ക് നല്കാതെ, അത് ശരിയെന്ന് മകളെ ചിന്തിപ്പിച്ച ഹേറോദിയ തന്റെ ജീവിതത്തെ മാത്രമല്ല, മകളുടെ ജീവിതത്തെയും തിന്മയുടെ ഇരുട്ടിലാക്കി.

സാത്താന്റെ പ്രലോഭനത്തിന് വഴങ്ങി ദൈവത്തിന്റെ കല്പനയെപോലും തെറ്റന്ന് ചിന്തിച്ച് കനി ഭക്ഷിച്ച ഹൗവ്വ തന്റെ ജീവിതത്തെ അവിവേകത്തിന്റെ അന്ധകാരത്തിലാഴ്ത്തി. രക്തത്തിൽ കുളിച്ച് പ്രണരക്ഷയ്ക്കുവേണ്ടി നിലവിളിക്കുന്ന സമരിയാക്കാരന്റെ ജീവനെക്കാൾ രക്തസ്പർശത്താലുണ്ടാകുന്ന അശുദ്ധിക്ക് പ്രാധാന്യം നല്കി, കരുണ കാണിക്കാത്ത ലേവായനും, പുരോഹിതനും തങ്ങളുടെ ജീവിതത്തെ ഇരുളിലാക്കി. ജീവിതത്തെ, ആത്മാവിനെ പ്രകാശിപ്പിക്കുന്ന നന്മയുടെ വെളിച്ചമാണ് വിവേകം. പ്രാർത്ഥിച്ചാൽ, നിലവിളിച്ച് അപേക്ഷിച്ചാൽ, ദൈവവചനത്തിന് സ്വയം വിട്ടുകൊടുത്താൽ ലഭിക്കുന്ന കൃപയാണ്, ദൈവിക ദാനമാണ് വിവേകം. ചെങ്കോലിനെയും കിരീടത്തെക്കാളും, ആരോഗ്യത്തെയും സൗന്ദര്യത്തെയുംകാൾ വലുതാണ്, വിലയുള്ളതാണ് വിവേകം. കാരണം ജീവിതത്തെ പ്രകാശപൂർണ്ണമാക്കി എല്ല നന്മകളും നേടിത്തരുന്ന സുകൃതം വിവേകമാണെന്ന സത്യം ജ്ഞാനത്തിന്റെ പുസ്തകത്തിൽ (7:7-11) വെളിപ്പെടുത്തുന്നു.

## 3. ദൈവത്തെ സ്വീകരിച്ച് സ്വന്തമാക്കുന്നതാണ് വിവേകം

'ലോകം നശിച്ചുപോകുന്നു. ദൈവം മാത്രം നിലനില്ക്കുന്നു എന്നറിയുന്നതാണ് ശരിയായ വിവേകം.' ശരിയായ വിവേകമില്ലാത്തതു കാരണം ധനികനായ മനുഷ്യന് നഷ്ടപ്പെട്ടു പോകുന്ന അനുഗ്രഹങ്ങളെ കുറിച്ച് മർക്കോസ് സുവിശേഷകൻ പത്താം അധ്യായത്തിൽ വിവരിക്കുന്നു. എന്തുകൊണ്ട് യേശുനാഥൻ സ്വത്ത് വില്ക്കാൻ ആവശ്യപ്പെടുന്നു? ശവമുള്ളിടത്താണല്ലോ, കഴുകന്റെ വാസമുള്ളത്. അതുപോലെ ദൈവത്തിലല്ല, എപ്പോഴും സമ്പത്തിലായിരിക്കും ധനവന്റെ ഹൃദയം! സമ്പത്ത് വില്ക്കാൻ അവൻ വിസമ്മതിക്കുന്നതിനു കാരണം അവന്റെ ആശ്രയവും സുരക്ഷയും സമ്പത്തിലായിരുന്നു. സമ്പത്തിന് ഭീഷണിയുണ്ടായാൽ ഈ ലോകജീവിതം തകർന്നുപോകുമെന്ന് അവൻ തെറ്റിദ്ധരിച്ചു. നിത്യജീവനെക്കാൾ അവൻ സ്നേഹിച്ചത് സമ്പത്തിനെയായിരുന്നു. അത് അവന് ആരാധന മൂർത്തിയായിരുന്നു. സമ്പത്തിലാശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കുവാൻ യേശു നല്കിയ അവസരം ജ്ഞാനവെളിച്ചമില്ലായ്മ കാരണം അവൻ നഷ്ടപ്പെടുത്തി.

മനുഷ്യന്റെ ഹൃദയം സമ്പത്തുകൊണ്ട് നിറയ്ക്കുമ്പോൾ ദൈവത്തിന് അവിടെ സ്ഥലം നിഷേധിക്കപ്പെടും. സ്വർഗ്ഗത്തിൽ നിക്ഷേപുമുണ്ടാക്കാൻ ഹൃദയത്തിൽ ദൈവത്തിന് സ്ഥാനമുണ്ടാകാൻ മനുഷ്യൻ ഈ ലോകത്തിലെ സമ്പത്ത് അന്നമില്ലാത്തവർക്ക് അന്നമാകാനും രോഗികൾക്ക് സൗഖ്യമാകാനും, കൂരയില്ലാത്തവർക്ക് വീടാകാനും ഉപയോഗിക്കണം. അതിനുള്ള വിവേകം വെളിച്ചം കിട്ടുമ്പോൾ സ്വർഗ്ഗത്തിൽ നമുക്കായ് വാതിൽ തുറക്കപ്പെടും! വിവേകം ഇല്ലാത്തതുകാരണം അഞ്ചു കന്യകകൾക്ക് ഉണ്ടാകുന്ന വലിയ നഷ്ടത്തെക്കുറിച്ചാണ് ഉപമ വിശദീകരിക്കുന്നു.

സോളമന്റെ വിജ്ഞാനത്തെക്കാൾ മനുഷ്യരായ നമുക്ക് വേണ്ടത് യൗസേപ്പ് പിതാവിന്റെ വിവേകമാണ്! വിവേകം മനുഷ്യനെ അഹങ്കാരിയാക്കാതെ വിനിതനാക്കുന്നു; അത് രക്ഷയിലേക്ക് നിത്യതയിലേക്ക് അനേകരെ എത്തിക്കുന്നു. വിവേകം യൗസേപ്പ് പിതാവിനെ ദൈവത്തിന്റെ നിഴലാക്കിയെങ്കിൽ നമ്മോരോരുത്തരും വിവേകത്തിലൂടെ ഈ ലോകത്ത് ദൈവത്തിന്റെ നിഴൽപോലെ ആകാം!

# നഷ്ടപ്പെടുത്തിയ അധികാരം

**ആണ്ടുവട്ടത്തിലെ 33-ാം ഞായർ (നവം. 19)** സുഭാ. 31: 10-13, 19-20, 30-31. 1തെസ. 5: 1-16. മത്താ. 25:14-30

**ഫാ. മനീഷ് പീറ്റർ**

If you want to findout what a man is to the bottom, give him Power. Any man can Stand adversity - Only a great man can stand prospirity.

*Robert G. Ingersoll*

ഏറെ പ്രശസ്തമായ വരികൾ, പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യുവാൻ എല്ലാവർക്കും സാധിക്കും. എന്നാൽ ഒരു വ്യക്തിയുടെ സ്വഭാവത്തെ പരിശോധിച്ചറിയുവാൻ അവന് അധികാരം നൽകുക. ഇന്നത്തെ സുവിശേഷത്തിലും നാം കാണുന്നത് യജമാനൻ ഭൃത്യന്മാരെ വിളിച്ച് തന്റെ സമ്പത്ത് അവരുടെ കഴിവിനനുസരിച്ച് പങ്കുവയ്ക്കുന്നതാണ്. സമൂഹത്തിന്റെ ദൃഷ്ടിയിൽ ഇത് ഒരു അംഗീകാരമാണ്. സമ്പത്ത് അധികാരത്തിന്റെ അടയാളമാകുമ്പോൾ അത് ഭൃത്യന്മാർക്ക് നേട്ടമാണ്.

അപ്രതീക്ഷിത സമ്പത്ത് കൈയിൽ എത്തുമ്പോൾ പലരുടെയും സ്വഭാവം മാറുന്നതായി കാണാം. ജനമധ്യത്തിൽ അവരുടെ ജീവിതശൈലിയും ഭാവപ്രകടനങ്ങളും മാറും. എന്നാൽ എന്താണ് ഏറ്റവും ശ്രേഷ്ഠമായത്. ആരെയും കാണിക്കാൻ വേണ്ടിയല്ലാതെ നാം ചെയ്യുന്ന ത്യാഗങ്ങളും സമൂഹത്തെ ഭയക്കാതെ എടുക്കുന്ന തീരുമാനങ്ങളും നാം എല്ലാക്കാലത്തും ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളാണ്.

അഞ്ചും രണ്ടും താലന്തു ലഭിച്ചവർ അത് ഇരട്ടിയായി വർധിപ്പിക്കുന്നു. "ഉത്സാഹമുള്ളവരുടെ ആലോചനകൾ തീർച്ചയായും സമൃദ്ധി കൈവരുത്തുന്നു." (സുഭ 21:5) എന്ന വചനഭാഗം നമ്മെ കൂടുതൽ ക്രിയാത്മകമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പ്രേരിപ്പിക്കുന്നു. എന്നാൽ 'മടിയൻ മുടിയന്റെ' സഹോദരനാണ് (സുഭാ. 18:9) എന്ന വചനം ഓർമിപ്പിക്കുന്നതു പോലെയാണ് ഒരു താലന്തുകിട്ടിയവർ പെരുമാറുന്നത്. അവൻ നിലം കുഴിച്ച് മറച്ചുവച്ചുവെന്നുമാത്രമല്ല, യജനമാനനെ വിമർശിക്കുകയും ചെയ്യുന്നു. യാതൊന്നും ചെയ്യാതെ ഇരുന്നവന്റെ മനസ്സ് വികലമായി മാറുന്നു. ആവശ്യപ്പെടാതെ തന്നെ തന്റെ സമ്പത്ത് ഏൽപ്പിച്ചവന് എതിരെ ശബ്ദമുയർത്തുന്നു. അവന് ആ തലന്തുമാത്രമല്ല നഷ്ടമാകുന്നത് യജമാനന്റെ പ്രീതികൂടിയാണ്.

സ്ഥിരോത്സാഹി പ്രതിസന്ധികളെ അവസരമാക്കി മാറ്റുമ്പോൾ അലസൻ അതിൽ ഒഴിവുകഴിവുകൾ കണ്ടെത്തുന്നു. "എത്ര ആഗ്രഹിച്ചാലും അലസന് ഒന്നും കിട്ടുന്നില്ല; സ്ഥിരോത്സാഹിക്ക് സമൃദ്ധമായി ലഭിക്കുന്നു." (സുഭ. 18:4) ബുക്കർ ടി വാഷിംഗ്ടൺ പറഞ്ഞ വളരെ പ്രസിദ്ധമായ വാക്യം ഇപ്രകാരമാണ്: വിജയത്തെ അളക്കേണ്ടത് എത്തിപ്പെട്ട പദവികളെ ആസ്പദമാക്കിയല്ല മറിച്ച് വിജയത്തിലെത്താൻ തരണം ചെയ്ത പ്രതിബദ്ധങ്ങളുടെ വലിപ്പമനുസരിച്ച് ആയിരിക്കണം. അതുകൊണ്ടുതന്നെയാണ് ആ ഒരു താലന്തു പത്തെണ്ണം ഉള്ളവന് കൊടുത്തത്. ഈ ഭൃത്യന്മാർക്ക് യജനമാനൻ അവരുടെ പ്രവർത്തി കണ്ട് വിലയിരുത്തിയശേഷം സമ്മാനം നൽകുന്നുണ്ട്. നല്ലവനും വിശ്വസ്തനുമായ ഭൃത്യന് യജമാനന്റെ അനേകം ചുമതലകളിലേക്കും സന്തോഷത്തിലും പങ്കുചേരാൻ അനുവാദം നൽകുമ്പോൾ ദുഷ്ടനും മടിയനുമായ ഭൃത്യന് ശകാരവും അവനെ പ്രയോജനമില്ലാത്തവനായി കണ്ട് വിലാപവുംപല്ലുകടിയുമുള്ള അന്ധകാരവും നൽകുന്നു.

വിശ്വസ്ഥർ വിളിക്കപ്പെട്ടിരിക്കുന്നത് വിശ്രമത്തിലേക്കല്ല, അനേകകാര്യങ്ങളിലേക്കാണ്. അത് യജമാനന്റെ സന്തോഷത്തിലേക്കുള്ള ക്ഷണമാണ്. വിവേകപൂർവം പെരുമാറാം താലന്തുകൾ വർധിപ്പിക്കാം.

വിജയത്തെ അളക്കേണ്ടത് എത്തിപ്പെട്ട പദവികളെ ആസ്പദമാക്കിയല്ല മറിച്ച് വിജയത്തിലെത്താൻ തരണം ചെയ്ത പ്രതിബദ്ധങ്ങളുടെ വലിപ്പമനുസരിച്ച് ആയിരിക്കണം. അതുകൊണ്ടുതന്നെയാണ് ആ ഒരു താലന്തു പത്തെണ്ണം ഉള്ളവന് കൊടുത്തത്. ഈ ഭൃത്യന്മാർക്ക് യജനമാനൻ അവരുടെ പ്രവർത്തി കണ്ട് വിലയിരുത്തിയശേഷം സമ്മാനം നൽകുന്നുണ്ട്.

# ഒരേ ഒരു രാജാവ്

**ക്രിസ്തുരാജന്റെ തിരുനാൾ (നവം.26)** എസ. 34: 11-12, 15-17, 1കോറി 15: 20 26a, 28. മത്താ. 25:31-46

**ഫാ. മനീഷ് പീറ്റർ**

ക്രിസ്തു ക്രൂശിക്കപ്പെട്ടിരിക്കുന്നു. കീഴടക്കിയതിനേക്കാൾ കീഴടങ്ങിയവനായ് കാണപ്പെട്ടു. അധികാരത്തിന്റെ പട്ട് വസ്ത്രമല്ല മറിച്ച്, നഗ്നനായിരുന്നു. കൈകളിൽ മോതിരങ്ങളും ആടയാഭരണങ്ങളും ഇല്ല, ആണി പഴുത് മാത്രം. അവൻ ഒന്നും സമ്പാദിച്ചിരുന്നില്ല. എന്നാൽ 30 വെള്ളി നാണയങ്ങൾക്ക് വിൽക്കപ്പെട്ടിരുന്നു.

ഇന്ന് ക്രസ്തുനാഥന്റെ രാജ്യത്വ തിരുനാൾ ആഘോഷിക്കുമ്പോൾ അവൻ നമ്മോട് പറയുന്നു എന്റെ രാജ്യം ഐഹീകമല്ല. ആയിരുന്നെങ്കിൽ ഞാൻ യഹൂദരുടെ കൈയിൽ ഏൽപ്പിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു (യോഹ. 18:36).

എന്തിന് ക്രിസ്തുനാഥൻ ഈ വേദനകൾ സഹിച്ചു?

പൗലോസ് അപ്പസ്തോലൻ വ്യക്തമായി പറയുന്നു: 'അന്ധകാരത്തിന്റെ ആധിപത്യത്തിൽ നിന്ന് അവിടുന്ന് നമ്മെ മോചിപ്പിച്ചു. അവിടെ പ്രിയപുത്രന്റെ രാജ്യത്തിലേക്ക് നമ്മെ ആനയിച്ചു. അവനിലാണല്ലോ നമുക്ക് രക്ഷയും പാപമോചനവും ലഭിക്കുന്നത്. കൊളോ. 1:13-14. സ്വർഗാരോഹണത്തിന് മുൻപ് ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു പോകുന്നത്.

ദൈവരാജ്യം ഈ ലോകത്തിന്റെ ഭാഷയിൽ വായിച്ചെടുക്കാൻ സാധിക്കുകയില്ല. അതിന് ദൈവസ്നേഹത്തിന്റെ അർത്ഥം മനസ്സിലാക്കണം. പരസ്പരം അറിയുവാനും പൊറുക്കുവാനും സാധിക്കണം. ക്രിസ്തുനാഥൻ നമ്മെ രക്ഷിച്ചത് അവനെത്തന്നെ മനുഷ്യവംശത്തിന്റെ ഏറ്റവും ഹീനമായ അവസ്ഥയിൽ സമർപ്പിച്ചുകൊണ്ടും അനീതിയുടെ, തള്ളിപ്പറയലിന്റെ, ഒറ്റപ്പെടലിന്റെ ഏകാന്തതയുടെ, വേദനയുടെ മരണത്തിന്റെ അവസ്ഥകളിൽ ക്രിസ്തുനാഥൻ കടന്നുപോയത് നമുക്ക് ഉത്ഥാനത്തിന്റെ പ്രത്യാശ സമ്മാനിക്കുവാനാണ്. സ്നേഹം സകലതും സഹിക്കുന്നു. സകലതും വിശ്വസിക്കും, പ്രത്യാശിക്കുന്നു, അതിജീവിക്കുന്നു (1 കോറി 13:7)

ക്രിസ്തുരാജന്റെ സ്നേഹം നമ്മെ പാപത്തിൽ നിന്ന് മോചിപ്പിച്ച് അനുഗൃഹീതരാക്കുന്നു. ഭയത്തിൽ നിന്ന് വിശ്വാസത്തിലേക്ക് ഉയർത്തുന്നു. മരണത്തിൽ നിന്ന് നിത്യജീവനിലേക്ക് ആനയിക്കുന്നു. ക്രിസ്തു എനിക്ക് രാജാവാകണമെങ്കിൽ ഞാൻ ആ രാജാവിന് ചേരുന്ന പ്രജയാകണം. ആ രാജ്യത്തിന്റെ കൽപ്പനകൾ പാലിക്കണം. ആ രാജ്യത്തെപ്പറ്റി അഭിമാനം കൊള്ളുകയും രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിക്കുകയും വേണം. വി. മത്തായി ഓർമ്മിപ്പിക്കുന്നു, ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക എല്ലാം അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് നൽകപ്പെടും (മത്താ. 6:33).

> ക്രുസ്തിവിന്റെ ഭരണത്തിന്റെ ശക്തി അധികാരമോ, ആൾബലമോ ആയുധശക്തിയോ അല്ല, സ്നേഹമാണ്. സ്നേഹം ഭരിക്കുകയല്ല സേവിക്കുകയാണ് ചെയ്യുന്നത്. ഓരോരുത്തരേയും അവരുടെ ബലഹീനതകളിൽ നിന്ന് കഷ്ടപ്പാടുകളിൽ നിന്ന് പ്രലോഭനങ്ങളിൽ നിന്ന് രക്ഷിക്കുന്നു.

ക്രുസ്തിവിന്റെ ഭരണത്തിന്റെ ശക്തി അധികാരമോ, ആൾബലമോ ആയുധശക്തിയോ അല്ല, സ്നേഹമാണ്. സ്നേഹം ഭരിക്കുകയല്ല സേവിക്കുകയാണ് ചെയ്യുന്നത്. ഓരോരുത്തരേയും അവരുടെ ബലഹീനതകളിൽ നിന്ന് കഷ്ടപ്പാടുകളിൽ നിന്ന് പ്രലോഭനങ്ങളിൽ നിന്ന് രക്ഷിക്കുന്നു.

യേശുവിന്റെ ജനനത്തെക്കുറിച്ച് ഗബ്രിയേൽ ദൂതൻ പരി. അമ്മയ്ക്ക് സന്ദേശം നൽകുമ്പോൾ പറയുന്നത് ഇപ്രകാരമാണ്. "അവൻ വലിയവനായിരിക്കും അത്യുന്നതന്റെ പുത്രനെന്ന് വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവന് കൊടുക്കും. യാക്കോബിന്റെ ഭവനത്തിൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല.

ചിതറിപ്പോയ ആളുകളെ അന്വേഷിച്ചിറങ്ങിയ ഇടയെപ്പോലെ ക്രിസ്തുനാഥൻ നമ്മെ തിരയുന്നുണ്ട്. അവനിലേക്ക് ചേർക്കാൻ ദൈവ മനുഷ്യബന്ധത്തിലൂടെ ഹൃദയങ്ങളിൽ സ്വർഗരാജ്യം സ്ഥാപിക്കുവാൻ കാൽവരിയിലെ വിശുദ്ധകുരിശിലൂടെ ക്രിസ്തു തന്നെത്തന്നെ രാജവായി വെളിപ്പെടുത്തിയത്. ജനങ്ങൾക്കുവേണ്ടി സ്വയം ബലിയായ് തീരുന്ന യഥാർത്ഥ രാജാവ് ഒരേയൊരു രാജാവ്... രാജാധിരാജനായ ക്രിസ്തുമാത്രം.

## ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്
## മഡോണ ഭവൻ, കൊച്ചുപള്ളി



കത്തോലിക്കാ സഭയിൽ അംഗീകാരം ലഭിച്ചിട്ടുള്ള ഈ സമർപ്പിത സമൂഹം 1946-ൽ ജർമനിയിലെ ഔഗ്സ്ബുർഗ് രൂപതയിൽ മദർ മരിയ റഡൽ മെയർ സ്ത്രീകൾക്കായി സ്ഥാപിച്ചതാണ്.

ക്രിസ്തീയ പരിപൂർണ്ണത പ്രാപിക്കുന്നതിനും പ്രേഷിത പ്രവർത്തനം നിർവ്വഹിക്കുന്നതിനും വേണ്ടി സുവിശേഷോപദേശങ്ങളായ ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നിവ അനുഷ്ഠിച്ച് സമർപ്പിത ജീവിതം നയിക്കുന്നവരാണ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങൾ. തങ്ങളുടെ അൽമായ വ്യക്തിത്വം കൈവിടാതെ ലോകത്തായിരുന്നുകൊണ്ട്, ലോകവിശുദ്ധീകരത്തിനായി സമൂഹാംഗങ്ങൾ യത്നിക്കുന്നു.

സാമൂഹ്യസേവനം, ആതുരശുശ്രൂഷ, കൗൺസിലിംഗ്, വനിതാ ക്ഷേമപദ്ധതികൾ, അധ്യാപനം, ഇടവക ശുശ്രൂഷ തുടങ്ങി ക്രിസ്തീയ മൂല്യങ്ങൾക്കും തിരുസഭയുടെ പ്രബോധനങ്ങൾക്കും യോജിക്കുന്ന എല്ലാ മേഖലയിലും ആൻസില്ലെ അംഗങ്ങൾ പ്രവർത്തിക്കുന്നു.

സമൂഹാംഗങ്ങൾ ഇന്ത്യയുടെ വിവിധ സംസ്ഥനങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നു.

പൗരോഹിത്യ
രജത ജൂബിലി
ആഘോഷിക്കുന്ന അഭിവന്ദ്യ
**ക്രിസ്തുദാസ്**
**പിതാവിന്**
നീരോടി
ഇടവകയുടെ
പ്രാർത്ഥനാശംസകൾ...




## PAULINE BOOK & MEDIA CENTER
Bishop's House Compound, Althara Nagar, Vellayambalam
Thiruvananthapuram, Kerala 695003

*Prayers and best wishes to*
**Rt. Rev. Dr. Christudas R.**
**on his Silver Jubilee of Priesthood**






Pxl media

**Pixel Media Event Technology Service Provider**

TRIVANDRUM | COCHIN | CHENNAI | BANGLORE

2023 ഡിസംബർ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# കുടുംബ കൂട്ടായ്മകളിൽ ദിവ്യഉണ്ണി പിറക്കട്ടെ

1. **പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**
2. **സ്വാഗതം: കുടുംബനാഥൻ/കുടുംബനാഥ**
3. **ആമുഖം**

ഡിസംബർ മാസം എന്നു കേൾക്കുമ്പോൾ മഞ്ഞിന്റെ കുളിർമയും ദിവ്യഉണ്ണിയുടെ പിറവിത്തിരുന്നാളിന്റെ ഒരുക്കങ്ങളും ക്രിസ്തുമസ് ആഘോഷങ്ങളുമാണല്ലോ മനസിൽ നിറഞ്ഞു വരിക. വർഷങ്ങൾ പിന്നിടുന്തോറും ക്രിസ്തുമസ് ആഘോഷങ്ങളിലെ ഗൃഹാതുരത്വവും നൈർമല്യവും അന്യമാവുകയും അതിഭൗതികമായ ആഡംബരതയും കമ്പോളവല്ക്കരണവും കടന്നു കൂടുകയും ചെയ്യുന്നു. ഒരുകാലത്ത് ഭവനങ്ങളിൽ ഉണ്ടാക്കിയ പലഹാരവും സമ്മാനങ്ങളും കൂട്ടുകാരും അയൽവാസികളുമായി കൈമാറിയിരുന്ന സ്ഥാനത്ത് ഇപ്പോൾ വിലയുടെ അടിസ്ഥാനത്തിൽ മൂല്യം നിശ്ചയിക്കപ്പെടുന്ന, അത്യാധുനിക ഹൈടെക് സമ്മാനങ്ങളും വൈയക്തികമായി ഒരു ബന്ധവുമില്ലാതെ മറ്റാരൊക്കെയോ പാചകം ചെയ്ത് വില്ക്കപ്പെടുന്ന പലഹാരങ്ങൾ ചടങ്ങ് തീർക്കുന്ന മട്ടിൽ പങ്കുവയ്ക്കുന്ന ഒരു സംസ്ക്കാരത്തിലേക്ക്, ജീവിതശൈലിയിലേക്ക് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഈ സാഹചര്യത്തിലാണ് ഈ മാസത്തെ നമ്മുടെ കുടുംബയോഗം അന്യമാകുന്ന മനുഷ്യബന്ധങ്ങളെയും നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്ന സുവിശേഷ മൂല്യങ്ങളെയും തിരികെപ്പിടിക്കുവാനുള്ള വേദിയാക്കി മാറ്റേണ്ടത്. ക്രിസ്തുമസിന് ഒരുക്കമായി നമ്മൾ നടത്തുന്ന ഈ കുടുംബകൂട്ടായ്മയിൽ ഇന്നും പലവിധ കാരണങ്ങളാൽ ദിവ്യഉണ്ണി പിറക്കില്ലായെന്നും ക്രിസ്തുമസ് ആഘോഷിക്കാൻ കഴിയില്ലായെന്ന് നിരാശയിൽ കഴിയുന്ന

വ്യക്തികളെ, കുടുംബങ്ങളെ കണ്ടെത്തി പ്രതീക്ഷയും സമാധാനവും പങ്കുവയ്ക്കുവാൻ നമുക്കു ശ്രമിക്കാം.

3. **യേശുവിനെ ക്ഷണിക്കൽ**
4. **ദൈവവചന പാരായണം ലൂക്കാ 2:8-20**
5. **വചനഭാഗം പങ്കുവയ്ക്കൽ**
6. **നിശബ്ദധ്യാനം**
7. **വചനാനുഭവം പങ്കുവയ്ക്കൽ**
8. **വചനവിചിന്തനം**

രക്ഷാകര ചരിത്രവുമായി ബന്ധപ്പെടുത്തി യേശുവിന്റെ ജനനത്തെക്കുറിച്ച് ധ്യാനിക്കുമ്പോൾ, പാപികളെന്ന് മുദ്രകുത്തപ്പെട്ട, ജാതീയ - മേലാളിത്ത വ്യവസ്ഥിതിയുടെ പേരിൽ സമൂഹത്തിൽ നിന്നും മാറ്റിനിർത്തപ്പെട്ട, രോഗദുരിതങ്ങളാൽ കഷ്ടതയനുഭവിക്കുന്ന മനുഷ്യരുടെ മോചനത്തിനായിട്ടാണ് യേശു മനുഷ്യാവതാരം ചെയ്തതെന്ന് മനസിലാക്കുവാൻ സാധിക്കും. പാവങ്ങളോടും സമൂഹത്തിന്റെ അതിർവരമ്പുകളിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ കഴിയുന്ന ദുർബല വിഭാഹത്തോടും പക്ഷം ചേരുവാനുള്ള ബോധപൂർവ്വമായ ദൈവീക തെരഞ്ഞെടുപ്പാണ് യേശുവിന്റെ കാലിത്തൊഴിത്തിലെ ജനനം.

ചലനാത്മകവും രക്ഷാകരവുമായ ദൈവത്തിന്റെ ജീവിക്കുന്ന വചനത്തിലൂടെ പ്രപഞ്ചം മുഴുവനും സൃഷ്ടിച്ച ദൈവത്തിന് തന്റെ പുത്രന് ജന്മമേകുവാൻ ഏറ്റവും നല്ല സൗകര്യമുള്ള ഒരു സ്ഥലം യാതൊരു ബുദ്ധിമുട്ടും കൂടാതെ ക്രമീകരിക്കാമായിരുന്നു. എന്നാൽ രക്ഷകനായ ദിവ്യഉണ്ണി കാലിത്തൊഴുത്തിൽ ജനിക്കണമെന്നത്, ദരിദ്രരോടും നിരാലംബരോടുമുള്ള ദൈവത്തിന്റെ പക്ഷം ചേരലിന്റെ ഭാഗമായി മുൻകൂട്ടി നിശ്ചയിച്ച പദ്ധതിയാണ്. ജനനശേഷവും ഈ പക്ഷം ചേരൽ ദൈവം ആവർത്തിക്കുന്നു. യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത ആദ്യമായി അറിയിക്കുന്നത് സമൂഹത്തിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ കഴിഞ്ഞ ആട്ടിടയന്മാരോടാണ്. ബൗദ്ധികമായ ചർച്ചകൾക്കോ സംവാദത്തിനോ ഇടം നല്കാതെ, സമയം കളയാതെ, യേശുവിന്റെ ജനനവാർത്ത അറിഞ്ഞ മാത്രയിൽ തന്നെ നിഷ്ക്കളങ്കതയോടെ ഇടന്മാർ തിടുക്കത്തിൽ യാത്രയാകുന്നു. ദിവ്യഉണ്ണിയെ കാണുവാനും ആരാധിക്കുവാനുമായി അവർ കാലിത്തൊഴുത്തിൽ എത്തി പരിശുദ്ധ മറിയത്തോടും വിശുദ്ധ യൗസേപ്പിനോടുമൊപ്പം ഉണ്ണീശോയെ കണ്ട് ആരാധിക്കുന്നു. മാത്രമല്ല അവർക്കുണ്ടായ രക്ഷയുടെ അനുഭവം, സദ്വാർത്ത പ്രദേശവാസികളുമായി പങ്കുവയ്ക്കുന്നു.

ഹൃദ്യമായ ആട്ടിടയന്മാരുടെ ഈ അനുഭവം അനുസ്മരിച്ചുകൊണ്ടാണ് നമ്മുടെ കുടുംബകൂട്ടായ്മയും ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷിക്കേണ്ടത്. നമുക്ക് ക്രിസ്തുമസ് ആഘോഷങ്ങളുടെ യഥാർത്ഥ ചൈതന്യത്തോട് നീതി പുലർത്തണമെങ്കിൽ നമ്മുടെ യൂണിറ്റിൽ, ഇടവകയിൽ, ജാതി - മത - വർണ്ണങ്ങൾക്കതീതമായി, പലവിധ കാരണങ്ങളാൽ ദാരിദ്രത്തിലും - നിരാശയിലും ഒറ്റപ്പെട്ടും കഴിയുന്ന വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തണം. അവർക്ക് മാന്യമായ രീതിയിൽ, അർത്ഥപൂർണ്ണമായ ക്രിസ്തുമസ് ആഘോഷിക്കുവാൻ വേണ്ട ക്രമീകരണം നാം ചെയ്യണം. അങ്ങനെ ഉണ്ണീശോയ്ക്ക് നമ്മുടെ കുടുംബകൂട്ടായ്മകളിൽ പിറക്കുവാൻ വേദിയൊരുക്കണം. അതിനായ് നമ്മുക്കുള്ളതിന്റെ ഓഹരി വിധവയുടെ ചില്ലിക്കാശുപോലെ പങ്കുവയ്ക്കുവാൻ സാധിക്കട്ടെ.

9. ദൗത്യമേറ്റെടുക്കൽ
10. സ്വയം പ്രേരിതപ്രാർഥന
11. കർത്തൃപ്രാർഥന
12. സമാപനപ്രാർഥന

രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് കണക്ക് അവതരണം
3. ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4. **ചർച്ചയും പങ്കുവയ്ക്കലും**
5. **ഹാജർ**
6. **രഹസ്യപ്പിരിവ്**
7. **അറിയിപ്പുകൾ**
8. **നന്ദി**
9. **സമാപനഗീതം**

*തയ്യാറാക്കിയത്*
അതിരൂപത ബി.സി.സി. കമ്മീഷൻ

# പൂന്തുറ തീരത്തെ പ്ലാസ്റ്റിക് മുക്തമാക്കാൻ മുന്നിട്ടിറങ്ങി ഡാർവിനച്ചനും പിള്ളേരും

തിരുവനന്തപുരം പൂന്തുറ സെന്റ് തോമസ് ഇടവക വികാരി ഫാ. ഡാർവിൻ പീറ്ററും അൾത്താരബാലകരുൾപ്പെടെയുള്ള 132 കുട്ടികളും ചേർന്ന് കടൽതീരത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് മാതൃകയായി. ഇടയാറിനും പൂന്തുറ ബീച്ചിനും ഇടയിലുള്ള നാല് കിലോമീറ്റർ തീരത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ പെരുകുന്നതിൽ പ്രദേശവാസികൾ ഏറെക്കാലമായി അതൃപ്തിയിലാണ്. തിരുവനന്തപുരം കോർപറേഷൻ 200 കയ്യുറകളും 62 ചാക്കുകളും നൽകി. തിരുവല്ലം ഭാഗത്ത് നിന്നും കരമനയാറിൽ നിന്നുമാണ് ടൺകണക്കിന് മാലിന്യങ്ങൾ പൂന്തുറയിൽ വന്നടിയുന്നത്. മണിക്കൂറുകൾ നീണ്ട പ്രയത്നംകൊണ്ട് ഒരു ഭാഗത്തെ മാലിന്യം മാത്രമേ നീക്കാനായുള്ളുവെന്ന് ഫാ. ഡാർവിൻ പീറ്റർ പറഞ്ഞു. ശുചീകരണ പ്രവർത്തനം വരുംദിവസങ്ങളിൽ കുടുംബ കൂട്ടായ്മകളുടെയും യുവജനങ്ങളുടെയും നേതൃത്വത്തിൽ വിപുലമായി തുടരുമെന്നും അദ്ദേഹം കൂട്ടിചേർത്തു.

## വിവാഹ ഒരുക്ക സെമിനാർ

വെള്ളയമ്പലം: ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്നവർക്ക് വിവാഹമെന്ന കൂദാശയുടെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായ അവബോധം നല്കുകയെന്ന ലക്ഷ്യത്തോടെ അതിരൂപതയിലെ കുടുംബപ്രേഷിത ശുശ്രൂഷ നടത്തി വരുന്ന വിവാഹ ഒരുക്ക സെമിനാർ 2024 ജനുവരി മാസം മുതൽ മുൻ കാലങ്ങളിലെന്നപോലെ മൂന്ന് ദിവസമായി നടത്തും.

## നേർക്കാഴ്ച

**ജെ.സി.**

# ഹിന്ദുത്വ രാഷ്ട്രീയത്തെ നേരിടാൻ ജാതി സെൻസസ്

രണ്ടാം പിന്നാക്കവിഭാഗ കമ്മീഷന്റെ റിപ്പോർട്ട് 1980 ഡിസംബർ 31 ന് ബി.പി.മണ്ഡൽ രാഷ്ട്രപതി നീലം സഞ്ജീവ റെഡ്ഡിക്ക് സമർപ്പിച്ചും കാക്കാ സാഹബ് കലേക്കറുടെനേതൃത്വത്തിലുള്ള ഒന്നാം കമ്മീഷനുണ്ടായ ചരമഗതി തന്റെ ശുപാർശകൾക്ക് ഉണ്ടാകില്ലെന്ന് മണ്ഡൽ പ്രത്യാശിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ശുപാർശകളിൽ തുടർ നടപടി ഉണ്ടായില്ലെന്ന് മാത്രമല്ല, 1981 ലെ സെൻസസിനൊപ്പം ജാതികളുടെ കണക്കും തിട്ടപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടാവുകയും ചെയ്തു. രാജ്യത്തെ ഭൂരിപക്ഷം പേരും പിന്നോക്കമാണെന്ന് പറയുന്ന കലേക്കർ റിപ്പോർട്ട് രാജ്യം തന്നെ പിന്നാക്കമാണെന്ന് വ്യാഖ്യാനിക്കാനാണ് മാറിമാറിവന്ന കോൺഗ്രസ് സർക്കാരുകൾ ശ്രമിച്ചത്. മണ്ഡൽ ശുപാർശകൾ നടപ്പിലാക്കാനുള്ള വി.പി. സിംഗിന്റെ തീരുമാനം. സംസ്ഥാനങ്ങളിലെ ജാതിപാർട്ടികൾ ശക്തമായി. അതിനിടയിലൂടെ ബിജെപിയും കടന്നുവന്നു. ഹൈന്ദവ ഐക്യം പറഞ്ഞ് മണ്ഡലിനെ കുറച്ചൊക്കെ മറികടക്കാൻ രാമജന്മഭൂമി പ്രസ്ഥാനത്തിലൂടെ വാജ്പേയിക്കാലത്ത് ബിജെപിക്ക് കഴിഞ്ഞു. എങ്കിലും 2014 ലെ ലോക്സഭാ തിരഞ്ഞെടുപ്പുവരെയും ജാതിപാർട്ടികൾ (ബീഹാർ, യുപി തുടങ്ങിയ സംസ്ഥാനങ്ങളിൽ) സ്വാധീനം നിലനിറുത്തി. 2019 ബിജെപി അത് പൊളിച്ചു. ആ നേട്ടം ആവർത്തിക്കാനാവില്ലെന്ന ആശങ്കയാണ് ഇപ്പോൾ ബിജെപിക്കുള്ളത്. സാമൂഹിക നീതിപറഞ്ഞ് ജാതിസെൻസസ് ആവശ്യപ്പെടുന്ന 'ഇന്ത്യ' മുന്നണിയോടും ബീഹാർ ജാതിസർവേയോടുമുള്ള പ്രതികരണങ്ങളാണ് അതിന്റെ തെളിവ്.



സ്വാതന്ത്ര്യത്തിനുശേഷം രാജ്യത്ത് ജാതിയും മതവും തിരിച്ച് ജനങ്ങളുടെ കണക്കെടുത്ത് സാമൂഹിക സാമ്പത്തിക സ്ഥിതി വിവരങ്ങൾ ശേഖരിച്ച് ഡേറ്റ പുറത്തുവിടുന്ന സംസ്ഥാനമാണ് ബീഹാർ. സാമൂഹികവും ചരിത്രപരവുമായ കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റിനിറുത്തപ്പെട്ട പിന്നാക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും ദലിതർ കം ആദിവാസികൾക്കും ജനസംഖ്യാനുപാതികമായി അവകാശപ്പെട്ട അധികാരപങ്കാളിത്തം, ജനായത്ത പ്രാതിനിധ്യം, വികസന വിഹിതം, സാമൂഹിക നീതി എന്നിവയുടെ നിജസ്ഥിതി വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ജാതിസർവേ ഡേറ്റ. ദേശീയതലത്തിൽ ജാതിരാഷ്ട്രീയം ഏറ്റെടുത്ത് ബിജെപിയുടെ ഹിന്ദുത്വ വോട്ടു ബാങ്ക് തകർക്കാൻ കോൺഗ്രസും 'ഇന്ത്യ' പ്രതിപക്ഷസഖ്യവും സർവ സന്നാഹവും ഒരുക്കുകയാണ്. ബീഹാർ ജാതിസർവേയിൽ സംസ്ഥാന ജനസംഖ്യയിൽ 63.13% പേർ ഇതര പിന്നാക്ക ജാതികളാണെന്നും (ഒബിസി) അതിൽ തന്നെ 36.95% പേർ അതിപിന്നാക്കം (ഇബിസി) ആണെന്നും കണ്ടെത്തി. കേന്ദ്രസർക്കാരിന്റെ 90 സെക്രട്ടറിമാരിൽ ഒബിസി വിഭാഗത്തിൽ നിന്ന് മൂന്നുപേർ മാത്രമാണുള്ളതെന്ന് ലോക്സഭയിൽ രാഹുൽ പറഞ്ഞത്, ദേശീയതലത്തിൽ മഹാഭൂരിപക്ഷവും വരുന്ന പിന്നാക്ക വിഭാഗങ്ങൾ നേരിടുന്ന കൊടിയ നീതിയുടെ നേർചിത്രം വരച്ചുകാട്ടുകയായിരുന്നു.

ബിഹാറിൽ കണ്ടതുപോലെ ഒബിസിയുടെ യഥാർത്ഥ കണക്ക് ഓരോ സംസ്ഥാനത്തും പുറത്തുവന്നാൽ, ജനസംഖ്യാനുപാതികമായി തങ്ങൾക്ക് അവകാശപ്പെട്ടതിനേക്കാൾ പതിന്മടങ്ങ് തോതിൽ അധികാരവും ഉദ്യോഗങ്ങളും സമ്പത്തും കൈവശപ്പെടുത്തിയിട്ടുള്ള മുന്നോക്കക്കാരുടെ അവസ്ഥ പുറത്തറിയും. രാജ്യത്തെ ഭരണാധിഷ്ഠിതമായ ചട്ടക്കൂടുകളെയും തകിടം മറിച്ചുകൊണ്ടാണ് മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (ഇഡബ്ല്യൂഎസ്) പത്തുശതമാനം സാമ്പത്തിക സംവരണം മോദി സർക്കാർ 2019 ജനുവരിയിൽ ഭരണഘടനാ ഭേദഗതിയിലൂടെ അവതരിപ്പിച്ചതും കേരളം ധൃതിപിടിച്ച് നടപ്പിലാക്കിയതും. കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ എല്ലാ പിന്നാക്ക വിഭാഗങ്ങൾക്കും ഒരുപോലെയല്ല പിന്നാക്ക അവസ്ഥയുള്ളത്. ചില സമുദായങ്ങൾ സംവരണ തോത് പൂർണമായും പ്രയോജനപ്പെടുത്താൻ ആയതുകൊണ്ട് സംവരണ നഷ്ടം തീരെ കുറവാണ്. അതേസമയം ഉള്ള സംവരണം പോലും ലഭ്യമാക്കാൻ ആകാതെ അതിലും നിരവധി നഷ്ടം വന്നിട്ടുള്ള പിന്നോക്ക സമുദായങ്ങളും പിന്നോക്ക സമുദായ പട്ടികയിലുണ്ട്. (ലത്തീൻ കത്തോലിക്കർ ഉൾപ്പെടെ) ഈ യാഥാർത്ഥ്യം കൂടി കണക്കിലെടുത്തുവേണം തീരുമാനങ്ങൾ എടുക്കേണ്ടത്. ■



# Lenny Peters
*foundation*

"A helping hand here at home & around the world."

LENNY PETERS
*foundation*

*Prayerful Wishes*



# Rt. Rev. Dr. Christudas R.
## on his Silver Jubilee of Priesthood



# 25th PRIESTLY ORDINATION ANNIVERSARY

## Rev. Dr. Christudas Rajappan
## Auxiliary Bishop of Trivandrum



On this special day, we offer our heartfelt appreciation for your years of faithful service. Your selfless acts of love and compassion have touched the hearts of many, and your unwavering faith has been a beacon of hope. May God's blessings be with you today and always.

**HAPPY ORDINATION ANNIVERSARY!**




*Congratulations and Prayerful Wishes*

**Superior General and the Sisters**

**Congregation of the Carmelite Religious (CCR)**

**Generalate, Trivandrum**

*Prayers and best wishes to*

# Rt. Rev. Dr. Christudas R. on his Silver Jubilee of Priesthood



## Carmel Girls Higher Secondary School

Easwaravilasam Rd, Cotton Hill,
Vazhuthacaud, Thiruvananthapuram, Kerala 695014



Pub. Date : 01.11.2023

RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto